Date of publication: 9 ജൂൺ 2015
വോള്യം 9 / ലക്കം 6 / വില 20₹
ISSN 2319 – 9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## വയനാടൻ ആദിവാസി ജീവിതത്തിലൂടെ

# സംഘടിത

ജൂൺ 2015 |വോള്യം 9 |ലക്കം 6

# ഉള്ളടക്കം

12.മരണത്തിനൊപ്പം നടന്ന്
– **സി.ഡി. സരസ്വതി**
16. കണ്ണുനീരിന്റെ നേർസാക്ഷ്യങ്ങൾ
–**പ്രീതാ ജെ. പ്രിയദർശിനി**
19. അമ്പലവയൽ മലയച്ചം കോളനി യിലെ സംഭവങ്ങൾ
– **സി.കെ. ജാനു**
21. ആദിവാസി പ്രശ്നങ്ങൾ പരിഹാര ങ്ങൾ
– **വിജയലക്ഷ്മി അമ്പലവയൽ**
24. ലോകഭൂപടത്തിലെ ദിക്കറിയാത്ത പക്ഷികൾ – **കസ്തൂരിബായി സി.**
26. തനത് പാട്ടുകൾ –**കൃഷ്ണവേണി**




*വയനാട്ടിലെ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ ഭൗതിക–ബൗദ്ധിക അടിമത്തവും ധാർമ്മിക ചെറുത്തുനില്പും* –
**സൂസൻ ഐസക്**




*മത്സ്യത്തൊഴിലാളികളുടെ നിത്യജീവിത സംരക്ഷണ ത്തിന് വേണ്ടുന്ന ശക്തമായ നിയമത്തിന്റേയും ഭരണപര മായ ചട്ടക്കൂടിന്റെയും ആവശ്യകത*
**നളിനി നായ്ക്**

34. സംഘർഷങ്ങളോട് 'ഹലോ' പറയൂ – **മാനസി**
44. പെൺപക്ഷം – **അജിത കെ.**
46. ഉപ്പും മുളകും – **ഗീത**
48. രാഷ്ട്രീയനിരീക്ഷണം – **ജ്യോതിനാരായണൻ**
50.എനിക്ക് പൈത്യമില്ലെ! – **ധനം എൻ.പി.**

53. ബന്ധമോ, ബന്ധനമോ? – **രമണിക്കുട്ടി**
57. ശാസ്ത്രം – **സീമ ശ്രീലയം**
59. നീനമുൻപോട്ട് വയ്ക്കുന്ന വങ്കത്തരങ്ങൾ
– **റീജ ആലീസ്**




*.അരുണ ഷാൻബാഗ്: ഇന്ത്യൻ പെൺജീവിതത്തിന് ചോരകൊണ്ടൊരു വാക്ക്*
– **രഞ്ജിനി ബാല**

എഡിറ്റർ :
ഷീബ കെ.എം.

മാനേജിംഗ് എഡിറ്റർ:
കെ. അജിത

എക്സി.എഡിറ്റർ:
രാജലക്ഷ്മി കെ.എം.

ഗസ്റ്റ് എഡിറ്റർ :
കൃഷ്ണവേണി

പത്രാധിപ സമിതി :
ഡോ. ജാൻസി ജോസ്,
ഗിരിജ പി. പാതേക്കര,
ജ്യോതി നാരായണൻ,
ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത,
ഡോ.ഖദീജ മുംതാസ്,
സുനീത ടി.വി.,
അഡ്വ.കെ.കെ.പ്രീത,
ഷീബാ ദിവാകരൻ,
ഷംഷാദ് ഹുസൈൻ,
കുസുമം ജോസഫ്, സുൽഫത്ത്


സർക്കുലേഷൻ മാനേജർ :
ചാരുലത എ.എസ്.

ഉപദേശകസമിതി :
സുഗതകുമാരി,
പ്രൊഫ. എം. ലീലാവതി,
ഡോ. ശാരദാമണി,
ഡോ. മല്ലികാസാരാഭായ്,
ഡോ. ബീനാപോൾ

ലേഔട്ട് & കവർ:
സുവിജ

പ്രിന്റിംഗ് :
എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്,
0495 2441934, 2442934

സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com



# പത്രാധിപക്കുറിപ്പ്



ഷീബ കെ.എം.

ജൂൺ മാസമായി. വിദ്യാലയങ്ങൾ വീണ്ടും സജീവമാകുന്നു. അറിവു പകരുന്ന അടിസ്ഥാനതലങ്ങൾ എന്ന നിലയിൽ മര്യാദയോടെയുള്ള സ്ത്രീപുരുഷബന്ധങ്ങളുടെ പാഠങ്ങൾ പകർന്നുകൊടുക്കാൻ നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് കഴിയാറുണ്ടോ? ചെറുപ്രായത്തിൽ തന്നെ ഊട്ടിയുറപ്പിക്കപ്പെടുന്ന ലിംഗഭേദത്തിന്റെ പെരുമാറ്റച്ചട്ടങ്ങൾ തമ്മിൽ ചേരാൻ സാദ്ധ്യതയില്ലാത്ത വ്യത്യസ്തധ്രുവങ്ങളായി ആൺപെൺജീവിതങ്ങളെ കുരുന്നുബോധങ്ങളിൽ ആലേഖനം ചെയ്യുന്നു. യൂനിഫോമുകളിലൂടെ, ഇരിക്കുന്ന ഇടങ്ങളിലൂടെ, വിദ്യാർത്ഥികൾക്ക് ലിംഗഭേദാടിസ്ഥാനത്തിൽ നൽകുന്ന ചുമതലകളിലൂടെ, അവരിൽ നിന്ന് പ്രതീക്ഷിക്കുന്ന വ്യത്യസ്ത അറിവിന്റേയും കാര്യക്ഷമതയുടേയും മാനദണ്ഡങ്ങളിലൂടെ എല്ലാം ഈ വേർതിരിവ് പറിച്ചെറിയാനാവാത്തവിധം ജീവിതക്രമങ്ങളിലേക്ക് വേരോടുന്നു. യൂണിഫോമിനടിയിലായാൽപ്പോലും എത്തിനോട്ടങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടണം എന്ന മട്ടിൽ നാലുവയസ്സുകാരിയുടെ തുടകൾ പോലും ടൈറ്റ്സ് ഇട്ട് മറയ്ക്കാൻ നിഷ്കർഷിക്കുന്ന ശരീരബോധങ്ങളിലാണ് പല സ്കൂളുകളും പ്രവർത്തിക്കുന്നത്. ആൺനോട്ടങ്ങളെ സദാചാരശിക്ഷണത്തിനപ്പുറം മാതൃകാപരമായി തടയാനും പെൺകുട്ടികളിൽ ശരീരാഭിമാനം വളർത്താനും ഉതകുന്നതാവണം വിദ്യാലയക്രമങ്ങൾ. മുതിർന്ന കുട്ടികൾക്ക് ലൈംഗികവിദ്യാഭ്യാസവും കൗൺസലിങ്ങും നിർബന്ധമാക്കുകയും വേണം. പരസ്പരബഹുമാനം വളർത്താനും സഹവർത്തിത്വത്തോടെ ജീവിക്കാനും ആൺകുട്ടികളെയും പെൺകുട്ടികളെയും സജ്ജരാക്കേണ്ടതിന്റെ ആവശ്യകത ഗൗരവമായി തിരിച്ചറിയപ്പെടണം.

വിദ്യാഭ്യാസമേഖലയിലെ ലിംഗഭേദപ്രശ്നങ്ങൾ വലുതാണെങ്കിൽ അതിനേക്കാൾ ഗൗരവമുള്ളതാകുന്നു വിദ്യാഭ്യാസം സ്വപ്നം കാണാൻ പോലുമാവാതെ ജീവിതസാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ തൊഴിലെടുക്കാൻ പ്രേരിപ്പിക്കപ്പെടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ. കുടുംബത്തിന്റെ പട്ടിണിയെങ്കിലും മാറുമല്ലോ എന്ന താൽക്കാലിക യുക്തി. ദാരിദ്ര്യം പരിഹരിക്കാൻ മുൻകൈ എടുക്കാത്ത ഭരണകൂടത്തെ കുറ്റവിമുക്തമാക്കുക മാത്രമാണ് ചെയ്യുന്നത്. ബാലവേലയ്ക്കെതിരെയുള്ള പോരാട്ടങ്ങളെ മുൻനിർത്തി നൊബേൽ സമ്മാനം കൈലാഷ് സത്യാർത്ഥി സ്വീകരിച്ചതിന് ഏതാനും മാസങ്ങൾക്കുള്ളിൽ ചില മേഖലകളിലെങ്കിലും ബാലവേല നിയമാനുസൃതമാക്കിക്കൊണ്ടുള്ള തീരുമാനം സർക്കാർ എടുത്തത് തികഞ്ഞ വിരോധാഭാസവും അത്യന്തം അപലപനീയവുമാണ്. വീട്ടുവേലയിലും മറ്റു അസംഘടിതമേഖലയിലും എത്തപ്പെടുന്ന ധാരാളം പെൺകുട്ടികളുടെ ജീവിതങ്ങൾ അദ്ധ്വാനഭാരം കൊണ്ടും ലൈംഗികചൂഷണം കൊണ്ടും നരകതുല്യമായിത്തീരുന്നതിന് നാമിപ്പോൾത്തന്നെ ദൃക്സാക്ഷികളാണ്. ഇതിനെതിരെ പ്രതിരോധങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

വയനാട്ടിലെ ആദിവാസിജീവിതങ്ങളിലേക്കുള്ള ചില കാഴ്ചകളാണ് കൃഷ്ണവേണി സമ്പാദകയായ ഈ ലക്കം സംഘടിതയിലുള്ളത്. കൊളോണിയൽ കാലം മുതൽ കാടിന്റെ അധിപർ എന്ന സ്ഥാനത്തുനിന്ന് ക്രമമായി പുറംതള്ളപ്പെട്ട ആദിവാസികൾക്ക് പിന്നീട് കുടിയേറ്റക്കാരോടും പരാജയപ്പെടേണ്ടിവന്നു. നാഗരികതയുടെ സംസ്കാരശീലങ്ങളിലേക്ക് ആദിവാസിയെ പരിവർത്തിപ്പിച്ചെടുക്കാനുള്ള ഭരണകൂടനയങ്ങളും ആദിവാസിജീവിതത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാതിരിക്കാൻ കാരണമായി. ആദിവാസി ജീവിതക്രമങ്ങളെയും ലോകവീക്ഷണങ്ങളേയും ഉൾക്കൊള്ളാതെ ആവിഷ്കരിക്കപ്പെടുന്ന അനേകം കോടികളുടെ പദ്ധതികൾ ഗുണഭോക്താക്കളാവേണ്ടുന്ന ആദിവാസികൾക്കൊഴിച്ച് മറ്റു പദ്ധതിനടത്തിപ്പുകാർക്കൊക്കെ ഗുണം ചെയ്യുന്നുണ്ടാവാം. ഭൂമി എന്ന അടിസ്ഥാന ആവശ്യം അനുവദിച്ചുകിട്ടിയാൽ വലിയൊരളവോളം പരിഹരിക്കപ്പെടുന്നതാണ് ആദിവാസി പ്രശ്നങ്ങൾ. അതുമാത്രം നൽകാതെ അവർക്ക് ഉതകാത്ത മട്ടിലുള്ള വീടുകൾ, ഭക്ഷണപദാർത്ഥങ്ങൾ, തൊഴിൽപദ്ധതികൾ, കുടിവെള്ള പദ്ധതികൾ എന്നിവയിൽ ആദിവാസിക്ഷേമ പദ്ധതികളൊരുക്കി സർക്കാർ കൃത്യമായ അവഗണനയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്.

ആദിവാസികൾ നഗരങ്ങളിൽ ജീവിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഒന്നുകിൽ 'അയ്യോ പാവം' എന്ന വിശേഷണത്തിൽ അല്ലെങ്കിൽ 'ആഹാ സുന്ദരം' എന്ന സൗന്ദര്യാസ്വാദനത്തിൽ കുടുങ്ങിപ്പോയ ജീവിതങ്ങളാണ്. മടിയന്മാരും മദ്യപാനികളും നാളെയ്ക്കുവേണ്ടി സമ്പാദിക്കാത്തവരുമൊക്കെയായ വാർപ്പുമാതൃകകളുടെ അപരത്വങ്ങളിൽ നമ്മളവരെ നിരന്തരം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. മുതലാളിത്തം ആവശ്യപ്പെടുന്ന ധനസമ്പാദനവും കാര്യക്ഷമതയും ഒരു പക്ഷേ ആവശ്യം പോലുമില്ലാത്ത ജീവിതക്രമങ്ങളുടെ ഉടമകളായി കർതൃത്വങ്ങളുള്ള ജീവിതങ്ങളായി നാം ആദിവാസികളെ അംഗീകരിച്ചേ മതിയാവൂ. ഇത്തരം ചർച്ചകൾ സജീവമാകട്ടെ എന്ന പ്രതീക്ഷയിൽ സംഘടിത ജൂൺലക്കം സമർപ്പിക്കുന്നു.

## ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്



കൃഷ്ണവേണി

# നാം ഗോത്രങ്ങളോട് ചെയ്യുന്നത്

പ്രകൃതിയോട് ഇണങ്ങിച്ചേർന്ന് അതിന്റെ ചലനങ്ങളിൽ നിന്നും ഋതുഭേദങ്ങളിൽ നിന്നും ഒട്ടും വ്യതിചലിക്കാതെ, മണ്ണിനേയും മരങ്ങളേയും ഒട്ടും നോവിക്കാതെ ഒരു ജനസമൂഹം വയനാട്ടിൽ ജീവിച്ചിരുന്നു. പാക്കം ആസ്ഥാനമാക്കി ജീവിച്ചുവന്ന വേടവംശജരെ ചതിയിൽപ്പെടുത്തിയാണ് ചുരം കയറി വന്ന സവർണർ അടിമകളാക്കിയതെന്ന് ചരിത്രം പറയുന്നു. അത് ആദിവാസിയുടെ ചരിത്രമാണ്. ചരിത്രരചനകൾ എപ്പോഴും അധികാരത്തിന്റേയും സമ്പത്തിന്റേയും ഒപ്പമായിരുന്നു. എങ്കിലും ചില നേരുകൾ ഒരിക്കലും ഒളിച്ചുവെക്കാനാവാതെ മിന്നിപ്പൊലിയും. തീർച്ചയായും അത് ആരുടെയെങ്കിലും കണ്ണിൽപ്പെടുകയും ചെയ്യും.

ചരിത്രത്തിന്റെ തെറ്റുകൾക്കാവട്ടെ, അന്നന്ന് മാത്രമേ പ്രസക്തിയും പരിഹാരവും ഉള്ളൂ എന്നതാണ് സത്യം. ചരിത്രത്തിന്റെ തെറ്റുകൾ തിരുത്തുക എന്ന പേരിൽ ഇന്നുനടക്കുന്ന പ്രഹസനങ്ങളെ നാം തിരിച്ചറിയേണ്ടതുണ്ട്. അതിന്റെ ശരിയായ ഉപഭോക്താക്കൾ ആരെന്നും നാം അറിയണം. അവർക്ക് വേണ്ടി സംസാരിക്കുന്നതുപോലും മേലാളരാണ്.

ഗോത്രജീവിതത്തിൽ നിന്നും കുടുംബജീവിതത്തിലേക്കും നാഗരികജീവിതത്തിലേക്കും പടിപടിയായി മാറുന്ന ആദിവാസിസമൂഹം നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. മണ്ണിനേയും പെണ്ണിനേയും ഒരേ പോലെ നശിപ്പിച്ച് സ്വന്തമാക്കാനുള്ള നാഗരികന്റെ ആക്രമണത്തിനു മുന്നിൽ പിടിച്ചുനിൽക്കാൻ നിഷ്കളങ്കരായ അവർക്ക് കെല്പില്ല. മണ്ണിനും പെണ്ണിനും വേണ്ടിയുള്ള ചെറുത്തുനില്പുപോലും തെറ്റായി വ്യാഖ്യാനിക്കപ്പെടുന്നു. ഒരുതുണ്ട് ഭൂമിയോ അന്നന്ന് വക കഴിക്കാനുള്ള മാർഗ്ഗങ്ങളോ ഇല്ലാതെ കോളനികളിൽ തേനീച്ചകളെപ്പോലെ അവർ കഴിയുന്നു. കുട്ടികൾ ഏറെയും പഠനത്തിനിടയിൽ ഇന്നും കൊഴിഞ്ഞുപോകുന്നു, പ്രത്യേകിച്ച് പണിയവിഭാഗങ്ങളിൽ.

മദ്യമാണ് മറ്റൊരു എതിരാളി. എത്രയോ ആദിവാസിയുവാക്കൾ മദ്യത്തിനടിമകളായി മരിച്ചുപോവുകയോ മരിച്ചതിനുതുല്യം ജീവിക്കുകയോ ചെയ്യുന്നു. ജോലിയും കൂലിയും മോഹിച്ച് കേരളത്തിന് പുറത്തുപോകുന്ന കുട്ടികളും യുവാക്കളും നരകയാതനകൾക്ക് ശേഷം തികഞ്ഞ മദ്യപാനികളായി തിരിച്ചു വരുന്നു. ആദിവാസിവീടുകളിലെ പെൺകുഞ്ഞുങ്ങൾ പീഡനങ്ങൾ അനുഭവിക്കുന്നു. സി.കെ.ജാനുവിന്റെ ഒറ്റയാൾ പോരാട്ടം ഈയവസ്ഥത്തിൽ ശ്രദ്ധേയമാണ്.

ന്യൂനപക്ഷവും സർക്കാരിന്റെ യാതൊരു സംവരണവും ഇല്ലാത്തവരുമായ ചെട്ടിവിഭാഗം ഒരു കാലത്ത് നല്ല കർഷകരായിരുന്നു. പ്രായേണ അരോഗരും സമ്പന്നരുമായിരുന്നു അവർ. എന്നാൽ കൃഷികൾ, പ്രത്യേകിച്ച് നെൽകൃഷി നശിച്ചതോടെ അവർ ദരിദ്രരും രോഗാതുരരുമാണ്. അരിവാൾ രോഗമെന്ന ജനിതകരോഗമാണ് അവരെ തളർത്തുന്നത്. മരണം മുന്നിലാണെന്നറിഞ്ഞിട്ടും സരസ്വതി സി.ഡി, വിജയലക്ഷ്മി എന്നീ സ്ത്രീസാന്നിദ്ധ്യങ്ങളാണ് അവരെ ഒരുമിച്ച് നിർത്തുന്നതും അവർക്കുവേണ്ടി പോരാടുന്നതും എന്നത്  ശ്രദ്ധേയമാണ്.

ഏറെ ആദിവാസി വംശങ്ങൾ തന്നെ നശിച്ചുപോയതായി കണക്കുകൾ പറയുന്നു. പ്രാക്തനഗോത്രവിഭാഗങ്ങൾക്ക് സമ്പന്നമായ സംസ്ക്കാരവും വാമൊഴിപാട്ടുകളും ഉണ്ട്. ലിപിയില്ലാത്ത അവരുടെ ഭാഷ തന്നെ നശിച്ചികൊണ്ടിരിക്കുന്നു. അവ ഓർത്തെടുത്ത് ചിലതെങ്കിലും പുസ്തകരൂപമാക്കിയ ആദിവാസിയുവസംഘടന (വെറ്റ്കോസ്)യുടെ പ്രവർത്തനവും പ്രശംസയർഹിക്കുന്നു.

ഇത് വയനാടൻ ആദിവാസി ജീവിതത്തിലേക്ക് ഒരെത്തിനോട്ടം മാത്രമാണ്. പശ്ചിമഘട്ടമലനിരകളിൽ അങ്ങോളമിങ്ങോളം അവരുണ്ട്. ആരാലും ശ്രദ്ധിക്കപ്പെടാതെ അവർ ജീവിക്കുന്നുണ്ട്. കാട് ഇല്ലാതെയാകുമ്പോൾ നാട്ടിലേക്കിറങ്ങുന്ന വന്യമൃഗത്തെപ്പോലെ കണ്ണുകളിൽ ദൈന്യതയും നിസ്സഹായതയും നിറച്ച് അവരും നമ്മുടെ മുന്നിൽ നിൽക്കുന്നു.

പ്രകൃതിയുടെ പ്രതിഭാസങ്ങൾക്കു നേരെ നിസ്സഹായനായ മനുഷ്യന് ഒന്നും ചെയ്യാനാവില്ല. എങ്കിലും ആദിവാസി പ്രശ്നങ്ങളിൽ തീർച്ചയായും ആത്മാർത്ഥമായ പഠനങ്ങളും പരിഹാരങ്ങൾ തേടലും ആവശ്യമാണ്.

സംഘടിതയുടെ ശ്രമം അതിലേക്കുള്ള ആദ്യപടിയാകട്ടെ.



# വയനാട്ടിലെ ഭൂമി നഷ്ടപ്പെട്ട ആദിവാസികളുടെ ഭൗതിക-ബൗദ്ധിക അടിമത്തവും ധാർമ്മിക ചെറുത്തുനില്പും



**സൂസൻ ഐസക്**

“ചെമ്മിന കാലത്തു ചെമ്മിയെ പോടിച്ചാഞ്ഞ് ഇന്റെ യെങ്കിലും തീച്ചിക്കൊഞ്ചും തേടു ഞ്ചേങ്കു പാടുകാണിയിന്ത. കപ്പയും വാഴയും മുത്താരിയും തിനയും കരനെല്ലുമൊക്കെ ഉണ്ടാക്കിഞ്ചേങ്കു ആവശ്യത്തേങ്കു തലം ഉണ്ടായിന്ത. ചാവു അടാ ക്കിഞ്ചേക്കും, ചൊപ്പും കാട്ടുകി യാങ്ങുമൊക്കെ ഇട്ടം പോലെ കിട്ടുവാ ഇള കാടും മലയു മൊക്കെ ഇത്ത. ഇപ്പ അവെ ഒക്കെ മാളികയും, റോഡു മൊക്കെ ആത്ത. ഒക്ക താകെന്തു വന്ത ആൾക്കാരൊക്കെ കയ്യടക്കി. ഇപ്പോ എങ്കാക്കു ആ സ്ഥലത്തു കൂടി നടപ്പാ കൂടി അവരെ പോടി ക്കാണു. ആ വഴിക്കൊക്കെ പോയാലു കള്ളന്മാരാഞ്ചെ പറ വേരു.”* വയനാട്ടിലെ മാനന്തവാടി ക്കടുത്തുള്ള ഇടവക പഞ്ചായ ത്തിലെ ഒരു പണിയ കുടുംബനാഥ യുടെ വാക്കുകളാണിവ. എന്റെ പി. എച്ച്.ഡി പഠനത്തിനായി വയനാ ട്ടിലെ പണിയ കുറിച്ച്യ വിഭാഗ ങ്ങളിൽപ്പെട്ട ആദിവാസികളുമായി സംഭാഷണത്തിലേർപ്പെട്ടപ്പോൾ അവർ പങ്കുവെച്ച ഭൗതിക, ബൗദ്ധിക അടിമത്തത്തിന്റേയും ചെറുത്തുനില്പിന്റേയും അനുഭവ ങ്ങളാണ് ഈ ലേഖനത്തിൽ വിവ രിക്കുന്നത്.

ആദിവാസികൾക്കൊപ്പം കോള നിയിൽ താമസിച്ചപ്പോൾ അറി യാൻ കഴിഞ്ഞു ഓരോ കുടുംബ ത്തിന്റേയും സ്വകാര്യ നെടുവീർപ്പു കൾ. രണ്ടിലനുള്ളി കറിവെ യ്ക്കാൻ, നുറക്കിഴങ്ങു മാന്താൻ,

ഒരു കഞ്ഞിക്ക് വിറകെടുക്കാൻ, തങ്ങളുടെ മരിച്ചവരെ സംസ്ക്കരിക്കാൻ ഇനിയെവിടെപ്പോകും? തൊട്ടടുത്ത പറമ്പിൽ വിറകുശേഖരിക്കാൻ പോയപ്പോൾ അത് അവിടെക്കിടന്ന് ചിതലെടുത്ത് വളമായിക്കോളും, എടുക്കരുത് എന്ന് നിഷ്കർഷിച്ച സ്വകാര്യസ്വത്തുടമയുടെ ഹുങ്കും ഒരാദിവാസി സ്ത്രീ അവജ്ഞയോടെ പങ്കുവയ്ക്കുകയുണ്ടായി. ഒരു കർഷകന്റെ തോട്ടത്തിൽ തൊഴിലുറപ്പു പണിക്കു പോയപ്പോൾ ഭക്ഷണാവശ്യത്തിനു വേണ്ടി ആ കർഷകൻ ഉപയോഗിക്കാറില്ലാത്ത നുറക്കിഴങ്ങു മാന്താൻ അനുവദിക്കാതിരുന്നതും അത് ആരും കാണാതെ മാന്തിയെടുത്ത് ഒളിപ്പിച്ച് വെച്ച് പുഴുങ്ങിത്തിന്ന വീരകൃത്യവും ഒരു പണിയ യുവാവു വിവരിച്ചു. "ഞങ്ങൾ ഭൂമിയിലുണ്ടാകുന്ന ഇതു പോലുള്ള വിഭവങ്ങളേ എടുക്കാറുള്ളൂ, മറ്റുള്ളവരെപ്പോലെ കർഷകർ കൃഷി ചെയ്തുണ്ടാക്കുന്ന സാധനങ്ങളോ സ്വർണ്ണമോ വെള്ളിയോ ഒന്നും എടുക്കാറില്ല" പണിയ യുവാവു വിശദീകരിച്ചു. ആദിവാസികളുടെ ഓർമ്മകൾ കൂട്ടിവെച്ചപ്പോൾ അവർ വായ്മൊഴിയായി ശേഖരിച്ചു വെച്ചിട്ടുള്ള തെളിവുകൾ അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്, അടിമത്ത കാലത്തെപ്പോലെ ശാരീരിക മർദ്ദനങ്ങൾ ഏല്ക്കേണ്ടി വരുന്നില്ല. എങ്കിൽക്കൂടി ഭൂമിയുടെ മേലുള്ള അവരുടെ അവകാശത്തേയും സ്വാതന്ത്ര്യത്തേയും മുൻനിർത്തി പറയുകയാണെങ്കിൽ പഴയതിലും തീവ്രമായ അടിമത്തവും ആശ്രിതത്വവുമാണ് ഇന്ന് വയനാട്ടിലെ പണിയരും അടിയാരുമൊക്കെ അനുഭവിക്കുന്നത് എന്നാണ്.

മുമ്പിലുള്ള ഒരു റബ്ബർതോട്ടം ചൂണ്ടി ഇടവക പഞ്ചായത്തിലെ ഒരാദിവാസി അമ്മ പറഞ്ഞു: ഇത് ഞങ്ങളുടെ 'ചാവ് അടാക്കിഞ്ചെ തലമായിരുന്നു' (ശവം മറവു ചെയ്യുന്ന സ്ഥലം); 'ചാമി(ജന്മി) യും, അധികാരി (വില്ലേജ് ഓഫീസർ)യും കൂടി വന്ന് ഞങ്ങടെ മൂപ്പനെക്കൊണ്ട് വെള്ളക്കടലാസിൽ കയ്യൊപ്പിടീച്ച് അത് വിറ്റു'. കുറച്ചു ദൂരേക്കു കൈ ചൂണ്ടി അവർ പറഞ്ഞു: "അതൊക്കെ ഞങ്ങൾ കാട്ടുകിയാങ്ങും കൊള്ളിയുമൊക്കെ ശേഖരിച്ച സ്ഥലങ്ങളായിരുന്നു. ഇന്നവിടെയൊക്കെ മാളികകളാണ്." പള്ളിയും മതസ്ഥാപനങ്ങളുമൊക്കെ സ്ഥിതി ചെയ്യുന്ന ആ സ്ഥലത്തെക്കുറിച്ച് ആ പ്രദേശത്തുള്ള ആദ്യകാല കുടിയേറ്റ കർഷകരോടന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത് ഏകദേശം 45 വർഷങ്ങൾക്കു മുമ്പ് 35 ഏക്കർ വിസ്തൃതിയുള്ള ആ സ്ഥലം കുറ്റിക്കാടുകൾ നിറഞ്ഞ മൊട്ടക്കു



ന്നായിരുന്നു എന്നാണ്. ആ ഭൂമി സി.കെ.നാരായണൻനായർക്ക് പഴശ്ശിരാജാവിന്റെ കാലത്ത് വാക്കാൽ ചാർത്തിക്കിട്ടിയിരുന്നു. പിന്നീട് ഭൂപരിഷ്ക്കരണ നിയമം വന്നപ്പോൾ ഭൂമി തരിശിടാൻ പാടില്ല എന്ന നിയമം വരികയും അത് നിക്ഷിപ്തവനഭൂമിയായി ഗവൺമെന്റ് ഏറ്റെടുത്ത് ഫോറസ്റ്റു ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിക്കുകയും ചെയ്തു. ജന്മി, സി.കെ.നാരായണൻ നായർ, അത് തന്റെ ജന്മം ഭൂമിയായി പരിഗണിച്ച് അന്നത്തെ തലശ്ശേരി ബിഷപ്പിനു വിറ്റു. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കേസ് ഫയൽ ചെയ്തപ്പോൾ കോടതിയിൽ നിന്ന് ജുഡീഷ്യൽ കമ്മീഷനെ അന്വേഷണത്തിനു നിയോഗിച്ചു. ഉടനടി തന്നെ ബിഷപ്പ് കുടിയേറ്റ കർഷകരെ വിളിച്ചുകൂട്ടി അവിടെ വാഴയും കാപ്പിയും തെങ്ങും കുഴിച്ചുവെപ്പിച്ചു. കമ്മീഷൻ അന്വേഷണത്തിന് സ്ഥലം സന്ദർശിച്ചപ്പോൾ തൂമ്പയും പിടിച്ചു നിന്ന കുടിയേറ്റ കർഷകർ പറഞ്ഞു- ഇത് ഞങ്ങൾ കൃഷിചെയ്തിരുന്ന സ്ഥലമാണെന്ന്. അങ്ങനെ ബിഷപ്പിന് അനുകൂലമായി വിധി വന്നു. ഇതുപോലെ മറ്റിടങ്ങളിലും ആദിവാസികളുപയോഗിച്ചിരുന്ന പൊതുസ്ഥലങ്ങളിൽ സ്കൂളുകളും വീടുകളും കോളേജുകളും പള്ളികളും മോസ്ക്കുകളും അമ്പലങ്ങളുമൊക്കെ സ്ഥിതി ചെയ്യുന്നതിനെക്കുറിച്ച് ആദിവാസികൾ പറഞ്ഞു. ആദിവാസി ഓർമ്മകളിൽ ഇവയൊക്കെ അവർ യഥേഷ്ടം വിഭവശേഖരണം നടത്തിയിരുന്ന പൊതുഭൂമികളും കാടുകളുമൊക്കെ ആയിരുന്നെങ്കിലും അവരുടെ ചരിത്രമുറങ്ങുന്ന ഓർമ്മകൾക്ക് നിയമവ്യവസ്ഥയിലോ, പൊതുസമൂഹത്തിന്റെ ഓർമ്മകളിലോ ഇന്നു സ്ഥാനമില്ല.

1940 കൾ വരെ വയനാട്ടിൽ ഭൂരിപക്ഷമായിരുന്ന ആദിവാസി ജനത ഇന്ന് ന്യൂനപക്ഷമായതിന്റെ ചരിത്രം വയനാട്ടിലെ അനാദിവാസികൾക്കും മതസാമൂഹ്യപ്രസ്ഥാനങ്ങൾക്കും ഒക്കെ അറിയാമെങ്കിലും അവരാരും തന്നെ ആദിവാസികളുടെ ഭൂപ്രശ്നത്തിന് സ്ഥായിയായ പരിഹാരം തേടാൻ തയ്യാറാകുന്നില്ല. പക്ഷേ കുടിയേറ്റം അന്യാധീനപ്പെടുത്തിയ ആദിവാസിക്ക് ഭൂമി ലഭ്യമാക്കുവാൻ വയനാട്ടിലെ ഓരോ അനാദിവാസിക്കും, മതസാമൂഹ്യപ്രസ്ഥാനങ്ങൾക്കും ഉത്തരവാദിത്വമുണ്ട് എന്ന് ആദിവാസി പറച്ചിലുകൾ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

ചരിത്രം പരിശോധിച്ചാൽ നമുക്കറിയാൻ സാധിക്കുന്നത് ആദിവാസികളുടെ സാംസ്കാരിക വൈവിധ്യം പരിഗണിക്കാതെയാണ് ബ്രിട്ടീഷ് സ്വകാര്യസ്വത്തവകാശം ഇന്ത്യയിൽ നടപ്പാക്കിയതെന്നാണ്. തങ്ങളുടെ അസ്തിത്വത്തിന്റെ തന്നെ ഭാഗമെന്ന നിലയിൽ ആദിവാസികൾ കാത്തുസൂക്ഷിച്ചുപയോഗിച്ച് സംരക്ഷിച്ചുപോന്ന ഭൂമി. ആ ഭൂമിയുമായുള്ള അവരുടെ പരമ്പരാഗത ബന്ധത്തിന്റേയും അവകാശത്തിന്റേയും നൈതികതയെ സമന്വയിപ്പിക്കാതെ ഫ്യൂഡൽവ്യവസ്ഥയുടെ ചുവടുപിടിച്ച് ബ്രിട്ടീഷ് നിയമം ജന്മികളെ ഭൂമിയുടെ യഥാർത്ഥ അവകാശികളായി അവരോധിച്ചപ്പോൾ ആദിവാസിക്കു ഭൂമി അന്യാധീനപ്പെട്ടു. ബ്രിട്ടീഷ് നിയമത്തിന്റെ ചുവടുപിടിച്ച് പൊതുഭൂമികൾ (common)ആരുടേയും സ്വകാര്യസ്വത്തല്ല എന്നതിന്റെ പേരിൽ സർക്കാർ കണ്ടുകെട്ടിയപ്പോൾ വനങ്ങൾ റിസേർവ്വ് വനങ്ങളും സംരക്ഷിതവനങ്ങളും വന്യജീവിസങ്കേതങ്ങളുമായി പരിണമിച്ചപ്പോൾ, പരിധിയില്ലാതെ തോട്ടങ്ങൾക്കു വേണ്ടി ഭൂമി വിട്ടുകൊടുത്തപ്പോൾ ഒക്കെ ആദിവാസിക്കു ഭൂമി അന്യാധീനപ്പെട്ടു.



1940 കൾ വരെ വയനാട്ടിൽ ഭൂരിപക്ഷമായിരുന്ന ആദിവാസി ജനത ഇന്ന് ന്യൂനപക്ഷമായതിന്റെ ചരിത്രം വയനാട്ടിലെ അനാദിവാസികൾക്കും മതസാമൂഹ്യപ്രസ്ഥാനങ്ങൾക്കും ഒക്കെ അറിയാമെങ്കിലും അവരാരും തന്നെ ആദിവാസികളുടെ ഭൂപ്രശ്നത്തിന് സ്ഥായിയായ പരിഹാരം തേടാൻ തയ്യാറാകുന്നില്ല. പക്ഷേ കുടിയേറ്റം അന്യാധീനപ്പെടുത്തിയ ആദിവാസിക്ക് ഭൂമി ലഭ്യമാക്കുവാൻ വയനാട്ടിലെ ഓരോ അനാദിവാസിക്കും, മതസാമൂഹ്യപ്രസ്ഥാനങ്ങൾക്കും ഉത്തരവാദിത്വമുണ്ട് എന്ന് ആദിവാസി പറച്ചിലുകൾ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

വീണ്ടും രണ്ടാംലോകമഹായുദ്ധത്തിനു ശേഷമുണ്ടായ ക്ഷാമത്തെ നേരിടാൻ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കാൻ ആഹ്വാനം ചെയ്ത സർക്കാർ നയത്തിന്റെ പിൻബലത്തിൽ കൃഷിയോഗ്യമായ ഭൂമി ധാരാളമുണ്ടായിരുന്ന വയനാട്ടിലേക്ക് തുടർച്ചയായി നടന്ന കുടിയേറ്റത്തോടെ വയനാട്ടിലെ ഓരോതുണ്ട് ഭൂമിയും സ്വകാര്യഭൂമിയായി. വയനാട്ടിലെ ആദിവാസികൾ സ്വന്തമെന്നതുപോലെ ഉപയോഗിച്ചിരുന്ന ഇടങ്ങളെല്ലാം പടിപടിയായി അവർക്ക് അന്യമായി.

കേരള ഭൂപരിഷ്കരണനിയമം അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു ഭൂമി എന്ന മുദ്രാവാക്യമാണുയർത്തിയതെങ്കിലും പാട്ടക്കുടിയാന്മാർക്കും വൻകിട തോട്ടമുടമകൾക്കും ചാരിറ്റബിൾ ട്രസ്റ്റുകൾക്കുമൊക്കെയാണ് പ്രധാനമായും ഭൂമി ലഭിച്ചത്. വയനാട്ടിലെ ആദിവാസികൾക്ക് അവരുപയോഗിച്ചിരുന്ന പൊതുഭൂമികൾ പോലും നഷ്ടമായി എന്നതും ചരിത്രയാഥാർത്ഥ്യമാണ്. ആദിവാസി ഭൂരഹിതരുടെ എണ്ണം അടിയ്ക്കടി വർദ്ധിക്കുമ്പോഴും പാട്ടക്കാലാവധി പിന്നിട്ട തോട്ടഭൂമികൾ സർക്കാർ ഏറ്റെടുക്കുന്നില്ല എന്നു മാത്രമല്ല, നിയമസാധുതയില്ലാതെ വൻകിടതോട്ടമുടമകൾ കയ്യേറിയിരിക്കുന്ന അധികഭൂമി പോലും ഏറ്റെടുത്ത് പുനർവിതരണം ചെയ്യാൻ ഭരണകൂടത്തിനു സാധിക്കാത്ത ഒരവസ്ഥാവിശേഷം നിലനിൽക്കുന്നു. പ്ലാന്റേഷനായി രജിസ്ട്രർ ചെയ്തിട്ടുള്ള മിച്ചഭൂമി കൂടാതെ പ്ലാന്റേഷൻ രജിസ്ട്രേഷനിൽ പെടാതെ കൈവശം വെച്ചിരിക്കുന്ന അധികഭൂമി (untitled excess land) പോലും തോട്ടമുടമകൾ കൈവശം വെച്ചനുഭവിക്കുന്നു എന്നു തെളിയിക്കപ്പെട്ടിട്ടും ഭൂമി ഏറ്റെടുത്ത് പുനർവിതരണം ചെയ്യാൻ സർക്കാരിനു കഴിഞ്ഞിട്ടില്ല. 1973 മുതൽ വൻകിട തോട്ടമുടമകൾക്കെതിരെ കേസുകൾ നിലവിലുണ്ടെങ്കിലും കോടതി സ്റ്റേ ഓർഡറിന്റെ പിൻബലത്തിൽ പണക്കൊഴുപ്പിന്റെ അധികാരത്തിൽ അവർ ഭൂമിയിൽ അവകാശം സ്ഥാപിച്ച് അനുഭവിക്കുന്നു. നിയമസംസ്ഥാപനം പലപ്പോഴും ധർമ്മസംസ്ഥാപനത്തിലേക്കു നയിക്കാതെ ബുദ്ധിയുടെ, യുക്തിയുടെ പണക്കൊഴുപ്പിന്റെ ഒക്കെ ഒരു വ്യായാമമായി മാറുന്നതിന്റെ തെളിവുകളാണിവയെല്ലാം. മനുഷ്യാവകാശങ്ങളേയും ഭൂധാർമ്മികതയെയുമൊക്കെ ഒരു നിയമവ്യവസ്ഥയിൽ സന്നിവേശിപ്പിച്ച് പരിഹാരം തേടുമ്പോൾ അതിന്റെ അന്തഃസത്ത നശിക്കാതെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസി ജീവിതത്തെ, അവരുടെ സംസ്ക്കാരത്തെ തിരിച്ചുപിടിക്കാൻ കെല്പുള്ള ഒരു ഭൂധാർമ്മികത ഇവിടെ ഉയർന്നുവരേണ്ടതുണ്ട്.

ആദിവാസികൾ വിഭവങ്ങൾക്കായി ആശ്രയിച്ചിരുന്ന പൊതുഭൂമികൾ സർക്കാർ റവന്യൂ ഭൂമിയായി പിടിച്ചെടുക്കുകയും അത് വീണ്ടും വൻകിട തോട്ടമുടമകളും മറ്റു സ്വകാര്യസ്ഥാപനങ്ങളും കൈക്കലാക്കിയതും ഭൂപരിഷ്ക്കരണ നിയമത്തിലെ വൈരുദ്ധ്യമാണ്. വൻകിടതോട്ടമുടമകളുടെ ഈ തട്ടിപ്പ് പുറത്തു വന്നപ്പോഴാണ് ഭൂരഹിതരായ ആദിവാസികളും കർഷകത്തൊഴിലാളികളുമൊക്കെ തോട്ടങ്ങളുടെ കൈവശമുള്ള അധികഭൂമികളിൽ കയ്യേറി കുടിൽ കെട്ടിയത്. ഈ ഭൂമിയുടെ യഥാർത്ഥ അവകാശികൾ നിയമപരമായി ഭൂരഹിതരായ കയ്യേറ്റക്കാരാണങ്കിലും പോലീസ് അവരെ അവിടെ നിന്ന് അടിച്ചിറക്കിയ കഥകൾ ആദിവാസികൾ പങ്കുവെച്ചു.



മനുഷ്യാവകാശങ്ങളേയും ഭൂധാർമ്മികതയെയുമൊക്കെ ഒരു നിയമവ്യവസ്ഥയിൽ സന്നിവേശിപ്പിച്ച് പരിഹാരം തേടുമ്പോൾ അതിന്റെ അന്തഃസത്ത നശിക്കാതെ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആദിവാസി ജീവിതത്തെ, അവരുടെ സംസ്ക്കാരത്തെ തിരിച്ചുപിടിക്കാൻ കെല്പുള്ള ഒരു ഭൂധാർമ്മികത ഇവിടെ ഉയർന്നുവരേണ്ടതുണ്ട്.



പാർട്ടിയുടെ പിൻബലമുള്ള ചില ആദിവാസികൾക്കൊക്കെ കയ്യേറിയ ഇടങ്ങളിൽ പിടിച്ചു നിൽക്കാൻ സാധിക്കുന്നുണ്ടെന്നല്ലാതെ വയനാട്ടിലെ ഭൂരഹിതരായ ആദിവാസികൾ ഇന്നും 'ആശിക്കും ഭൂമി ആദിവാസിക്ക്' പദ്ധതിയിൽ അപേക്ഷയും കൊടുത്ത് കാത്തിരിക്കുന്നു.

1990-കൾ മുതൽ ആദിവാസികളുടെ നേതൃത്വത്തിൽ ഭൂമിക്കു വേണ്ടിയുള്ള ചെറുത്തു നില്പുകൾ വളരെ ശക്തമായി ഉയർന്നു വന്നു. അമ്പുകുത്തിയിലും ചീങ്ങേരിയിലും പനവല്ലിയിലും മുത്തങ്ങയിലും തിരുവനന്തപുരം സെക്രട്ടറിയേറ്റിലുമൊക്കെ നടന്ന ഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ ആദിവാസി വികസനത്തെക്കുറിച്ചുള്ള അധികാര രാഷ്ട്രീയത്തിന്റെ വായനകളെയെല്ലാം വെല്ലുവിളിച്ചു കൊണ്ട് ഭൂമിയില്ലാതെ ആദിവാസികൾക്കായുള്ള ഒരു വികസന സങ്കല്പം അസാദ്ധ്യമാണ് എന്ന് സർവ്വശക്തിയും സംഭരിച്ച് വിളിച്ചു പറഞ്ഞു. അത് സംസ്ഥാനത്തിനകത്തു മാത്രമല്ല ദേശീയ അന്തർദേശീയ തലങ്ങളിലെല്ലാം പ്രകമ്പനമുണ്ടാക്കിയിരിക്കുകയാണ്. ആദിവാസികൾക്കു നല്കിയ വാഗ്ദാനം പാലിക്കാതെ ഇനിയും ഭരണകൂടത്തിന് മൗനമവലംബിക്കാനാകാത്ത വിധം അവരുടെ പ്രതിരോധം വളർന്നുകൊണ്ടേയിരിക്കുന്നു. ഈയിടെ വയനാട്ടിലെ ചീയമ്പം കയ്യേറ്റ ഭൂമി സന്ദർശിച്ചപ്പോൾ അവർ ഒന്നടങ്കം പറഞ്ഞു, "ഞങ്ങളെ കൊന്നാലേ ഞങ്ങളിവിടുന്നു പോകൂ." കയ്യേറ്റ ഭൂമിയിലുള്ള ആദിവാസികളുടെ പ്രശ്നങ്ങളെക്കുറിച്ചു ചോദിച്ചപ്പോൾ ഒരു പണിയ സ്ത്രീ പറഞ്ഞു: "ഇവിടെ ഞങ്ങൾക്ക് പഞ്ഞവും ബുദ്ധിമുട്ടുമൊക്കെയുണ്ട്. അതൊന്നും പ്രശ്നമില്ല. കോളനികളിൽ നാലോ അഞ്ചോ കുടുംബങ്ങളാണ് ഓരോ 2 സെന്റ് വീട്ടിലും. അവിടെ ഞങ്ങളുടെ കുടുംബത്തിലാരെങ്കിലും മരിച്ചാൽ അടുക്കളയിൽ കുഴിച്ചിടാൻ പറ്റുമോ? ഇവിടെ കാട്ടിൽ മരിച്ചാൽ കുഴിച്ചിടാനെങ്കിലും സ്ഥലമുണ്ടല്ലോ." ദൈന്യതകൾക്കിടയിലും ഭൂമി കിട്ടിയേ അടങ്ങൂ എന്ന നിശ്ചയദാർഢ്യമാണ് അവരുടെ മുഖത്ത് പ്രതിഫലിച്ചു കണ്ടത്. സെക്രട്ടറിയേറ്റിലെ നില്പുസമരവും സർക്കാരിന്റെ വാഗ്ദാനങ്ങളും വയനാട്ടിലെ ആദിവാസി മേഖലകളിലെല്ലാം ചർച്ചാവിഷയമായിക്കൊണ്ടിരിക്കുകയാണിന്ന്. ആദിവാസികളോടുള്ള വാഗ്ദാനം പാലിക്കപ്പെട്ടില്ലെങ്കിൽ അത് വയനാട്ടിലെ മനസ്സാക്ഷിയുള്ളവരുടെയൊക്കെ സമരമായിത്തീരാൻ ഇനിയും വൈകുമെന്നു തോന്നുന്നില്ല.

ആധുനിക വികസന കാഴ്ചപ്പാടുകളും പുത്തൻ സാങ്കേതിക വിദ്യയുമൊക്കെ പ്രപഞ്ചത്തിലേല്പിക്കുന്ന മുറിവുകളുണക്കാൻ ആദിവാസിയുടെ ഭൂമിയെ പരിപോഷിപ്പിക്കുന്ന, ഭൂമിയോടുള്ള ധാർമ്മികതയെ ഉൾച്ചേർക്കുന്ന ഒരു സംസ്ക്കാരം അംഗീകരിക്കപ്പെടേണ്ടതുണ്ട്, വളർത്തേണ്ടതുണ്ട്. വെറും നിയമകേന്ദ്രിതമായ ഒരു വ്യവസ്ഥകൊണ്ട് പ്രപഞ്ചനന്മകളെ നിലനിർത്താനാകില്ലെന്ന് അനുഭവം നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരു ദേശത്തിന്റെ നിലനില്പിനായുള്ള നില്പായി ആദിവാസിയുടെ നില്പിനെ ഉൾക്കൊണ്ട് ധാർമ്മികമായി പ്രവർത്തിക്കാൻ ഭരണകൂടം ഇനിയും വൈകിക്കൂടാ. ◯

*സൂസൻ ഐസക്, സെന്റർ ഫോർ റിസർച്ച് & എഡ്യുക്കേഷൻ ഫോർ സോഷ്യൽ ട്രാൻസ്ഫർമേഷ(CREST) നിൽ പ്രോജക്ട് ഓഫീസറാണ്*



# മരണത്തിനൊപ്പം നടന്ന്

**തികച്ചും സ്ത്രീ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട, അല്ലെങ്കിൽ അത്ര ആവശ്യമില്ലാത്ത ഒരു കാലഘട്ടത്തിലും സമുദായത്തിലുമാണ് ഞാൻ ജീവിച്ചത്. അന്ന് ഞങ്ങളുടെ ഗ്രാമത്തിൽ ദിനപത്രങ്ങൾ പോലും രണ്ടുമൂന്നും ദിവസത്തേത് ഒരുമിച്ചേ കിട്ടൂ. റേഡിയോ വാർത്തകളായിരുന്നു ആശ്രയം. ഞാനത് ഒഴിവാക്കാതെ കേൾക്കാറുണ്ടായിരുന്നു. അങ്ങനെ കിട്ടുന്ന കുഞ്ഞറിവിലും ധൈര്യത്തിലും ഉറച്ച് നിന്ന് പഠിച്ചു ജോലി നേടണമെന്ന് അച്ഛനോട് ആവശ്യപ്പെടാൻ എനിക്ക് കഴിഞ്ഞു.**



**സി.ഡി. സരസ്വതി**

ഇക്കഴിഞ്ഞ വിഷുക്കാലത്ത് 2015 ഏപ്രിൽ 15ന് വൈകുന്നേരം 6.45നും 7നും ഇടയ്ക്ക് ഞാൻ ചേച്ചിയുടെ വീട്ടിലേക്ക് പോവുകയായിരുന്നു. ഓട്ടോറിക്ഷയിൽ ഇറങ്ങി ഏകദേശം 50 മീറ്ററോളം നടക്കാനുള്ള ദൂരം മാത്രം. വിഷുവായതിനാൽ, റോഡിൽ പടക്കമൊക്കെയായി ആളുകൾ ഉണ്ടായിരുന്നു. സാധാരണപോലെ ഞാൻ ചേച്ചിയുടെ വീട്ടിലെത്തി 5 മിനുട്ട് കഴിഞ്ഞില്ല. നാലഞ്ചുപേരടങ്ങുന്ന ഒരു സംഘം മുൻവശത്തെ കുറ്റിക്കാട്ടിൽ എന്തോ തിരയുന്നു. ഞാൻ ടെറസ്സിന് മുകളിലായിരുന്നു. നേരം ഇരുണ്ടു തുടങ്ങി. “എന്താണ് തിരയുന്നത്?” എന്ന് ചേച്ചി അവരോട് വിളിച്ചു ചോദിച്ചു. അവരുടെ മറുപടി എന്നെ അമ്പരപ്പിക്കുന്നതായിരുന്നു.

“ചുരിദാറിട്ട ഒരു പെൺകുട്ടി ഇതിലേ ഈ വഴി പോയോ?” തൊട്ടടുത്ത് വേറെ വീടുകളോ വഴിയോ ഇല്ല. ഞാനല്ലാതെ വേറാരും ആ വഴി പോയിരുന്നതുമില്ല. ഞാൻ വരുന്നതു കണ്ടിട്ടും അവർ ഒന്നും എന്നോട് ചോദിച്ചില്ല. ചേച്ചിയോടും ചോദിച്ചില്ല. അതിനൊക്കെ പകരം തിരയുകയായിരുന്നു. അനിയത്തിയാണ് വന്നത് എന്ന് ചേച്ചി ഉറപ്പ് പറഞ്ഞ ശേഷം അവർ തിരികെ പോയി.

ഞാൻ അമ്പരന്നു. തികച്ചും “സദാചാര പോലീസുകാർ” എന്ന നേരനുഭവം ! കാലം മാറിയിരിക്കുന്നു. എനിക്ക് വല്ലാത്ത ദുഖമാണ് തോന്നിയത്. ഒരു സ്ത്രീയ്ക്ക് മാന്യമായി പകൽ നടക്കാനുള്ള സ്വാതന്ത്ര്യം നഷ്ടമായിരിക്കുന്നു. പ്രതികരിക്കാൻ പോലുമാവാതെ ഞാൻ സ്തബ്ധയായി നിന്നു.

ഈ സംഭവം എന്റെ പഠനകാ

ലത്തെ ഓർമ്മകളിലേക്ക് എന്നെ കൊണ്ടുപോയി. ഞാൻ ജനിച്ചതും വളർന്നതും വയനാട് ജില്ലയിലെ കുഗ്രാമമായ തിരുനെല്ലിയിലെ അപ്പപ്പാറയിൽ ആണ്. ചെട്ടി സമുദായാംഗങ്ങളായ ഞങ്ങൾ സ്വന്ത മായി ഭൂമിയിൽ നന്നായി അദ്ധ്വാനിച്ച് സമ്പന്നരായിത്തന്നെ ജീവിക്കുന്നവരായിരുന്നു. പഠിക്കാൻ ഏറെ താല്പര്യമുണ്ടായിരുന്ന ഞാൻ അപ്പപ്പാറയിലെ എൽ. പി.സ്കൂളിൽ നാലാം ക്ലാസ്സ് വരെ പഠിച്ചു. അന്ന് ഞങ്ങളുടെ നാട്ടിൽ റോഡോ, വലിയ സ്കൂളോ, വാഹനങ്ങളോ ഒന്നും ഉണ്ടായിരുന്നില്ല. അഞ്ചാം ക്ലാസ്സു മുതൽ ഞാൻ തൊട്ടടുത്ത കൊച്ചുപട്ടണമായ കാട്ടിക്കുളത്തെ ഗവ. ഹൈസ്കൂളിലാണ് പഠിച്ചത്. ദിവസവും രാവിലെ 6.30ന് വീട്ടിൽ നിന്നിറങ്ങണം. രണ്ടോ മൂന്നോ മണിക്കൂർ നടന്ന് വേണം സ്കൂളിലെത്താൻ. തിരിച്ചുള്ള യാത്രയും അതുപോലെ തന്നെ. എഴുമണി കഴിയും വീട്ടിലെത്താൻ. എന്തെങ്കിലും കാരണവശാൽ തിരിച്ചു പോവാനായില്ലെങ്കിൽ ഏതെങ്കിലും കൂട്ടുകാരിയുടെ വീട്ടിൽ അന്തിയുറങ്ങും. പിറ്റേന്ന് അതേ ഡ്രസ്സിൽ വീണ്ടും സ്കൂളിലേക്ക്. ഒപ്പം ചിലപ്പോൾ രണ്ടോ മൂന്നോ കുട്ടികളുണ്ടാകും. തിരുനെല്ലി കാട്ടിലൂടെ ഒറ്റയ്ക്ക് നടന്നും ചിലപ്പോൾ കിട്ടുന്ന വാഹനത്തിൽ (അത് ലോറിയോ, ജീപ്പോ, സൈക്കിളോ ഒക്കെയാവാം) കയറിയും പോവും.

പക്ഷേ അന്നൊന്നും ഇത്തരമൊരനുഭവം ഉണ്ടായിട്ടില്ല. ഒരു തരത്തിലും ഞങ്ങൾക്കൊന്നും ഒരു ദുരനുഭവവും നേരിടേണ്ടി വന്നിട്ടില്ല. ഇപ്പോഴാകട്ടെ, സ്വന്തം വീട്ടിൽ പോലും പെൺകുഞ്ഞുങ്ങൾ സുരക്ഷിതരല്ല എന്ന വാർത്തകൾ ദിവസവും കേൾക്കുന്നു. ആത്മാർത്ഥമായും ആ പഴയനല്ല കാലം തിരിച്ചു വന്നാൽ മതിയായിരുന്നു എന്ന് ഞാൻ ആഗ്രഹിച്ചു പോകുന്നു.

തിരുനെല്ലിയിലെ അപ്പപ്പാറ എന്ന കുഗ്രാമത്തിൽ ദേവേശൻ ചെട്ടിയുടേയും ദേവകിയുടേയും

## ഒരു തരത്തിലും ഞങ്ങൾക്കൊന്നും ഒരു ദുരനുഭവവും നേരിടേണ്ടി വന്നിട്ടില്ല. ഇപ്പോഴാകട്ടെ, സ്വന്തം വീട്ടിൽ പോലും പെൺകുഞ്ഞുങ്ങൾ സുരക്ഷിതരല്ല എന്ന് വാർത്തകൾ ദിവസവും കേൾക്കുന്നു. ആത്മാർത്ഥമായും ആ പഴയനല്ല കാലം തിരിച്ചു വന്നാൽ, മതിയായിരുന്നു എന്ന് ഞാൻ ആഗ്രഹിച്ചു പോകുന്നു.

മകളായാണ് ഞാൻ ജനിച്ചത്. ഒരു സാധാരണ കർഷകകുടുംബം. അച്ഛനും അമ്മയും വയലിലും തോട്ടത്തിലും നന്നായി അദ്ധ്വാനിച്ച് ജീവിക്കുന്നവരായിരുന്നു. ഞങ്ങൾക്കും അത് പകർന്ന് കിട്ടിയിരിക്കാം. ചെട്ടി സമുദായാംഗമായ എനിക്ക് ജന്മനാതന്നെ ഉണ്ടാവും എന്ന് പറയുന്ന Sickle cell anemia അഥവാ അരിവാൾ രോഗമോ, രോഗാവസ്ഥയോ ഉണ്ട്. എന്നാൽ വളരെ ഭീതിദവും സഹനം നിറഞ്ഞതുമായ വിദ്യാഭ്യാസ കാലം ഒരു പ്രശ്നവുമില്ലാതെ കഴിഞ്ഞത് എന്നെ അത്ഭുതപ്പെടുത്താറുണ്ട്. പ്രീ-ഡിഗ്രി പഠനകാലത്ത് അതികഠിനമായ കാലുവേദന ഉണ്ടായിരുന്നു. അച്ഛൻ അപ്പോൾ തന്നെ അലോപ്പതി ഡോക്ടറെ കാണിച്ചു. അയേണിന്റെ കുറവാണെന്ന് അഭിപ്രായപ്പെട്ടപ്പോൾ ഉടൻതന്നെ ഒരു ആയുർവേദ ഡോക്ടറെ കണ്ട് മരുന്ന് കഴിക്കുകയും വേദന പൂർണ്ണമായും മാറുകയും ചെയ്തു.

തികച്ചും സ്ത്രീ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട, അല്ലെങ്കിൽ അത്ര ആവശ്യമില്ലാത്ത ഒരു കാലഘട്ടത്തിലും സമുദായത്തിലുമാണ് ഞാൻ ജീവിച്ചത്. അന്ന് ഞങ്ങളുടെ ഗ്രാമത്തിൽ ദിനപത്രങ്ങൾ പോലും രണ്ടുമൂന്നു ദിവസത്തേത് ഒരുമിച്ചേ കിട്ടൂ. റേഡിയോ വാർത്തകളായിരുന്നു ആശ്രയം. ഞാനത് ഒഴിവാക്കാതെ കേൾക്കാറുണ്ടായിരുന്നു. അങ്ങനെ കിട്ടുന്ന കുഞ്ഞറിവിലും ധൈര്യത്തിലും ഉറച്ച് നിന്ന് പഠിച്ചു ജോലി നേടണമെന്ന് അച്ഛനോട് ആവശ്യപ്പെടാൻ എനിക്ക് കഴിഞ്ഞു. അച്ഛൻ എന്നോടൊപ്പം നിന്നു. എനിക്ക് വേണ്ടി പുസ്തകങ്ങൾ (പാഠപുസ്തകങ്ങൾ അല്ലാത്തവ) വാങ്ങിത്തന്നു. പത്രം വരുത്തി. അന്നൊക്കെ 17 വയസ്സാകുമ്പോഴേക്കും സമുദായത്തിലെ പെൺകുട്ടികളുടെ കല്യാണം കഴിഞ്ഞിരിക്കും. അച്ഛന്റെ പിന്തുണ ഒന്നുകൊണ്ടു മാത്രമാണ് എനിക്ക് ബിരുദം നേടാനായത്. എന്റെ സമുദായത്തിൽ ബിരുദം നേടിയ ആദ്യ പെൺകുട്ടിയും ഞാനായിരുന്നു. സാഹസികമായ എന്തും ഏറ്റെടുക്കാനുള്ള ധൈര്യം അന്നെനിക്കുണ്ടായിരുന്നു. വ്യത്യസ്തമായ എന്തും എന്നെ ആകർഷിക്കുമായിരുന്നു. 'The week' ൽ വന്ന കപ്പലിൽ ജോലി ചെയ്യുന്ന രാധികാമേനോൻ എന്ന സ്ത്രീയെക്കുറിച്ചുള്ള വാർത്ത എന്നെ ആകർഷിക്കുകയും Marine Radio Officers Course പഠിക്കണം എന്ന് തീരുമാനിക്കുകയും ചെയ്തു. തിയറി നല്ല മാർക്കോടെ പാസ്സായി. എന്നാൽ ഹാൾടിക്കറ്റ് കിട്ടാത്തതിനാൽ പ്രാക്ടിക്കൽ അറ്റൻഡ് ചെയ്യാനായില്ല. അന്നുമിന്നും ഏറെ വേദനയോടെ ഓർക്കുന്ന സംഭവമാണത്. നിരാശ എന്നെ ആത്മഹത്യയുടെ വക്കിലെത്തിച്ചു. ഏറെ ദിവസം മുറിയടച്ചിരുന്നു. പിന്നീട് എന്റെ അധ്യാപകരുടെ നിർബന്ധപ്രകാരം ട്രാവൽ & ടൂറിസം കോഴ്സും അയാട്ടയും ഫീസില്ലാതെ തന്നെ ചെയ്തു. പഠിച്ചു നല്ലൊരു ജോലി നേടുക എന്നതു തന്നെയായിരുന്നു ആഗ്രഹം.

വളരെ നന്നായി പഠിച്ചിട്ടും

ഒരു ആവറേജ് വിദ്യാർത്ഥിമാത്ര മായത് എങ്ങനെയെന്ന് ഇപ്പോഴെ നിക്ക് മനസ്സിലാവുന്നു. ഓർമ്മക്കു റവും മുൻകോപവും രോഗഫല ങ്ങളാണ്. ഇതിനിടെ വിവാഹം കഴിഞ്ഞ് ഞാൻ ഗർഭിണിയായി. മൂത്തമകനെ ആറുമാസം ഗർഭി ണിയായപ്പോഴാണ് ഞാൻ അരി വാൾ രോഗിയാണെന്ന് വ്യക്തമാ യത്. ആ ദിവസങ്ങളെ എങ്ങനെ നേരിട്ടു എന്നെനിക്ക് തന്നെ അറി യില്ല. അബോർട്ട് ചെയ്യാനും ആത്മഹത്യ ചെയ്യാനും തന്നെ ഞാൻ തുനിഞ്ഞു. പക്ഷേ, എന്റെ ഭർത്താവും അച്ഛനമ്മമാരും വഴിമു ടക്കി നിന്നു. ഏറെ കഷ്ടതകൾ നിറഞ്ഞതായിരുന്നു പിന്നീടുള്ള ദിവസങ്ങൾ.

അരിവാൾ രോഗത്തെക്കുറിച്ച് ഡോക്ടർമാരോട് ചോദിച്ചറിഞ്ഞും കിട്ടാവുന്നത്ര വായിച്ചും ഞാൻ രോഗത്തോടടുത്തു. എന്തോ ഭാഗ്യ വശാൽ എന്റെ രണ്ട് കുഞ്ഞു ങ്ങൾക്കും രോഗാവസ്ഥയില്ല. തീർത്തും അവശയായ എന്റെ സ്വപ്നങ്ങളൊക്കെ പൊലിഞ്ഞു. ജോലി ചെയ്യുക എന്ന എന്റെ വാശിക്ക് ഭർത്താവ് ചന്ദ്രേട്ടൻ കൂട്ടു നിന്നു. 1000/- രൂപ ശമ്പളത്തിന് മൂന്നിരട്ടിയിലധികം താമസ ത്തിനും ഭക്ഷണത്തിനും ചെല വാക്കി കൽപ്പറ്റയിൽ ജോലി ചെയ്ത കാര്യം ഇന്നാലോചിക്കു മ്പോൾ തമാശ തോന്നുന്നു.

അരിവാൾ രോഗികളിലേക്ക് എന്റെ ശ്രദ്ധ തിരിഞ്ഞത് പിന്നീടാ ണ്. ജില്ലയിലെ അരിവാൾ രോഗി കളെ ഞാൻ തേടിപ്പിടിച്ചു. എന്റെ വേദനകൾ അവരുമായി പങ്കുവെ ച്ചു. ഒരു കൂട്ടായ്മയുടെ പ്രാധാന്യം ബോദ്ധ്യപ്പെടുത്തി. 2003 മുതൽ ഈ രംഗത്ത് സജീവ മായി. സംഘടന രജിസ്റ്റർ ചെയ്തു. 2005 ഡിസംബർ 16ന് പൂർണ്ണമായും സൗജന്യ മരുന്നു വേണം എന്നാവശ്യപ്പെട്ട് മുഖ്യ മന്ത്രിയുടെ മുന്നിൽ നടത്തിയ സമരമായിരുന്നു ഞങ്ങളുടെ ആദ്യത്തെ പ്രത്യക്ഷസമരം. അതിന്റെ ഫലമായി ഒരു പ്രോജക്ട് സർക്കാർ ആവിഷ്കരി

**ഞങ്ങളുടെ സംഘടന നേരിടുന്ന ഏറ്റവും വലിയ പ്രശ്നം ഞങ്ങളുടെ ആരോഗ്യം തന്നെയാണ്. ഒപ്പം ദാരിദ്ര്യവും രോഗാവസ്ഥയിലുള്ള സമ്പന്നരും സവർണ്ണരുമായ ആളുകൾ രോഗവിവരം പുറത്തുപറ യാതെ ഏറെ ദൂരെപ്പോയി ചികിത്സിച്ചും പോഷക സമൃദ്ധമായ ഭക്ഷണക്രമം പാലിച്ചും ജീവിക്കുന്നുണ്ട്. യാതൊരു സംവരണത്തിലും പെടാത്ത ഞങ്ങളുടെ സമൂദായാംഗങ്ങൾ കൃഷി നശിച്ചതോടെ ദരിദ്രരും രോഗികളുമായി മാറി. ആദിവാസി വിഭാഗങ്ങളിൽ പെട്ടവരുടെ സ്ഥിതിയും വിഭിന്നമല്ല.**

ക്കുകയും ചെയ്തു. അതിലൂടെ അരിവാൾ രോഗിക്ക് നിത്യേന കഴിക്കാനുള്ള മരുന്ന് സൗജന്യ മായി ലഭിക്കുകയും ചെയ്യുന്നു. 2008 ൽ ദൽഹിയിൽ ഒരു പാർല മെന്റ് മാർച്ച് നടത്തി.

ഇന്നും ഞങ്ങളുടെ സഹനസ മരം തുടരുക തന്നെയാണ്. ആരോഗ്യപരമായും ബുദ്ധിപര മായും സാംസ്കാരികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന പാർശ്വവത്കരിക്ക പ്പെട്ട ഞങ്ങളെ സർക്കാർ അവഗ ണിക്കുകയാണ്. 2012 മുതൽ നടത്തി വന്ന പ്രതിഷേധത്തിന്റെ ഫലമായി പട്ടികവർഗ്ഗവകുപ്പിറ ക്കിയ ധനസഹായം ആദിവാസി വിഭാഗങ്ങൾക്കു മാത്രമായി പരിമി തപ്പെടുത്തിയിരിക്കുന്നു. ഈ പ്രവൃത്തിയെ സ്വാഗതം ചെയ്യുന്ന തോടൊപ്പം രോഗികളെ ജാതിഅടിസ്ഥാനത്തിൽ വേർതിരി ക്കരുതെന്ന് പലതവണ മുഖ്യമ ന്ത്രിയെ നേരിൽ കണ്ട് ആവശ്യ പ്പെട്ടിട്ടും ഒരു ഗുണവും ഉണ്ടാ യില്ല. കഴിഞ്ഞ ജനസമ്പർക്ക പരി പാടിയിൽ സമുദായ വ്യത്യാസമി ല്ലാതെ എല്ലാ രോഗികൾക്കും പെൻഷൻ നൽകും എന്ന് പ്രഖ്യാ പിച്ചെങ്കിലും നടപ്പിലായില്ല. രോഗികളായ ഞങ്ങളെ മാറ്റി നിർത്തിക്കൊണ്ട് നടപ്പിലാക്കുന്ന നീതിക്ക് എന്ത് സാധ്യതയാണ് ഉള്ളത്.

ഞങ്ങളുടെ സംഘടന നേരി ടുന്ന ഏറ്റവും വലിയ പ്രശ്നം ഞങ്ങളുടെ ആരോഗ്യം തന്നെയാ ണ്, ഒപ്പം ദാരിദ്ര്യവും. രോഗാവ സ്ഥയിലുള്ള സമ്പന്നരും സവർണ്ണ രുമായ ആളുകൾ രോഗവിവരം പുറത്തുപറയാതെ ഏറെ ദൂരെ പ്പോയി ചികിത്സിച്ചും പോഷക സമൃദ്ധമായ ഭക്ഷണക്രമം പാലി ച്ചും ജീവിക്കുന്നുണ്ട്. യാതൊരു സംവരണത്തിലും പെടാത്ത ഞങ്ങളുടെ സമൂദായാംഗങ്ങൾ കൃഷി നശിച്ചതോടെ ദരിദ്രരും രോഗികളുമായി മാറി. ആദിവാസി വിഭാഗങ്ങളിൽ പെട്ടവരുടെ സ്ഥിതിയും വിഭിന്നമല്ല.

ആദ്യകാലത്ത് ഒപ്പമുണ്ടായി രുന്ന എത്രയോപേർ മരണത്തിന് കീഴടങ്ങി. സ്വാഭാവിക മരണവും ആത്മഹത്യകളും ഉണ്ട്. ഇതേക്കു റിച്ച് നല്ലൊരു പഠനം പോലും നട ന്നിട്ടില്ല. സ്വന്തം അനുജനെ പ്പോലെ ഞാൻ കൊണ്ടുനടന്ന എന്റെ ഒപ്പം പ്രവർത്തിച്ചിരുന്ന യുവാവ് കഴിഞ്ഞ മാസം മരിച്ചു പോയി. അദ്ദേഹത്തിന് ഏറെ വൈകിയാണ് കല്യാണം കഴിക്കാ നായത്. അദ്ദേഹം മരിച്ചതിന്റെ പിറ്റേന്നാണ് ഭാര്യ രണ്ടാമത്തെ പെൺകുഞ്ഞിനെ പ്രസവിച്ചത്. ഇന്നവർ ആരോരും സഹായത്തി നില്ലാതെ പ്രദേശത്തെ സാംസ്കാ രിക നിലയത്തോട് ചേർന്ന ചായ്പിൽ കഴിയുന്നു. അരിവാൾ രോഗം ശരീരത്തിന് സമ്മാനി ക്കുന്ന അതികഠിനമായ വേദനയേ ക്കാൾ തീവ്രമായ വേദനയാണ് ഈ വിവരം എന്റെ മനസ്സിലുണ്ടാ

ക്കിയത്. അവർക്കുള്ള സാമ്പത്തിക സഹായം വാങ്ങിച്ചു കൊടുക്കുന്നതിന് പരിശ്രമിക്കുമ്പോൾ എന്റെ വേദന ഞാൻ മറക്കുന്നു.

ഒരാഴ്ച മുന്നേ വിശാഖപട്ടത്തിൽ നിന്നും ഒരച്ഛൻ അരിവാൾ രോഗിയായ മകനേയും കൊണ്ട് ഞങ്ങളെ തേടി വന്നു. പ്ലസ്ടുവിന് പഠിക്കുന്ന ആ കുട്ടിക്ക് വളർച്ച കുറവാണ്. കാത്സ്യം കുറഞ്ഞ് പല്ലുകൾ പൊടിഞ്ഞുപോയിരിക്കുന്നു. അമേരിക്കയിലെ അരിവാൾ രോഗികളിലുണ്ടെന്ന് പറഞ്ഞുകേട്ട ഈ രോഗലക്ഷണം ഞാനാദ്യമായി കാണുകയാണ്. ഒപ്പമുണ്ടായിരുന്ന നല്ലവനായ ഡോക്ടറായിരുന്നു ദ്വിഭാഷി. നിരാശ ബാധിച്ച ആ കുഞ്ഞിന്റെ മുന്നിൽ രോഗിയായ ഞാൻ ചിരിച്ചു നിന്നത് അവരെ കുറച്ചൊന്നുമല്ല ആശ്വസിപ്പിച്ചത്. മരണം ആർക്കും എപ്പോഴും വരാവുന്ന സ്വാഭാവിക പ്രക്രിയമാത്രമാണെന്നും ഭയക്കാതെ ജീവിതത്തെ നേരിടുകയാണ് വേണ്ടതെന്നും ആ കുഞ്ഞിനോട് പറയുമ്പോഴും ദയനീയമായ അവന്റെ രൂപം കണ്ട് എന്റെ മനസ്സ് മുറിയുകയായിരുന്നു.

മരണം പഴയതുപോലെ ഒക്കെ ഉണ്ടെങ്കിലും ജീവിക്കുമ്പോൾ ആത്മവിശ്വാസത്തോടെ ജീവിക്കാൻ സംഘടന ഞങ്ങളെ പ്രാപ്തരാക്കി.

മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഞങ്ങൾക്കായി ഒരു വാർഡ് ഒരുങ്ങിയിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചികിത്സാ രംഗത്ത് ഇനിയുമേറെ കടമ്പകൾ ഉണ്ട്. ഞങ്ങളെ സഹായിക്കുന്ന ഓരോരുത്തരോടും നന്ദിയുണ്ട്. ഞാനിന്ന് മാനന്തവാടിയിലെ ആർട്ട് ഗാലറിയിൽ ജോലി ചെയ്യുന്നു. കലാകാരന്മാരേയും ചിത്രകാരന്മാരേയും എഴുത്തുകാരേയും പരിചയപ്പെടുന്നു. അവരുടെ വരകളും വർണ്ണങ്ങളും വാക്കുകളും എന്നെ ജീവിതത്തോട് ചേർത്തു നിർത്തുന്നു. മരണം മാത്രം മുന്നിൽ കാണുന്ന ദരിദ്രരായ രോഗികൾക്കുവേണ്ടി അവസാനം വരെ പൊരുതാൻ അവയെനിക്ക് ശക്തി പകരുന്നു.

*സി.ഡി. സരസ്വതി, തിരുനെല്ലി അപ്പപ്പാറ സ്വദേശി ചെട്ടി സമുദായാംഗം. അരിവാൾ രോഗികൾക്കു വേണ്ടി പ്രവർത്തിക്കുന്നു. അരിവാൾ രോഗിയുമാണ്.*

## ഇന്ത്യയിൽ ആദ്യമായി ഒരു ട്രാൻസ്ജെണ്ടർ വ്യക്തി കോളേജ് പ്രിൻസിപ്പലായി



പശ്ചിമബംഗാളിലെ കൃഷ്ണാഗർ വനിതാകോളേജിൽ മാനബി ബാന്ദോപാദ്ധ്യായ എന്ന ട്രാൻസ്ജെണ്ടർ വ്യക്തി പ്രിൻസിപ്പൽ സ്ഥാനത്തേക്ക് അവരോധിക്കപ്പെട്ടു. ട്രാൻസ്ജെണ്ടർ അവകാശങ്ങൾ മുന്നോട്ടുവയ്ക്കുന്ന ബിൽ രാജ്യസഭ ഐകകണ്ഠേന പാസ്സാക്കിയതിന്റെ പിന്നാലെയാണ് ഈ ആവേശകരമായ സംഭവം നടന്നത്. തികഞ്ഞ അവഗണനയും അവകാശനിഷേധവും ജീവിതയാഥാർത്ഥ്യങ്ങളായിത്തീർന്ന ഈ വ്യക്തികൾക്ക് ജനാധിപത്യാവകാശങ്ങൾ കൈയാളാനുള്ള വഴിയൊരുങ്ങുന്നത് ആശാവഹം തന്നെ.

# സാഹിത്യ ക്യാമ്പ്

2015 ആഗസ്റ്റ് മാസം 21, 22 തീയതികളിൽ സംഘടിതയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് വെച്ച് സാഹിത്യക്യാമ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന 30 സ്ത്രീകൾക്കു വേണ്ടി സംഘടിപ്പിക്കുന്ന ക്യാമ്പിൽ മലയാളത്തിലെ പ്രമുഖ എഴുത്തുകാരുമായുള്ള ചർച്ചകളും സംവാദങ്ങളുമാണ് ഉദ്ദേശിക്കുന്നത്. താല്പര്യപ്പെടുന്ന എഴുത്തുകാരികൾ അവരുടെ ഒരു സൃഷ്ടി (പ്രസിദ്ധീകരിച്ചതോ അല്ലാത്തതോ) ബയോഡാറ്റയും ഫോട്ടോയും സഹിതം ജൂൺ 30നു മുമ്പ് താഴെ കാണുന്ന മേൽവിലാസത്തിൽ അയക്കേണ്ടതാണ്. പ്രായപരിധി 15 വയസ്സ് മുതൽ 45 വയസ്സ് വരെ.

**9947111028, 9496341439, 9495230146**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com



പ്രീതാ ജെ. പ്രിയദർശിനി

# കണ്ണുനീരിന്റെ നേർസാക്ഷ്യങ്ങൾ

എഴുതിയും പറഞ്ഞും ചിന്തകളിൽ നിന്നും മൂല്യമറ്റു പോയ ചിലതുണ്ട് നമ്മുടെ സാമൂഹ്യജീവിതത്തിൽ. ഉണ്ടും ഉറങ്ങിയും തിരക്കുപിടിച്ച ഓർമ്മകളിലും ജീവിത പ്രതിസന്ധികളിലും കൂടി മാത്രം യാത്ര ചെയ്യുന്ന ഒരാൾക്കൂട്ടമായി നാമൊക്കെ മാറിക്കൊണ്ടിരിക്കെ സങ്കീർണ്ണമായ ഈ ജീവിത ഗതിയ്ക്കൊപ്പം ഒരു നുകപ്പാടിന്റെ തണലുപോലുമില്ലാതെ എരിഞ്ഞുതീരുന്ന വലിയൊരു വിഭാഗമാണ് വയനാട്ടിലെ ഗോത്രജനത. സാമൂഹിക ജീവിത പ്രക്രിയയിൽ അരികുവൽക്കരണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന വലിയൊരാൾക്കൂട്ടം. സാമൂഹിക നവീകരണയത്നങ്ങളുടെ ഭാഗമായി ഏറ്റവുമധികം പണം ചെലവാക്കിയും ഈ നിസ്വരുടെ ജീവിതം എഴുതിയും വക്കാലത്തുപറഞ്ഞും മൂല്യമറ്റതാക്കിയിരിക്കുന്നു നാം. ചരിത്രത്തിന്റെയും നരവംശ ശാസ്ത്രത്തിന്റേതുമായ എല്ലാ പശ്ചാത്തലങ്ങളെയും തത്കാലം നമുക്കിവിടെമറക്കാം. പ്രകൃതിയോടും തനിമയാർന്ന ജീവിത പൈതൃകങ്ങളോടും ഈടുറ്റ ജീവിത ബന്ധം പുലർത്തുന്ന സൗമ്യശാന്തരായ ഗോത്രജനതയിലെ പുതുതലമുറയുടെ വിദ്യാഭ്യാസ-സാംസ്കാരിക സാമൂഹിക പശ്ചാത്തലങ്ങളെ ഒരധ്യാപിക എന്ന നിലയിൽ നേരിട്ട് കാണാനും വിലയിരുത്താനും സാധിച്ചിട്ടുണ്ട് എനിക്ക്. ചില ശ്രമങ്ങൾ എന്നതിലുപരി സമീപകാല വിദ്യാഭ്യാസ ദർശനങ്ങളോ പദ്ധതികളോ ഒന്നും ഗോത്രജന സംസ്കാരത്തിനോ, ജീവിതരീതിയ്ക്കോ, അനുയോജ്യമായൊരു കരിക്കുലം രൂപപ്പെടുത്തുന്നതിന് യത്നിച്ചിട്ടില്ല. അശാസ്ത്രീയമായ പൊതുവത്കരണത്തിന് നിരന്തരമായി വിധേയരായി വിദ്യാലയങ്ങളിൽ നിന്നും, പൊതു ഇടങ്ങളിൽ നിന്നും കൊഴിഞ്ഞുപോവുകയാണ് പുതുതലമുറയും. വളരെ ചെറുപ്രായത്തിലെ മദ്യത്തിനും ലഹരി വസ്തുക്കൾക്കും ഇരകളായിരിക്കുകയാണ് കൗമാരപ്രായത്തിലെത്തുമ്പോഴേക്കും പലരും. കഴിഞ്ഞ അധ്യയനവർഷം അവസാനമാണ് എന്റെ വിദ്യാലയ

ത്തിൽ തൊട്ടുമുൻവർഷം പഠിച്ച ഒരു വിദ്യാർത്ഥി തന്റെ പതിനാറാം വയസ്സിൽ ആത്മഹത്യ ചെയ്തത്. വളരെ ചെറുപ്പത്തിലേ മദ്യത്തിനും, ലഹരിക്കും അടിമയായി മാറിയൊരു കുട്ടിയായിരുന്നു അവൻ. നിർമമനും ശാന്തനുമായി ക്ലാസിൽ ഒതുങ്ങിക്കൂടുന്ന അവൻ ക്ലാസ്സിൽ വല്ലപ്പോഴും എത്തിച്ചേരുന്നൊരു അതിഥി മാത്രമായിരുന്നു. നിശബ്ദതയിലും നിരുന്മേഷത്തിലും പൊതിഞ്ഞ് അവനെ കാണുമ്പോൾ വേദന തോന്നും. തുടർച്ചയായി ചില ദിവസങ്ങളിൽ അവൻ വരില്ല. നിരന്തരമായ







അന്വേഷണങ്ങൾക്ക് ഒടുവിൽ മിഴിനീരിൽ അലിഞ്ഞ കണ്ണുമായി അവന്റെ അമ്മ സ്കൂൾ വരാന്തയിലെത്തും. മകന്റെ ജീവിതദുരന്തങ്ങളെ തിരുത്താനാവാതെ പോയ നിസ്സഹായത, സങ്കടങ്ങൾ എല്ലാം പറയും. യഥാർത്ഥത്തിൽ ഇത് അവന്റെ മാത്രം അവസ്ഥയായിരുന്നില്ല. വയനാട്ടിലെ പല ആദിവാസി ഊരുകളിലും മദ്യപാനികളായി മാറുന്ന ഒട്ടനവധി കൗമാരപ്രായക്കാരായ കുട്ടികളെ കാണാം. ദുരന്തപൂർണ്ണമായ ആ അനുഭവങ്ങളുടെ നേർസാക്ഷ്യമായി അവന്റെ അമ്മയുടെ കണ്ണുനീർ. കരഞ്ഞുകലങ്ങിയ കണ്ണുകളുമായ് അവർ മടങ്ങും. സ്നേഹവാത്സല്യം നിറഞ്ഞ ഓർമ്മപ്പെടുത്തലുകളിൽ കുറേ നാളുകൾ കൂടി അവൻ ക്ലാസ്സിൽ വന്നു കൊണ്ടിരുന്നു. അതിനിടയിൽ കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന പല ഏജൻസികളോടും വിവരം ധരിപ്പിച്ചു. എല്ലാം ജലരേഖയായി. അങ്ങനെ ആ അധ്യയനവർഷം കടന്നുപോയി. ഒമ്പതാംതരത്തിൽ അവൻ തീരെ വരാതായി. അവൻ പഠനം പൂർണ്ണമായി ഉപേക്ഷിച്ചു. കാരണം അതൊരു കുട്ടിയുടെ മാത്രം പ്രശ്നമായിരുന്നില്ല. ആദിവാസി ഗ്രാമങ്ങൾക്ക് സമീപം പടർന്നു പന്തലിക്കുന്ന വ്യാജവാറ്റ് –മദ്യമാഫിയകൾക്കെതിരെ നിസ്സംഗരാവുകയാണ് പലരും. ആ അധ്യയന വർഷം അവസാനം അവന്റെ ആത്മഹത്യാവാർത്ത എത്തി.

സന്ധ്യയായാൽ മദ്യപിച്ച് ഉന്മത്തരാകുന്ന ആണും പെണ്ണും ആദിവാസി ഊരുകളിൽ വ്യാപകമാണ്. പകലന്തിയോളം പണിയെടുത്ത് മദ്യപിക്കാനുള്ള കാശുണ്ടാക്കുന്നു. അന്തിവെട്ടം മായുമ്പോൾ കുടിച്ച് മറിഞ്ഞ് വഴക്കും വക്കാണവുമായി രാത്രികൾ മറയുന്നു. ജീവിതത്തിന്റെ സുന്ദരമായ ചാക്രികത നഷ്ടപ്പെട്ട ഇവരുടെ വരുംകാലതലമുറകളുടെ ജീവിതം എങ്ങനെയുണ്ടാവും?

വലിയ ഒച്ചപ്പാടുകളോ വാർത്തകളോ ആയിത്തീരാതെ, നിതാന്തമായ ഇരുളിലേക്ക് ഒരു കുടുംബത്തിന്റെ ആശ്രയമാകേണ്ടുന്ന അവൻ നടന്നുമാഞ്ഞു. മരണത്തിന്റെ രണ്ടുനാൾ കഴിഞ്ഞ് അവന്റെ വീട്ടിൽ ഞങ്ങൾ ചെല്ലുമ്പോൾ നിരാധാരമായിത്തീർന്ന കുടുംബത്തെയാണ് കാണാൻ കഴിഞ്ഞത്. ഭർത്താവ് നഷ്ടപ്പെട്ട അവന്റെ അമ്മയ്ക്കും അമ്മയുടെ അമ്മയ്ക്കും ഒന്നു കരയാൻ പോലുമാകാത്ത അനുജത്തിയ്ക്കും അവൻ മാത്രമാണുണ്ടായിരുന്നത്. കുറ്റബോധമോ വേദനയോ മറ്റെന്ത് ആത്മസംഘർഷമോ എന്തായിരിക്കും അവനെ അലട്ടി ആത്മഹത്യയിലേക്ക് നയിച്ചത്? ആർക്കും ഒന്നുമറിയുമായിരുന്നില്ല. വേദനയുടെ ഉണങ്ങാപ്പാടുകൾ തിരിനീട്ടിയ ആ കൊച്ചുവീട് വിട്ട് ഇറങ്ങി ഓടാൻ ഒരു നിമിഷം തോന്നി. സന്ധ്യയായാൽ മദ്യപിച്ച് ഉന്മത്തരാകുന്ന ആണും പെണ്ണും ആദിവാസി ഊരുകളിൽ വ്യാപകമാണ്. പകലന്തിയോളം പണിയെടുത്ത് മദ്യപിക്കാനുള്ള കാശുണ്ടാക്കുന്നു. അന്തിവെട്ടം മായുമ്പോൾ കുടിച്ച് മറിഞ്ഞ് വഴക്കും വക്കാണവുമായി രാത്രികൾ മറയുന്നു. ജീവിതത്തിന്റെ സുന്ദരമായ ചാക്രികത നഷ്ടപ്പെട്ട ഇവരുടെ വരുംകാലതലമുറകളുടെ ജീവിതം എങ്ങനെയാവും? ജീവിത പൈതൃകങ്ങളുടെ തിരിതെളിച്ചങ്ങളണച്ച് ഈ ജനത എങ്ങോട്ടാണ് യാത്ര

ചെയ്യുന്നത്? കാട്ടറിവും മരുന്നും മണത്ത ജീവിതസംസ്കാരങ്ങൾ ഇങ്ങനെയാക്കിത്തീർക്കുന്നതിന് മൗനാനുവാദം നൽകിയത് ആരാണ്? കോളനിവാഴ്ചക്കാലത്തെ പോലെ നവ മുതലാളിമാർ അടിയാളപ്പെണ്ണിന്റെ മാനവും വീറും കവർന്നുകൊണ്ടേയിരിക്കുന്ന വാർത്തകളും നാം കേൾക്കുന്നുണ്ട്.

നല്ല പാട്ടുകാരും തനത് വാദ്യോപകരണ വിദഗ്ധരുമൊക്കെയാണ് ഗോത്രവിഭാഗം കുട്ടികൾ. മിതഭാഷികൾ, സൗമ്യശീലർ. സ്വന്തം സ്വത്വപ്രകാശനത്തിനൊന്നും പൊതുവെ അവർ തയ്യാറാകാതെ ഒതുങ്ങിക്കൂടും. പൊതു വിദ്യാലയങ്ങളാണ് അവരുടെ വിദ്യാഭ്യാസാവശ്യങ്ങൾക്ക് ആശ്രയം. ഓരോ വർഷവും പഠനത്തിനായി എത്തിച്ചേരുന്നവരിൽ പലരും പഠനം പൂർത്തിയാക്കാതെ കൊഴിഞ്ഞുപോകുന്നു. ജൂൺ ആദ്യവാരം കോളനികൾ സന്ദർശിച്ചും മറ്റും അധ്യാപകർ കുട്ടികളെ കൂട്ടിക്കൊണ്ടു വരാറുണ്ട്. എങ്കിലും കൊഴിഞ്ഞുപോകുന്നവർ പിന്നീട് മടങ്ങിവരാൻ മടിക്കുന്നു. പത്താംക്ലാസ്സിന്റെ പടിവാതിൽ കയറാതെയും പരീക്ഷ എഴുതാതെയും പോകുന്നവരുണ്ട്. അടിസ്ഥാനപരമായ ഈ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ നാം പഠിച്ചിട്ടില്ല. മണ്ണിലും പ്രകൃതിയിലും ഇടകലർന്ന് ആഹ്ലാദിച്ച് നിയന്ത്രണമില്ലാതെ ജീവിച്ചവർക്ക് ഭാഷയിലും സംസ്കാരത്തിലും മറ്റൊരിടമായിരിക്കും വിദ്യാലയവും പരിസരവും. സ്വന്തം ജീവിത പൈതൃകങ്ങളെ ഉള്ളടക്കം ചെയ്യാത്ത വിദ്യാഭ്യാസ രീതിയിലേക്ക് പരിവർത്തനം ചെയ്യാനാകാതെ കുറച്ചു പേരെങ്കിലും കളത്തിനു പുറത്താകുന്നു. മനുഷ്യനേയും സംസ്കാരത്തേയും ശരിയായി രൂപപ്പെടുത്തുന്ന പരിപ്രേക്ഷ്യമായി വിദ്യാഭ്യാസ ദർശനത്തെ പരിവർത്തിപ്പിക്കുന്നതിൽ ആധുനികവിദ്യാഭ്യാസം പരാജയപ്പെടുന്നു എന്നും നമുക്ക് ഓർമ്മിക്കാം. ആധുനികവൽകരണവും കൃഷിയുടേയും നാട്ടറിവുകളുടേയും സംസ്കൃതിയുടേയും തകർച്ചകളും ഒരു ജനതയെ മണ്ണിൽനിന്നും ഇല്ലായ്മ ചെയ്യുന്നു എന്നതിന്റെ സൂചനകൾ കാണുകയാണിപ്പോൾ. “ഞങ്ങളിപ്പോൾ ഇല്ലാതാകും.” എന്ന സി.കെ. ജാനുവിന്റെ ആളിപ്പടരുന്ന വേവലാതികളും ഈയൊരർത്ഥത്തിൽ വായിക്കേണ്ടുന്നത് തന്നെ.

മനുഷ്യനേയും സംസ്കാരത്തേയും ശരിയായി രൂപപ്പെടുത്തുന്ന പരിപ്രേക്ഷ്യമായി വിദ്യാഭ്യാസ ദർശനത്തെ പരിവർത്തിപ്പിക്കുന്നതിൽ ആധുനിക-വിദ്യാഭ്യാസം പരാജയപ്പെടുന്നു എന്നും നമുക്ക് ഓർമ്മിക്കാം. ആധുനിക വൽകരണവും കൃഷിയുടേയും നാട്ടറിവുകളുടേയും സംസ്കൃതിയുടേയും തകർച്ചകളും ഒരു ജനതയെ മണ്ണിൽ നിന്നും ഇല്ലായ്മ ചെയ്യുന്നു എന്നതിന്റെ സൂചനകൾ കാണുകയാണിപ്പോൾ. "ഞങ്ങളിപ്പോൾ ഇല്ലാതാകും." എന്ന സി.കെ. ജാനുവിന്റെ ആളിപ്പടരുന്ന വേവലാതികളും ഈയൊരർത്ഥത്തിൽ വായിക്കേണ്ടുന്നത് തന്നെ.

മുഖ്യധാര ദേശീയ സംസ്കൃതിയിൽ ചേർത്തു നിർത്താനും മടക്കിവിളിക്കാനുമുള്ള ആഹ്വാനങ്ങളാണ് അവിടെയും. ഓരോ മനുഷ്യനും ജനസമൂഹത്തിനും അവന്റെ വ്യതിരിക്തതകളിൽ ജീവിക്കാനുള്ള അവകാശമുണ്ട്. സംസ്കൃതി എന്ന പദത്തിന്റെ ആഴപ്പാടുകളെ ഒന്നുകൂടി നാം പഠിക്കേണ്ടതുണ്ടെന്നുതോന്നുന്നു. മാറിമറയുന്ന വിദ്യാഭ്യാസ പരിപ്രേക്ഷ്യങ്ങളിൽ സാമൂഹികജ്ഞാനനിർമ്മിതിവാദം (Social Construction) ക്ലാസ്മുറികളിൽ പ്രകമ്പനം സൃഷ്ടിച്ചുതുടങ്ങിയിരിക്കുന്നു. തന്റെ ജീവിതത്തിന്റെ സാംസ്കാരികാടിത്തറകളെ തൊട്ടു കൊണ്ടുപഠിക്കാൻ ആദിവാസിക്കുട്ടിയ്ക്ക് എന്നിട്ടും സാധ്യമായിട്ടില്ല എന്നതും മറ്റൊരു സത്യമാണ്. എന്റെ ഭാഷയും എന്റെ സംസ്കാരവുമാണ് ഞാൻ ക്ലാസ്മുറിയിൽ തേടുന്നതെങ്കിൽ, ഗോത്രവിഭാഗത്തെ സംബന്ധിച്ചും ഈ അന്വേഷണവും വളരെ പ്രധാനമല്ലേ? ഗോത്രസംസ്കാരവും, അതിന്റെ അറിവിടങ്ങളും കലാപൈതൃകങ്ങളും പഠിക്കേണ്ടതും സൂക്ഷിക്കേണ്ടതുമാണെന്ന് നാമെന്നാണിനി തിരിച്ചറിയുക! ഭൂമിയുടെ പാരിസ്ഥിതിക-സൗന്ദര്യങ്ങളെ സൂക്ഷിക്കുകയും ആരാധിക്കുകയും ചെയ്ത ഒരു ജനത അരികു ചേർത്ത് നിഷ്പ്രഭരായി മണ്ണിൽ നിന്നും മറയുന്നതിന് മുമ്പ് ചിലതെങ്കിലും നമുക്ക് ചെയ്യേണ്ടതുണ്ട്. സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണിവർ. പാവപ്പെട്ടവന്റെയും ദലിതന്റെയും സ്ത്രീയുടെയും കരച്ചിലുകൾക്ക് ആഴവും മുഴക്കവും വർദ്ധിച്ചിരിക്കുകയാണ്... ഒരു ചെറിയ കൈത്താങ്ങ് കൊണ്ടെങ്കിലും അവരുടെ സംഘചോദനയെ ഉണർത്തുവാൻ നമുക്ക് കഴിയട്ടെ എന്ന് പ്രത്യാശിക്കുകയാണ് ഇപ്പോൾ. ◯

*പ്രീത ജെ.പ്രിയദർശിനി, ആദിവാസി മേഖലയായ മേപ്പാടിയിൽ ദശകങ്ങളായി അധ്യാപികയായി ജോലി ചെയ്യുന്നു.*



സി.കെ. ജാനു

# അമ്പലവയൽ മലയച്ചം കോളനിയിലെ സംഭവങ്ങൾ



**തീ**ർത്തും മനുഷ്യത്വരഹിതമായ സംഭവങ്ങളാണ് മലയച്ചം കോളനിയിൽ നടന്നത്.

കാരാപ്പുഴയിൽ നിന്നും കുടിയിറക്കപ്പെട്ട ആദിവാസികളാണ് അമ്പലവയൽ പഞ്ചായത്ത് അതിർത്തിയോടു ചേർന്ന മലയച്ചം കോളനിയിൽ താമസിക്കുന്നവർ. പന്ത്രണ്ടോളം കുടുംബക്കാർ അവിടെത്തന്നെ കാലാകാലങ്ങളായി താമസിക്കുന്നവരാണ്. പണിയ സമുദായത്തിൽ പെട്ടവരാണ് എല്ലാം. അവിടെ ചെറുപ്പക്കാരായ പുരുഷന്മാരൊക്കെ പുറത്ത് ജോലിക്ക് പോയവരോ തികഞ്ഞ മദ്യപാനികളോ ആണ്. പ്രായമായവരും സ്ത്രീകളും പെൺകുട്ടികളും മാത്രമാണ് കോളനിയിൽ ബാക്കിയുള്ളത്. പുറമേ നിന്നു വന്നവർ സ്ത്രീകളോടൊപ്പം കഴിയുന്നുണ്ട്. കല്യാണം കഴിക്കാമെന്ന ഉറപ്പിലാണ് ജീവിക്കുന്നത്. പക്ഷേ, നിയമപരമായ കല്യാണങ്ങൾ നടന്നിട്ടില്ല. മൂന്നോ നാലോ കുട്ടികൾ ആയശേഷം അവരോടൊപ്പം ജീവിച്ച പുരുഷന്മാർ സ്ഥലം വിടും. മൂന്നും

നാലും വയസ്സായ കുട്ടികളെ പോറ്റുന്നതിന് ഈ അവിവാഹിത അമ്മമാർ കോഴിക്കോട് പോലുള്ള നഗരങ്ങളിൽ വീടുപണിക്ക് പോയിരിക്കുന്നു.

പുറമേ നിന്ന് വന്ന് ഇവിടുത്തെ സ്ത്രീകളോടൊപ്പം ജീവിക്കുന്നവരും അവരുടെ കൂട്ടുകാരാണെന്ന് പറഞ്ഞുവരുന്നവരുമാണ് പതിനഞ്ചും പതിനാറും വയസ്സായ പെൺകുഞ്ഞുങ്ങളെ ശാരീരികമായി പീഡിപ്പിച്ച് ഗർഭിണികളാക്കിയത്. അതിലൊരാൾ 9 മാസവും മറ്റൊരു കുട്ടി 7 മാസവും ഗർഭിണിയാണ്. പതിനാലു വയസ്സുള്ള ഒരു പെൺകുട്ടിയെയാണ് മദ്യം കുടിപ്പിച്ച് കൈകാലുകൾ കെട്ടിയിട്ട് പീഡിപ്പിച്ചത്. ഇത് ചെയ്തതും പുറമേ നിന്ന് വന്ന് ആദിവാസി സ്ത്രീയോടൊപ്പം ജീവിക്കുന്ന ഒരാളാണ്. ആ സ്ത്രീ ഇതിനു വേണ്ട ഒത്താശ ചെയ്തു എന്നും പറയുന്നു. കുട്ടിയുടെ അച്ഛനമ്മമാർ പലപ്രാവശ്യം അമ്പലവയൽ പോലീസ് സ്റ്റേഷനിൽ പരാതിപ്പെട്ടിട്ടും കേസെടുത്തില്ലെന്ന് മാത്രമല്ല, "ഇനിയും വന്നാൽ നിങ്ങളുടെ പേരിൽ കേസ്സെടുക്കു"മെന്ന് ഭീഷണിപ്പെടുത്തിയതായും പറയുന്നു.

ഈ അവസരത്തിലാണ് മാദ്ധ്യമങ്ങളുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് വരുന്നതും വാർത്ത പുറംലോകം അറിയുന്നതും. ഈ സംഭവത്തിൽ ഉത്തരവാദികളായവരെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഏപ്രിൽ 23ന് വയനാട് ജില്ലാ കലക്ടറേറ്റിന് മുന്നിൽ ഞങ്ങൾ ധർണ നടത്തിയിരുന്നു. ഇതിൽ രണ്ടുപേരെ, കോളനിയിൽ വന്നു താമസിക്കുന്ന ആളെയും (പൗലോസ്) ഒപ്പമുള്ള സ്ത്രീ (ബിന്ദു) യെയും അറസ്റ്റു ചെയ്തു. ബാക്കിയുള്ള അവിവാഹിത അമ്മമാർ കൊടുത്ത പരാതികൾ ഒന്നും പരിഗണിച്ചിട്ടില്ല.

പുറമെ പോയി പഠിക്കാൻ സാധിക്കാത്തതിനാൽ വീട്ടിൽ നിന്നു പോയി പഠിക്കുന്ന വിദ്യാർത്ഥികളാണ് പീഡിപ്പിക്കപ്പെട്ടത്. യാത്ര ചെയ്യുമ്പോഴോ,



പുരുഷന്മാരെ പ്രകോപിപ്പിക്കുന്ന വിധം നടന്നിട്ടോ അല്ല അവർ പീഡിപ്പിക്കപ്പെട്ടത്. അവർ താമസിക്കുന്ന വീട്ടിൽ ചെന്ന് ബലമായി അവരെ ആക്രമിക്കുകയായിരുന്നു.

നിസ്സഹായരായ അവരെ രക്ഷിക്കേണ്ട അധികാരികൾ ഒരു സഹായവും ചെയ്തു കൊടുത്തില്ല. ഇതിനു മുമ്പ് കോളനികളിൽ അവിവാഹിത അമ്മമാരെ ഉണ്ടാക്കിയ സാമൂഹ്യ വിരുദ്ധരിൽ ഒരാളെയെങ്കിലും മാതൃകാപരമായി ശിക്ഷിച്ചിരുന്നുവെങ്കിൽ കാര്യങ്ങൾ ഇത്ര മോശമാവില്ലായിരുന്നു എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. പകരം അവരെ രക്ഷിക്കാനാണ് പോലീസ് ശ്രമിച്ചത്.

ഇത്തരം സാഹചര്യത്തിൽ നീതിന്യായ വ്യവസ്ഥയുടെ യഥാർത്ഥ സഹായം ഉണ്ടായില്ലെങ്കിൽ ഞങ്ങൾക്കും പ്രതികരിക്കേണ്ടിവരും. കോളനികളിൽ "ജാഗ്രതാ സമിതികൾ" ഉണ്ടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദിവാസി സ്ത്രീകളെ നിയമപരമായി കല്യാണം കഴിക്കാതെ ഒരാളേയും കോളനിയിൽ താമസിക്കാൻ സമ്മതിക്കില്ല.

മലയച്ചം കോളനിയിലേത് ഒറ്റപ്പെട്ട സംഭവമല്ല. ദിവസവും എന്നതുപോലെ കൊച്ചു പെൺകുട്ടികൾ പീഡനത്തിന് ഇരയാവുന്നുണ്ട്.

പത്തും പതിനൊന്നും വയസ്സായ ആൺകുട്ടികളെ പുറമേ നിന്നുവരുന്നവർ മദ്യം കൊടുത്ത് പാട്ടിലാക്കുന്നുണ്ട്. കർണ്ണാടകയിൽ ഇഞ്ചിപ്പണിയിലേക്കു പോകുന്നവർക്ക് വൈകുന്നേരം ഒരു പാക്കറ്റ് ചാരായം നൽകിയാൽ ഏഴുമണിവരെ ജോലി ചെയ്യിക്കാം. നൂറും നൂറ്റമ്പതും പേർ ഒരുമിച്ച് ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ രണ്ട് മണിക്കൂർ അധികജോലിക്ക് ചെലവ് ചാരായം മാത്രം!

പുരുഷന്മാരെ മദ്യം നൽകി നശിപ്പിച്ചും സ്ത്രീകളെ പീഡിപ്പിച്ചും വംശഹത്യയ്ക്കാണ് സാമൂഹ്യ വിരുദ്ധരായ ഇക്കൂട്ടർ ശ്രമിക്കുന്നത്.

തീർച്ചയായും ആദിവാസികളെയല്ല. ഈ സാമൂഹ്യവിരുദ്ധരെയാണ് ഭരണാധികാരികളും ബന്ധപ്പെട്ട പ്രവർത്തകരും ബോധവൽകരിക്കേണ്ടത്. ◯




വിജയലക്ഷ്മി അമ്പലവയൽ



# ആദിവാസി പ്രശ്നങ്ങൾ പരിഹാരങ്ങൾ

ആദിവാസി ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ കോടികളുടെ ഫണ്ടുകൾ ഒഴുകുമ്പോഴും കോരന് കുമ്പിളിൽ തന്നെ കഞ്ഞി.

സമൂഹത്തിലെ ദുർബ്ബല-അധഃസ്ഥിത ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിനായുള്ള സർക്കാർ പദ്ധതികൾ കേവലം പ്രഹേളികയായി മാറിക്കൊണ്ടിരിക്കുകയാണ്.



സർക്കാർ പ്രഖ്യാപനങ്ങളിലെ നിർദ്ദേശങ്ങളും കോടികളും ഏട്ടിലെ പശുവായി മാറുമ്പോൾ സമൂഹത്തിൽ നിന്ന് പാർശ്വവത്കരിക്കപ്പെട്ട് അടിസ്ഥാന ജീവിത സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെട്ട് പ്രാഥമികാവശ്യങ്ങളെ കുറിച്ച് പോലും അജ്ഞരായി ജീവിതമെന്ന ശാപം അനുഭവിച്ച് തീർക്കുകയാണ് കാടിന്റെ മക്കൾ.

വയനാട് ജില്ലയിലെ ആദിവാസി കോളനികളിൽ മദ്യപാനവും സാമൂഹ്യവിരുദ്ധരുടെ അഴിഞ്ഞാട്ടവും തുടർക്കഥയാണ്. കോളനി നിവാസികളുടെ അജ്ഞതയും ദാരിദ്ര്യവും ചൂഷണം ചെയ്ത് മദ്യം നൽകി സ്ത്രീകളെ ലൈംഗികമായി ദുരുപയോഗം ചെയ്യുന്ന പ്രവണത നിത്യസംഭവമാണ്. കോളനികളിലെ സംഭവവികാസങ്ങൾ പലപ്പോഴും പുറംലോകമറിയുന്നത് ദുരന്തങ്ങൾ

ഉണ്ടാവുമ്പോൾ മാത്രമാണ്. സർക്കാറിന്റെ അടിയന്തിര ഇടപെടലും നിതാന്ത ജാഗ്രതയോടുകൂടിയുള്ള പ്രവർത്തനങ്ങളും കോളനികളിൽ അനിവാര്യമാണെന്നിരിക്കെ നിലവിൽ തുടരുന്ന കുറ്റകരമായ അനാസ്ഥ കുറ്റകൃത്യങ്ങൾ വർദ്ധിക്കാൻ ഇടയാക്കുന്നു.

കോളനികൾക്ക് സമീപത്തുള്ള വ്യാജവാറ്റും മദ്യ-മയക്കുമരുന്നു വില്പനയും ലൈംഗിക അതിക്രമങ്ങൾക്കിടയാക്കുന്നു. ചില ആദിവാസികൾക്ക് മദ്യത്തോടുള്ള ആസക്തിയെ ചൂഷണം ചെയ്താണ് സാമൂഹ്യ ദ്രോഹികളുടെ ഇത്തരം വിധ്വംസക പ്രവർത്തനങ്ങൾ അരങ്ങേറുന്നത്. വിവാഹവാഗ്ദാനം നൽകി പ്രലോഭിപ്പിച്ച് നടത്തുന്ന ലൈംഗിക ചൂഷണ ഫലമായി നിരവധി അവിവാഹിത ആദിവാസി അമ്മമാരുടെ നാടായി മാറി വയനാട്. അവിവാഹിതരായ പല യുവതികളും ഗർഭഛിദ്രം നടത്തിയിട്ടുമുണ്ട്. മദ്യമോ സാമ്പത്തിക സഹായങ്ങളോ ലഭിക്കുന്നതോടെ ലൈംഗികാതിക്രമങ്ങൾക്ക് രക്ഷിതാക്കൾ കൂട്ട് നിൽക്കുന്ന പതിവുപോലുമുണ്ട്. അന്യസംസ്ഥാനങ്ങളിൽ ജോലി സ്ഥലങ്ങളിലെ പീഡനത്തെത്തുടർന്ന് കഴിഞ്ഞ ഏതാനും വർഷങ്ങളായി നൽപത്തിയേഴ് പേരാണ് മരണമടഞ്ഞത്. കർണ്ണാടകത്തിലെ ഇഞ്ചിപ്പാടങ്ങളിൽ അവിവാഹിതരായ വയനാടൻ ആദിവാസി അമ്മമാരുടെ എണ്ണവും ചെറുതല്ല.

കോളനികളിലെ മദ്യാസക്തിക്കെതിരെയുള്ള ആരോഗ്യ വകുപ്പിന്റെ 'മദ്യമുക്തി' പദ്ധതി ഫലപ്രദമായി നടപ്പാകുന്നില്ല. മദ്യശാലകളിൽ നിന്നും മദ്യം വാങ്ങി വിൽപന നടത്തുന്നവർ കോളനികളിൽ തന്നെയുണ്ട്. ഇവരുടെ ഇരകളിലധികവും സ്ത്രീകളും കുട്ടികളുമാണ്. മദ്യശാലകളിൽ നേരിട്ടെത്തി മദ്യം വാങ്ങി വഴിയോരങ്ങളിലും തെരുവോരങ്ങളിലും വീണുകിടക്കുന്ന ആദിവാസി സ്ത്രീകൾ പല കോളനികളിലേയും ദുരന്തക്കാഴ്ചയാണ്. കോളനികൾ കേന്ദ്രീകരിച്ച് മാസത്തിലൊരിക്കൽ



കോളനികളിലെ മദ്യാസക്തിക്കെതിരെയുള്ള ആരോഗ്യ വകുപ്പിന്റെ 'മദ്യമുക്തി' പദ്ധതി ഫലപ്രദമായി നടപ്പാകുന്നില്ല. മദ്യശാലകളിൽ നിന്നും മദ്യം വാങ്ങിവിൽപന നടത്തുന്നവർ കോളനികളിൽ തന്നെയുണ്ട്. ഇവരുടെ ഇരകളിലധികവും സ്ത്രീകളും കുട്ടികളുമാണ്.

പോലീസ് സ്റ്റേഷൻ നേതൃത്വത്തിൽ ബോധവത്കരണം നടത്തണമെന്നുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല. കുറ്റവാളികൾക്ക് രക്ഷപ്പെടാൻ സാധിക്കുന്ന തരത്തിൽ പഴുതുകൾ ഇട്ടുകൊണ്ടുള്ള അന്വേഷണവും പ്രതികളുടെ രാഷ്ട്രീയ ബന്ധവുമാണ് കുറ്റവാളികൾ ശിക്ഷിക്കപ്പെടാതിരിക്കാനുള്ള കാരണം. ജില്ലയിലെ എസ്.എം.എസ്. സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ആദിവാസി മേഖലകളിൽ വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് വർഷം തോറും കോടികൾ ചെലവഴിക്കുന്നുവെന്നിരിക്കെ ചെറുപ്രായത്തിൽ തന്നെ പഠനം ഉപേക്ഷിക്കുന്നവരുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് കാണുന്നത്. ആദിവാസി വിദ്യാർത്ഥികളിൽ പലരും പ്രാഥമിക വിദ്യാഭ്യാസത്തിന് പോലും മടിക്കുന്നു.

ആദിവാസി വിദ്യാർത്ഥി ഉന്നമനം ലക്ഷ്യ വെച്ച് കോളനികളിൽ സ്ഥാപിച്ച ഏകാധ്യാപക വിദ്യാലയ സമ്പ്രദായം ഫണ്ടില്ലെന്ന കാരണത്താൽ നിലച്ചു. പൊതു





വിദ്യാഭ്യാസ മേഖല നേരിടുന്ന കടുത്ത തകർച്ച ഏറ്റവും പ്രതികൂലമായി ബാധിച്ചത് ആദിവാസി വിദ്യാർത്ഥികളേയാണ്. അനംഗീകൃത -അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വളർച്ചയുടെ ഫലമായി സർക്കാർ വിദ്യാലയങ്ങൾ അകാല ചരമമടയുമ്പോൾ ഇരുളടയുന്നത് സാധാരണക്കാരായ ആദിവാസികളുടെ മക്കളുടെ ഭാവിയാണ്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ശോചനീയാവസ്ഥയും ആദിവാസി കുട്ടികൾ കൂടുതൽ പഠിക്കാൻ ഇഷ്ടപ്പെടുന്ന കോഴ്സുകളുടെ അഭാവവുമാണ് വിദ്യാഭ്യാസ മേഖലയിലെ ശോചനീയാവസ്ഥയുടെ മൂല കാരണം. പ്രാഥമിക പഠനാനന്തരം ഉന്നത പഠനത്തിനായി ശ്രമിക്കുമ്പോൾ അത്തരം സ്ഥാപനങ്ങളോ കോഴ്സുകളോ ജില്ലയിൽ ഇല്ലെന്നതും വിദ്യാഭ്യാസത്തിന്റെ തുടർ പ്രയാണത്തിന് തടസ്സം സൃഷ്ടിക്കുന്നു. അന്യ ജില്ലകളിലും സംസ്ഥാനങ്ങളിലും ഉന്നത വിദ്യാഭ്യാസത്തിനായി ഭീമമായ സംഖ്യ മുടക്കാനുള്ള ശേഷിയും ഇക്കൂട്ടർക്കില്ല.

അരിവാൾ രോഗവും ക്യാസനൂർഫോറസ്റ്റ് ഡിസീസ് (കെ.എസ്.ഡി.) എന്ന കുരങ്ങുപനിയും വയനാടൻ ആദിവാസി ഊരുകളെ ഭീതിയിലാഴ്ത്തിയിരിക്കുയാണ്. അരിവാൾ രോഗം നിമിത്തമായി നിരവധിയാളുകളാണ് കഴിഞ്ഞ കാലങ്ങളിൽ ജില്ലയിൽ മരണമടഞ്ഞത്.

ഏറ്റവും ഒടുവിൽ കുരങ്ങുപനി ആദിവാസി ജനതയെ കടന്നാക്രമിക്കുമ്പോൾ ആരോഗ്യവകുപ്പും സർക്കാർ സംവിധാനങ്ങളുമെല്ലാം നിഷ്ക്രിയമാവുകയാണ്. കുരങ്ങുപനി നിമിത്തം നിരവധി പേർ മരണമടയുകയും അതിലേറെ പേർ ഭീതിജനകമായ സാഹചര്യത്തിലായിട്ടും ഭരണ സംവിധാനങ്ങൾക്ക് കാഴ്ചക്കാരുടെ റോൾ മാത്രം. നിസ്സഹായരായ ആദിവാസി വിഭാഗങ്ങളോട് ഭരണകൂടം പുലർത്തേണ്ട സാമാന്യ മര്യാദ പോലും സർക്കാർ കാണിച്ചിട്ടില്ല. മണിപ്പാലിലെ സെന്റർഫോർ വൈറസ് റിസർച്ച് ലാബിലാണ് നിലവിൽ കുരങ്ങുപനിയുമായി ബന്ധപ്പെട്ട രക്തപരിശോധന നടത്തുന്നത്. ഇവിടെ നിന്നും പരിശോധനാഫലം ലഭിക്കാൻ ദിവസങ്ങൾ എടുക്കുമെന്നിരിക്കെ ജില്ലയിൽ കുരങ്ങു പനി നിർണ്ണയ ലാബ് തുടങ്ങണമെന്ന ആവശ്യത്തോട് പോലും പുറം തിരിഞ്ഞ് നിൽക്കുയാണ് സർക്കാർ.

ചുരുക്കത്തിൽ ആദിവാസി ക്ഷേമത്തിനായുള്ള സർക്കാർ പ്രഖ്യാപനങ്ങളിലെ പ്രഹസനങ്ങൾ പകൽപോലെ വ്യക്തമാണ്.

സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള അന്തരമാണിവിടെ കാണാൻ കഴിയുന്നത്. ഈ ദുരവസ്ഥക്ക് മാറ്റം വന്നേ മതിയാകൂ.

പ്രഖ്യാപനങ്ങളിലെ വാചാലതകളല്ല മറിച്ച് ആർജ്ജവത്തോട് കൂടിയുള്ള നടപടികളാണാവശ്യം. സമൂഹവും ഭരണകൂടവും നിസ്സംഗത വെടിഞ്ഞ് ഉണർന്ന് പ്രവർത്തിച്ചേ മതിയാകൂ. സാമൂഹ്യ പ്രവർത്തകരും ട്രൈബൽ പ്രമോട്ടർമാരും ഹെൽത്ത് പ്രമോട്ടർമാരും പോലീസ് - എക്സൈസ് വിഭാഗങ്ങളും കർമ നിരതരാവേണ്ടതുണ്ട്.

ആദിവാസി വിഭാഗങ്ങളോടും അവരുടെ വിഷയങ്ങളോടുമുള്ള ഭരണകൂടത്തിന്റെ വിമുഖതയും ഉദാസീനതയുമാണ് പ്രാഥമികമായി തിരുത്തപ്പെടേണ്ടത്. ○

*വിജയലക്ഷ്മി, അമ്പവയൽക്കാരിയായ വിജയലക്ഷ്മി കുറുമ്പ സമുദായാംഗമാണ്. പൊതു പ്രവർത്തകയാണ്. അരിവാൾ രോഗികൾക്കുവേണ്ടിയും പ്രവർത്തിക്കുന്നു.*

# ലോകഭൂപടത്തിലെ ദിക്കറിയാത്ത പക്ഷികൾ



കസ്തൂരിബായി സി.

**ജീ**വിതത്തിന്റെ ഒരു നിർവ്വചനങ്ങൾക്കും വഴങ്ങാതെ ആദിവാസി സമൂഹം വയനാടിന്റെ പിന്നാക്കാവസ്ഥയിൽ ഇന്നും ഒരു ചോദ്യചിഹനമായി നിലനിൽക്കുകയാണ്. ഏറെ ചർച്ച ചെയ്യപ്പെടുകയും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രശ്നമാണ് വയനാട്ടിലെ ആദിവാസി സമൂഹത്തിന്റെ അവസ്ഥാന്തരങ്ങളും ഇന്നത്തെ സ്ഥിതിയും.

ആഗോളവത്കരണത്തിന്റെ ആകുലതകളോ, മാറുന്ന രാഷ്ട്രീയ കാലാവസ്ഥയോ, പെഷവാറിലെ കൂട്ടക്കുരുതിയോ ഭീകരവാദമോ ഒന്നും അവരിലൂടെ കടന്നുപോകുന്നില്ല. അവർ ഈ പ്രശ്നങ്ങളിലൂടെയും കടന്നുപോകുന്നില്ല. മംഗൾയാൻ, ചരിത്രനേട്ടങ്ങൾ ഒന്നും അവർ അറിയുന്നില്ല. ആഘോഷിക്കുന്നില്ല. സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം ഇവയെല്ലാം മറ്റാരുടേതോ ആണ്.

നിലവിലുള്ള എല്ലാ വിദ്യാലയ സൗകര്യങ്ങളെയും നിഷേധിച്ചുകൊണ്ട് കുട്ടികൾ സ്വയം പ്രഖ്യാപിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തണലിൽ ഉല്ലസിക്കുന്നു. വൈകിപ്പോകുന്ന തിരിച്ചറിയലുകൾ പാഴായിപ്പോവുകയാണ് പതിവ്. വിദ്യാലയ പരിസരങ്ങൾ എന്തുകൊണ്ട് അന്യമാകുന്നു? ജീവിത നൈരന്തര്യങ്ങളിൽ നിന്ന് ക്രമരഹിതമായ മറ്റൊന്നിലേക്ക് എന്തിനാണിവർ വഴുതി



ജീവിതത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ വരെ ഇനിയും നേടാത്തവരാണ് ഭൂരിപക്ഷവും. വിശപ്പ് ഇപ്പോഴും അവൾക്കൊരു രോഗമാണ്. ഈ അവസ്ഥയിൽ വിദ്യാഭ്യാസം അവർക്കാവശ്യമേയല്ല. ലഹരിയിൽ പൂക്കുന്ന യുവതലമുറ അകാലവാർദ്ധക്യത്തിലേക്ക് ഒഴുകുന്നു. പിന്നെ എങ്ങനെയാണ് മാറ്റമുണ്ടാകുക ? ലോകം സത്വരം പുരോഗമിക്കുമ്പോൾ പരസ്പരം അപരിചിതമാക്കിക്കൊണ്ട് മഹത്തായ ഒരു ആദിവാസി സംസ്കാരം പിൻവാങ്ങുകയാണ്. ഫല ശൂന്യതയുടെ മഹാ പീഡനങ്ങളിൽ നിന്നും എന്നാണ് ഇവർക്കൊരു മോചനം ?



പ്പോകുന്നത്. സർക്കാറിന്റെ ധാരാളം പദ്ധതികൾ ഉണ്ടായിട്ടും ഫലപ്രദമാകാത്തത് എന്താണ് ? എവിടെയാണ് നമുക്ക് തെറ്റുന്നത്? ജീവിതത്തിൽ പ്രകൃതിയുടെ താളം അറിയുന്ന ഇവരുടെ ജീവിതതാളം നാം തിരിച്ചറിയാത്ത താണോ? ഗൗരവത്തോടെ ചിന്തിക്കേണ്ടിയിരിക്കുന്നു.

അവർക്ക് അവരുടെ സാംസ്കാരികത്തനിമ നഷ്ടമായിരിക്കുന്നു. വയനാടൻ കാടുകളും മലകളും പുഴകളും അവരുടേതായിരുന്നു. നഗ്നപാദങ്ങൾ കൊണ്ടവർ ഏറെയേറെ ദൂരങ്ങൾ അളന്നിരുന്നു. പ്രകൃതിക്കൊപ്പം ശ്വസിച്ചിരുന്നു. രാത്രിയുടെ ഇരുളിനെയും മഞ്ഞിന്റെ തണുപ്പിനെയും തുടി താളങ്ങൾ കൊണ്ടും കുഴൽ വിളികൾ കൊണ്ടും സ്നേഹിച്ചിരുന്നു. വിശപ്പിനെ മറന്നിരുന്നു. ഇപ്പോൾ അവർക്ക് കാടുമാത്രമല്ല നാടുമില്ലാതായിരിക്കുന്നു.

സാംസ്കാരിക മുന്നേറ്റങ്ങളിൽ, അക്ഷരത്തിന്റെ മായിക ലോകത്തിൽ നിന്ന് എല്ലാം പുറം തിരിഞ്ഞുനിൽക്കുന്ന ഈ സമൂഹത്തെ അതിന്റെ തനിമ നിർത്തിക്കൊണ്ട് തന്നെ എങ്ങനെ പൊതുധാരയിലേക്ക് കൊണ്ടുവരാം എന്നതാണ് ചിന്തിക്കേണ്ടത്.

അവർക്ക് അവരുടേതായ സംസ്കാരമുണ്ട്. ആചാരങ്ങളും ആഘോഷങ്ങളുമുണ്ട്, സ്വപ്നങ്ങളും ചിന്തകളുമുണ്ട്, സന്തോഷമുണ്ട്. പക്ഷേ എല്ലാം ഇന്നവർക്ക് നഷ്ടമായിരിക്കുന്നു. അവരുടെ സ്വപ്നങ്ങളിലും പുനർജന്മ ചിന്തകളിലുംവരെ അവർ മേലാളന്മാർക്ക് പണിയെടുക്കുന്നവരായിട്ടാണ് സങ്കല്പിക്കുന്നതെന്ന് അവരുടെ പാട്ടുകളിലുണ്ട്. സ്വപ്നങ്ങളിൽപോലും നൂറ്റാണ്ടുകളായി അനുഭവിച്ചു വന്ന അടിമത്തം പ്രതിഫലിക്കുന്നു.

ജീവിതത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ വരെ ഇനിയും നേടാത്തവരാണ് ഭൂരിപക്ഷവും. വിശപ്പ് ഇപ്പോഴും അവൾക്കൊരു രോഗമാണ്. ഈ അവസ്ഥയിൽ വിദ്യാഭ്യാസം അവർക്കാവശ്യമേയല്ല. ലഹരിയിൽ പൂക്കുന്ന യുവതലമുറ അകാലവാർദ്ധക്യത്തിലേക്ക് ഒഴുകുന്നു. പിന്നെ എങ്ങനെയാണ് മാറ്റമുണ്ടാകുക ?

ലോകം സത്വരം പുരോഗമിക്കുമ്പോൾ പരസ്പരം അപരിചിതമാക്കിക്കൊണ്ട് മഹത്തായ ഒരു ആദിവാസി സംസ്കാരം പിൻവാങ്ങുകയാണ്. ഫല ശൂന്യതയുടെ മഹാ പീഡനങ്ങളിൽ നിന്നും എന്നാണ് ഇവർക്കൊരു മോചനം ? നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന സൗജന്യങ്ങൾ ഒന്നുംതന്നെ ഈ അശിക്ഷിത ഭൂമിയിൽ പച്ചപ്പുണ്ടാക്കുന്നില്ല. ഇനിയും ദിശ വ്യക്തമാക്കപ്പെടാത്ത ഈ പക്ഷികൾക്ക് പക്ഷേ പറക്കാതെ വയ്യല്ലോ. ◯

*കസ്തൂരിബായി സി. വർഷങ്ങളായി ആദിവാസി മേഖലയിലെ അധ്യാപികയായി ജോലി നോക്കുന്നു. സാംസ്കാരിക സാമൂഹ്യരംഗത്തെ സജീവസാന്നിദ്ധ്യം.*



# തനത് പാട്ടുകൾ



കൃഷ്ണവേണി

**അടിയാർ**

ഉറവയില്ലാത്തിടത്ത് മണ്ണിട്ട് അല്പം ഉയർത്തി മണ്ണും ചാണകവും കൂട്ടിമെഴുകി അതിന്മേൽ കരി തേച്ചുപിടിപ്പിച്ച് കണ്ണാടി പോലെ മിനുസപ്പെടുത്തിയ നിലം. മൂത്ത മുളംതണ്ടുകളിൽ താങ്ങി നിർത്തി വൃത്തിയായി വൈക്കോൽ മേഞ്ഞ മേൽക്കൂര. ഓടയോ മുളയോ പ്രത്യേകരീതിയിൽ മെടഞ്ഞ് പശമണ്ണ് കുഴച്ച് തേച്ച് പിടിപ്പിച്ച് മീതെ വെൺകളി മണ്ണ് കൊണ്ട് ചായം കൊടുത്ത ഭിത്തികളും അതേ പോലുള്ള വാതിലുകളും ജനാലകളും. താണ ഇറയം. പിൻഭാഗത്തെ ഇറയത്ത് തുറന്ന അടുക്കള. മുറ്റത്തരികിൽ തേച്ചുമിനുക്കിയ പാത്രങ്ങൾ വെയിലത്ത് വെട്ടിത്തിളങ്ങും. ഇത്തരം കുഞ്ഞു വീടുകളുടെ കൂട്ടം. ഒരറ്റത്ത് ദൈവപ്പുര. ഒന്നോരണ്ടോ ദിവസത്തെ കൂട്ടായ അദ്ധ്വാനം മതി വീടുണ്ടാക്കാൻ.

ഏകദേശം നാല്പതുവർഷം മുമ്പത്തെ അടിയാപ്പുരകളുടെ ചിത്രമാണിത്. അന്ന് ഒട്ടുമിക്ക തമ്പുരാക്കന്മാരുടെ വീടും അതുപോലൊക്കെത്തന്നെ. അവിടെ മരം ഉപയോഗിച്ചിട്ടുണ്ടാകുമെന്ന് മാത്രം. വേനൽക്കാലത്ത് നല്ല കുളിർമ്മയും തണുപ്പുകാലത്ത് ഇളം ചൂടുമായിരുന്നു ഇത്തരം വീടുകളിൽ. ചുറ്റുപാടും കാണുന്ന വസ്തുക്കൾതന്നെയാണ് ഗൃഹനിർമ്മാണത്തിന് ഉപയോഗിക്കുന്നത് എന്നതിനാൽ സാമ്പത്തിക ബാധ്യതയും വരുന്നില്ല.

ക്രമേണ വയൽകൃഷി വാഴയ്ക്കും ഇഞ്ചിക്കും വഴിമാറി. വൈക്കോൽ, മുള എന്നിവ കിട്ടാനില്ലാതായി. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി തീർക്കാത്ത എല്ലുകൾ പുറത്തുകാണുന്ന, ചൂടുകാലത്ത് ചുട്ടുപൊള്ളുകയും മഴക്കാലത്ത് ചോർന്നൊലിക്കുകയും ചെയ്യുന്ന, കോൺക്രീറ്റ് കൂടുകൾ നാമവർക്ക് പണിതുനൽകിയിരിക്കുന്നുവല്ലോ. ഇന്നത്തേക്കാൾ ദാരിദ്ര്യമായിരുന്നു അന്ന്. പുലർച്ച

മുതൽ കഠിനാദ്ധ്വാനം ചെയ്താൽ കിട്ടുന്ന രണ്ട് വള്ളം (നാഴിയേക്കാൾ അല്പം കൂടുതൽ അളവാണ ത്) പച്ച നെല്ല് വറുത്ത് കുത്തി അരിയാക്കി കഞ്ഞി വെക്കാൻ സമയം വേണം. ജോലിയുടെ ക്ഷീണവും വിശപ്പും മറക്കണം. ഒരാൾ മെല്ലെയെഴുന്നേറ്റ് തുടി യൊന്നു കൊട്ടിനോക്കും. വേറൊരാൾ ചീനി ഊതാൻത്തുടങ്ങും. ഉറക്കം തൂങ്ങി കൂനിക്കൂടിയിരി ക്കുന്ന മുത്തശ്ശിയോടു കൊഞ്ചും.

"ചേമ്പുചുരക്കായ് വേവോളനേര-
പാണിയപെരിയാട്ടി പാടുത്തേ...
തന്താ തന്തനെ, തന്താതന്തനെ
തന്താതന്തനെ പാടുമീ...
കാളിപെരണാത്തി...
കഞ്ചികൊടുത്തനെ തേച്ചോണ്ടുപോവാ
കാളിപെരണാത്തി...
എണ്ണകൊടുത്തനെ കുടിച്ചോണ്ടുപോവാ
കാളിപെരണാത്തി...
ഓടപ്പിളാപ്പിലി നീരുകൊണ്ടവളു
പുള്ളെക്കു ബാക്കുവാ...
പുള്ളെക്കു പൊത്തന ചീളു
കൊണ്ടവളു ദേവർക്കു ചൂടുവാ
ദേവർക്കു മൂടിന പട്ടുകൊണ്ടവളു
പുള്ളെക്കു പൊത്തുവാ...
മകൻ കരയുമ്പോൾ ചീനിക്ക (സോപ്പിൻകാ)



തുടിയറയിന്റോ, ചീനിവിളിയുന്റോ
പണിയപെരിയാട്ടി പാടുത്തേ..."

മുത്തശ്ശി മെല്ലെയുണരും. പാട്ടും ആട്ടവും തുടങ്ങും. വേദനകളും വിശപ്പും അതിലൊടുങ്ങും. മാരിയേയും ദൈവങ്ങളേയും പേയ്കളെയും (ആത്മാ ക്കളെയും) വിളിച്ചുണർത്തും. അവരോട് സുഖവും സന്തോഷവും ദുഃഖങ്ങളും പങ്കുവെക്കും.

"മലേന്റങ്കുടു മല്ലികപ്പൂവു
കാളിപെരണാത്തി..." എന്നെത്തും. സുന്ദരിയായ കാളിപ്പെണ്ണിനെക്കുറിച്ചുള്ള പാട്ടാണത്. മലമുകളിൽ ഉയർന്ന് പൂത്തുനിൽക്കുന്ന മല്ലികപ്പൂ പോലെ സുന്ദരി യായ കാളിപ്പെണ്ണിന് ഒരബദ്ധം പറ്റി. ആരോ അവളെ ചതിച്ചു. ആരെന്നറിയില്ല. സമനിലതെറ്റിയ പെണ്ണിന്റെ അവസ്ഥ.

"ചിക്കകരഞ്ഞെങ്കു ചീനിക്കുപോവാ
കാളിപെരണാത്തി...
പെണ്ണുകിരഞ്ഞെങ്കി പൂവുക്ക് പോവാ
അന്വേഷിച്ചും പെൺകുഞ്ഞ് കരയുമ്പോൾ പൂവുതേ ടിയും കഞ്ഞി തേച്ചും എണ്ണ കോരിക്കുടിച്ചും പട്ടും ചീളുതുണിയും മാറിപ്പുതപ്പിച്ചും അവൾ എവിടേക്കോ നീങ്ങി.

"മലേന്റങ്കുടു മല്ലികപ്പൂവായി" മാറിയ കഥ പറ യുന്ന, ആടിയും പാടിയും വിശപ്പും ദാഹവും മാറ്റിയ പഴംതലമുറ ഇന്നില്ല.

കർക്കടകമാസ അമാവാസിയോടനുബന്ധിച്ച് മൂപ്പനും ചെമ്മക്കാരനും (പരികർമ്മി) മുതിർന്ന, പാട്ട റിയുന്ന നാലഞ്ചു പുരുഷന്മാരും സ്ത്രീവേഷം കെട്ടി 'നാടുനീക്കൽ' എന്നൊരു ചടങ്ങുണ്ട്. പി.കെ.കാളൻ അതിസുന്ദരിയായിരുന്നു പെൺവേഷത്തിൽ. വാഴ പ്പോള കൊണ്ട് ചെറുശ്രീകോവിൽ പോലുണ്ടാക്കി മാരി (അമ്മ ദൈവം) ഓരോ വീട്ടുമുറ്റത്തും വരും. ഗ്രാമത്തിലെ ഒരു വീടും ഒഴിവാക്കില്ല. വാതിൽക്കൽ മാരിയെ എഴുന്നള്ളിച്ചിരുത്തി പുകഴ്ത്തിപ്പാടി സർവ്വ ദോഷങ്ങളും ഏറ്റുവാങ്ങും. (വെള്ളച്ചോറുരുള കരി

ചേർത്ത കറുപ്പുചോറുരുള, മഞ്ഞളും ചുണ്ണാമ്പും ചേർത്ത ചുവപ്പ് ചോറുരുള, തേങ്ങ, മൂന്ന് തിരിയുള്ള പന്തം (കോത്തിരി) ഇവ വാങ്ങി, പകരം സർവ്വഐശ്വര്യങ്ങളും കൃഷിഫലവും കാലിവർദ്ധനവും സന്തതീസൗഖ്യവും ആശംസിച്ച് പോവും. എല്ലാ വീടുകളിൽ നിന്നും ശേഖരിക്കുന്ന നേർച്ച സാധനങ്ങൾ നീരൊഴുക്കുള്ള തോട്ടിൽ ദൈവങ്ങൾക്ക് സമർപ്പിക്കും. ആദിവാസിയുടെ ദൈവങ്ങൾ ഏറെയും അമ്മ ദൈവങ്ങളാണ്. അവരെ വിളിച്ചാണ് അവർ പതം പറഞ്ഞ് കരയുന്നതും സന്തോഷങ്ങളറിയിക്കുന്നതും. നാടുനീക്കലിനും, ഗദ്ദികകയ്ക്കും കാക്കപ്പുലയ്ക്കും അവർക്ക് ധാരാളം പാട്ടുകളുണ്ട്. ഗദ്ദികാചാര്യനായി അറിയപ്പെട്ടിരുന്ന പി.കെ.കാളനും കൂട്ടുകാരും ഒരുപാട് പാട്ടുകൾ മനസ്സിലടുക്കിവെച്ചാണ് ജീവിച്ചത്. ലിപിയില്ലാത്ത ഭാഷയിൽ, ഒക്കെ വാമൊഴിയായി കേട്ടുപഠിച്ച് ഉറപ്പിച്ചവയാണ്. വാമൊഴിയായി പകർന്നവ വീണ്ടും വീണ്ടും പാടുമ്പോൾ പാടുന്നവരുടെ മനോധർമ്മവും നർമ്മബോധവും ഒക്കെ ചേരും.

കമ്പളനാട്ടിയാണ് വേറൊരു ചടങ്ങ്. ഓണത്തിന് മുൻപേ നാട്ടികഴിയണം. അതിനുള്ള തിരക്കാണ്. അന്ന് കൃത്യ ഇടവപ്പാതിക്ക് (സ്കൂൾ തുറക്കുന്ന ജൂൺ ഒന്നിനു തന്നെ) മഴ തുടങ്ങും. തുലാവർഷം ശബ്ദഘോഷങ്ങളോടെ തീരും വരെ മഴ തന്നെ. തകർത്തു പെയ്യുന്ന മഴയിൽ തകൃതിയായി നാട്ടിപ്പണിതീർക്കാൻ പെണ്ണാളന്മാർക്ക് അതിരുകൾ തിരിച്ചു നൽകും. (കുത്തക ചവിട്ടുക എന്നാണ് ഇതിനു പേര്) അത്രയും സ്ഥലം സന്ധ്യയോടെ തീർന്നിരിക്കണം. അവർക്ക് പ്രചോദനമായി പുരുഷന്മാരും ആൺകുട്ടികളും വരമ്പത്തെ ചെളിയിൽ തുടിയും ചീനിയുമായി പാട്ടുപാടി ചുവടുവെക്കും. കമ്പളപ്പാട്ടുകളും ചുവടുകളും വേറെയാണ്. ഇന്നതൊക്കെ ഓർമ്മ മാത്രമാണ്.

**പണിയർ**

കമ്പളനാട്ടിയും പാട്ടുകളും പണിയർക്കുമുണ്ട്. മേലാളന്മാരുടെ സൂത്രമാണ് അതൊക്കെ. കമ്പളനാട്ടിയോട് ചേർന്ന കമ്പളപ്പാട്ട് പണിയർസ്ത്രീയുടെ വാക്കുകളിൽ അന്നത്തെ അവസ്ഥ മനസ്സിലാക്കിത്തരുന്നതാണ്.

"കമ്പളച്ചോറുക്കോ കുമ്പളക്കറി,
കത്തലു കഞ്ഞിക്കോ താളിനതട്ടെ-
താടിവന്ത പണിയങ്കുതാളുകറി വോണ്ട,
മീശവന്ത പണിയങ്കുമീനുകറി വോണ്ട.
വോണ്ടാത്ത നീയു പട്ടിണിയിന്തു
ചത്തങ്ങുപോ...
മൊട്ടെങ്കുവെച്ച തുടുവൊള്ള
മിരയങ്കു എടുത്തുകൊടുത്തോ
മിരയങ്കുവെച്ച തുടുവൊള്ള
മൊട്ടങ്കു എടുത്തകൊടുത്തോ
മൊട്ടനെ കൂടെ പോവാ
കല്ലോ വളയോ കാണി
മിരയനെ കൂടെ പോവാ
മുണ്ടോ ചീളോകാണി-
മൊട്ടനെ പുടിച്ചോ...
മിരയനെ പുടിച്ചേ...
ചാപുടി പുടിച്ചേ...
കരടിക്കുമ്മനെ കറുപ്പെഞ്ചണ്ടു
വുളിച്ചു വുളിച്ചു ചത്തെ
കോതകുമ്മനെ കോണഎഞ്ചണ്ടു





മാച്ചി മാച്ചി ചത്തേ....

ഉരലുകുയ്യിനെ ഊറാളെ എഞ്ചണ്ടു

ഉന്തിയുന്തിച്ചത്തേ...”

(കമ്പളത്തിനാണ് ചോറുകിട്ടുക. അന്ന് കുമ്പളങ്ങാക്കറി മാത്രം. കത്തൽ (വിശപ്പ്) അടയ്ക്കാനുള്ള കഞ്ഞിക്ക് താളുകറിയും. മുതിർന്നാൽ പണിയന് ഒന്നും പോര. മൊട്ടന്റെ(ചെറുപ്പക്കാരന്റെ) കൂടെപ്പോവാൻ കല്ലമാലയോ വളയോ ഇല്ല. മരയ(വയസ്സൻ)ന്റെ കൂടെപ്പോകാനാവട്ടെ നല്ല മുണ്ടുകളുമില്ല. ഒക്കെ നശിച്ചുപോട്ടെ. കരടികുമ്മൻ = കറുത്തകൂൺ, കോതകുമ്മൻ = വെളുത്തകൂൺ ഒക്കെ നശിച്ചു. ഉരലുകുയ്യിനെ (നീളംകൂടിയ മരയുരൽ), ഊറാളൻ (ഭർത്താവ്) എന്നു കരുതി ഉന്തിയുന്തിമാറ്റി ഞാനും തളർന്നു).

കൊടിയ ദാരിദ്ര്യത്തിലും കരയാനവർക്ക് അറിയില്ല. പട്ടിണിയെക്കുറിച്ചൊരു പാട്ടുണ്ട്.

താനിന്ന താനിന്ന താനേ...

താനിന്ന താനിന്ന താനേ...

ചക്കനെ മൂക്കു ചെത്തി അമ്മേ

ചക്കനെ ചുളയരിഞ്ചു അമ്മേ

അമ്മന കണ്ണിലും വൊള്ളം വാഞ്ചോ

എങ്കട കണ്ണിലും വൊള്ളം വാഞ്ചോ

(താനിന്ന)

പാപ്പന പണിയും കാണിത്താ... (പാപ്പൻ – യജമാനൻ)

നെല്ലിന മണിയും കാണിത്താ...

എങ്കളടുപ്പിലും പുകയുമില്ലേ...

അമ്മനെ കണ്ണിലും വൊള്ളം വാഞ്ചോ

എങ്കട കണ്ണിലും വൊള്ളം വാഞ്ചോ

(താനിന്ന)

തോട്ടിലു മീനും കാണിത്താ...

വരമ്പിലു ഞണ്ടും കാണിത്താ...

അമ്മന കണ്ണിലും വൊള്ളം വാഞ്ചോ

എങ്കട കണ്ണിലും വൊള്ളം വാഞ്ചോ

ഞങ്ങൾ കരയുകയല്ല, കണ്ണിൽ വെള്ളം വരുന്നേയുള്ളൂ. വായ്ത്താരിയോടെ ദുരിതങ്ങൾ പാടിയാടുകയായിരുന്നു അവർ.

പണിക്കുപോയ അപ്പൻ കപ്പയുമായി വരുന്നതും നെല്ലുകുത്താൻ പോയ അമ്മ അരിമണി കൊണ്ടുവരുന്നതും കാത്ത് കുഞ്ഞു സഹോദരങ്ങളെ പാടിയുറക്കുന്നതാണ് ഉറക്കുപാട്ടുകൾ മുഴുവനും.



ഗദ്ദിക

പ്രകൃതിയേയും മേലാളരേയും ഏറെ ഭയക്കുന്നവരാണ് പണിയർ. അവരെ ദുർമന്ത്രവാദികളായും കള്ളന്മാരായും ഗുണ്ടകളായും മാറ്റിയത് സവർണ്ണരുടെ ചതിപ്പണികളാണ്. അപ്പനും അമ്മയും പണിക്കുപോയ കുഞ്ഞിന്റെ ഗതി നോക്കുക.

‘കിനവുകണ്ടേ, കിനവുകണ്ടേ...

ഏക്കുലവ പോടിവാഞ്ചോ...



*കുറുമർ*

ഏമ്പാടും ഏക്കുലവ പോടിവാഞ്ചോ....(4)
കാറ്റുവാഞ്ചോ, ഏക്കുപോടിയാവിഞ്ചോ...
ഊടുന്തും ആടുന്തും, ഊടുന്തും ആടുന്തും
പോക്ക കിരയിഞ്ചോ... പോടിയാവിഞ്ചോ...
മഴ പെയ്യിഞ്ചോ, മഴ പെയ്യിഞ്ചോ...
ഇടി എടുക്കുഞ്ചോ, ഇടി എടുക്കുഞ്ചോ
ആണിക്കല്ല് വീയിഞ്ചോ... വീയിഞ്ചോ
വൊള്ളിരി വൊള്ളിരി മിനിങ്കിഞ്ചോ
എമ്പാടും ഏക്കുലവാ പോടിമഞ്ചോ
അന്തി ആത്ത... അന്തി ആത്ത...
നിലാവുമാഞ്ച... നിലാവുമാഞ്ച
അപ്പവരുവകാണി... അമ്മവരുവകാണി
എമ്പാടും ഏക്കുലവ പോടിയാഞ്ചോ....

(പോടി-പേടി, പോക്ക-വലിയതവള, വൊള്ളിരി-മിന്നൽ)

**കാട്ടുനായ്ക്കർ**

ഏറെക്കാലം നാടിനോടിണങ്ങാൻ മടിച്ചു നിന്ന കാട്ടുനായ്ക്കർ കർണ്ണാടകം കലർന്ന ഭാഷയാണ് സംസാരിക്കുന്നത്. ('ഹ' കാരം കലർന്ന കർണ്ണാടകം) പെട്ടെന്ന് മനസ്സിലാക്കാനും സംസാരിക്കാനും വിഷമമാണ്. ഏറെ ചൂഴ്ന്ന് ചെന്നാലെ അർത്ഥം മനസ്സിലാവൂ. പക്ഷേ, അവരത് വായ്ത്താരിയോടെ പാടിക്കേൾക്കുന്നത് ഒരനുഭൂതി തന്നെയാണ്. ഗൃഹാതുരത്വത്തിന്റെ ഹൃദയദ്രവീകരണശേഷി ആ പാട്ടുകൾക്കുണ്ട്.

**കുറിച്യരും കുറുമരും**

കണ്ണവം കാട്ടിൽ നിന്നും ചുരം കയറി വന്ന് ആദിവാസികളായവരാണ് കുറിച്യരും കുറുമരുമെന്ന് പറയപ്പെടുന്നു. ഇന്നവർ വയനാട്ടിലെ നല്ല കൃഷിക്കാരാണ്. നായാട്ടുവീരന്മാരാണ് കുറിച്യർ. 'തുലാപ്പത്ത്' വേട്ടയുടെ കൊണ്ടാടലാണ്. പുലികളിപ്പാട്ടും വേട്ടപ്പാട്ടും, കൃഷിയോടനുബന്ധിച്ച് നാട്ടിപ്പാട്ടും കൊയ്ത്തുപാട്ടും ഒക്കെയുണ്ട്. ഇന്നും കൂട്ടുകുടുംബവ്യവസ്ഥിതി ഏറെപ്പേർ പാലിച്ചു പോരുന്നുണ്ട്. പള്ളിയറ, എടച്ചന, എടപ്പടി കുടുംബങ്ങൾ സ്ഥാനികൾ തന്നെ. സ്വന്തമായ അമ്പലവും തിറയുമുള്ള അരീക്കരക്കുടുംബം സമ്പന്നവുമാണ്. വിത്തുസംരക്ഷകനായ ചെറുവയൽരാമൻ കുറിച്യസമുദായാംഗമാണ്.

കുറുമർക്ക് ഏറെ അവാന്തരവിഭാഗങ്ങളുണ്ട്. ചില വിഭാഗങ്ങൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഏറെ മുന്നിലാണ്. താമസത്തിന് കുടിലുപോലുമില്ലാതെ നരകിക്കുന്നവരുമുണ്ട്. അരിവാൾ രോഗവും കുരങ്ങുപനിയുമൊക്കെ ദരിദ്രരെയാണ് ഏറെ വിഷമിപ്പിക്കുന്നത്. പക്ഷേ, എല്ലാ ഉപവിഭാഗക്കാരിലും സമ്പന്നമായ സംസ്കൃതിയുണ്ട്. മഴയെക്കുറിച്ചുള്ള ഒരു പാട്ട് അവരിലെ നർമ്മബോധം സ്പഷ്ടമാക്കുന്നതാണ്.

"അന്തിയിരുളട്ടെ, നേരം പുലരട്ടെ,
ഏഴുമുഖം വെച്ച സൂര്യനുദിക്കട്ടെ,
വൻകാറ്റടിച്ചോട്ടെ, വൻമഴ പെയ്തോട്ടെ
വന്ന പെരും വെള്ളം കുന്നോടലക്കട്ടെ,
കുന്നും ഇടിയട്ടെ, കണ്ടം നിരങ്ങട്ടെ...
വില്ലുവില്ലച്ചന്റെ നെല്ലിട്ടപത്തായം
ആറ്റുംവെള്ളം താണ്ടി
എൻമുന്നിൽ എത്തട്ടെ" –

"മരക്കിഴങ്ങിൻ പൊടികൊണ്ട് പലഹാരമുണ്ടാക്കി
കണ്ണിൽക്കണ്ട കാലികളെ കൊത്തി മുറിയാക്കി.
മാനുമേയും കുന്നൊക്കെ വെട്ടിവെളിയാക്കി,
കണ്ട കണ്ട കൊല്ലിയൊക്കെ വെട്ടിവിളചെയ്ത്
തിരുവിതാകൂറ് ചേട്ടന്മാർ പല ജാതിയും വന്നേ....
തിരുവിതാംകൂറ് ചേട്ടന്മാർ മലനാട് കേറിയേ....

എന്ന് പരിതപിക്കുന്ന പാട്ടുകൾ അത്രയൊന്നും പ്രാചീനമാവാൻ വഴിയില്ല. ജീവിതചര്യകളോടൊപ്പം രാമായണകഥകളും ഭാരതകഥകളും കഥാപാത്രങ്ങളും അവരുടെ പാട്ടുകളിൽ വരുന്നുണ്ട്. അത് വേറൊരു അധിനിവേശമാണോ എന്നും പഠിക്കേണ്ടതുണ്ട്. വിഷുക്കാലത്ത് കോൽക്കളിയുമായി നാടുചുറ്റുന്ന കുറുമരുടെ പാട്ടിലും ഹൈന്ദവദേവതാസ്തുതികളും പക്കാഭഗവതിസ്തുതികളും കാണുന്നു.

തുലാപ്പത്ത്, കർക്കിടകം പതിനാല് , ഉച്ചാറൽ, ഗുരുസിമറി തുടങ്ങിയ ഗോത്രാചാരങ്ങൾ ഇന്നും നടന്നുവരുന്നുണ്ട്.

വംശഹത്യയുടെ ആദ്യപടി തനത് ഭാഷയും പാട്ടുകളും നശിപ്പിക്കലാണ്. കാരണങ്ങൾ പലതാവാം. ലിപിയില്ലാത്ത ഭാഷയിലെ പാട്ടുകൾ വരമൊഴിയാക്കുക വിഷമം തന്നെയാണ്. പക്ഷേ, അത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ "വൈറ്റ് കോസ്" എന്ന ആദിവാസി സംഘടനയുടെ പ്രവർത്തനവും "ഗോത്രതാളം"എന്ന രണ്ടു പുസ്തകങ്ങളുടെ നിർമ്മിതിയും പ്രശംസാർഹമാണ്.

സമ്പന്നമായ കാർഷികവൃത്തിയുടേയും ഗോത്രജീവിതത്തിന്റെ സങ്കീർണ്ണതകളുടേയും സംഘർഷങ്ങളുടേയും ആദിവാസിയുടെ ധർമ്മബോധത്തിന്റേയും നർമ്മബോധത്തിന്റേയും നേർരേഖകളായ തനത് പാട്ടുകളെ ഭാഷയിൽ പകർത്തിവെക്കുന്നത് അവയോട് കാട്ടുന്ന ആദരവ് തന്നെയാണ്. ○

*കൃഷ്ണവേണി, വിവർത്തനരംഗത്തെ സജീവസാന്നിദ്ധ്യമാണ്*





# മത്സ്യത്തൊഴിലാളികളുടെ നിത്യജീവിത സംരക്ഷണത്തിന് വേണ്ടുന്ന ശക്തമായ നിയമത്തിന്റേയും ഭരണപരമായ ചട്ടക്കൂടിന്റെയും ആവശ്യകത



**നളിനി നായ്ക്**

സ്വന്തം നിലനിൽപ്പിനായി പ്രകൃതി വിഭവങ്ങളെ ആശ്രയിക്കുന്നവരും വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവരും തമ്മിൽ പ്രകൃതി വിഭവങ്ങൾക്കായുള്ള മത്സരമേറി വരുകയാണ്. മീനാകുമാരി റിപ്പോർട്ട് പിൻവലിക്കണമെന്ന ആവശ്യവുമായി മത്സ്യത്തൊഴിലാളികൾ നടത്തിയ സമരമുറകൾ അടുത്തകാലത്തായി നാം കേട്ടുകൊണ്ടിരിക്കുന്നു.

ഡോ.മീനാകുമാരി നേതൃത്വം നൽകിയ കമ്മറ്റിയെ കാർഷികമന്ത്രാലയമാണ് നിയമിച്ചത്. ആഴക്കടൽ മത്സ്യബന്ധന നിയമങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഉൾക്കൊള്ളുന്ന പഠനം തയ്യാറാക്കുക എന്നതായിരുന്നു ഉദ്ദേശ്യം. 2014 ഓഗസ്റ്റിൽ കമ്മറ്റി റിപ്പോർട്ട് സമർപ്പിച്ചു. മത്സ്യവിഭാഗങ്ങളെ ഇന്ന് എപ്രകാരമാണ് സമാഹരിക്കുന്നത് എന്നതിനെ സംബന്ധിക്കുന്ന വളരെ സമഗ്രവും വിജ്ഞാനപ്രദവുമായ ഒരു റിപ്പോർട്ടാണിത്.

ഈ വിഷയത്തെ പുതുതായി സമീപിക്കുന്നവർ മനസ്സിലാക്കേണ്ടതായ കുറച്ചു കാര്യങ്ങളുണ്ട്. തീരത്തു നിന്ന് 12 നോട്ടിക്കൽ മൈൽ ദൂരം വരെ തീരദേശ ജലമായി കണക്കാക്കുകയും അത് സംസ്ഥാന തീരദേശത്തിന്റെ നിയമപരിധിയിൽ വരുന്നതുമാണ് (coastal state law). ഈ 12 നോട്ടിക്കൽ മൈലിന് പുറത്ത് 200 നോട്ടിക്കൽ മൈൽ വരെ പ്രത്യേകസാമ്പത്തിക മേഖല (exclusive economic zone -eez ) യായി

കണക്കാക്കപ്പെടുകയും അത് കേന്ദ്രഗവൺമെന്റിന്റെ നിയമപരിധിയിൽ വരുന്നതുമാണ്. കരയിൽ നിന്നുള്ള ദൂരമനുസരിച്ചാണ് ഈ കണക്ക്. എന്നാൽ മറ്റു കുറച്ചു കാര്യങ്ങൾ കൂടി ഇതിൽ പരിഗണിക്കേണ്ടതായുണ്ട്. കടലിന്റെ ആഴം പല തീരങ്ങളിലും വ്യത്യസ്തമാണ്. പ്രധാന മത്സ്യസമ്പത്ത് എല്ലായ്പ്പോഴും സൂര്യപ്രകാശം എളുപ്പം കടക്കാവുന്ന ആഴം കുറഞ്ഞ സ്ഥലങ്ങളിലായിരിക്കും. ഇന്ത്യൻ തീരങ്ങളിൽ പന്ത്രണ്ട് നോട്ടിക്കൽ മൈലിനുള്ളിൽ ആഴം മിക്കപ്പോഴും 50 മീറ്ററിൽ താഴെയാണ്. ചില തീരങ്ങളിൽ 80–100 മീറ്റർ ആഴം വരെ പരമാവധി കണ്ടേക്കാം. വലിയൊരു വിഭാഗം പരമ്പരാഗത മീൻപിടുത്തക്കാർ ചെറിയ ഔട്ട് ബോർഡ് മോട്ടോർ ബോട്ടുകൾ 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള  മത്സ്യസമ്പത്ത് സമാഹരിക്കാൻ ഉപയോഗിക്കുന്നു.

ഇന്ത്യൻ തീരങ്ങളിൽ പന്ത്രണ്ട് നോട്ടിക്കൽ മൈലിനുള്ളിൽ ആഴം മിക്കപ്പോഴും 50 മീറ്ററിൽ താഴെയാണ്. ചില തീരങ്ങളിൽ 80–100 മീറ്റർ ആഴം വരെ പരമാവധി കണ്ടേക്കാം. വലിയൊരു വിഭാഗം പരമ്പരാഗത മീൻപിടുത്തക്കാർ ചെറിയ ഔട്ട് ബോർഡ് മോട്ടോർ ബോട്ടുകൾ 12 നോട്ടിക്കൽ മൈലിനപ്പുറമുള്ള  മത്സ്യസമ്പത്ത് സമാഹരിക്കാൻ ഉപയോഗിക്കുന്നു.



മീനാകുമാരി റിപ്പോർട്ട് 1970 മുതൽ 2012 വരെയുള്ള മത്സ്യബന്ധന കണക്കുകൾ എടുത്തപ്പോൾ EEZൽ പ്രവർത്തിക്കുന്ന 70 ആഴക്കടൽ ബോട്ടുകൾക്ക്, മുഴുവൻ മത്സ്യബന്ധനത്തിന്റെ വളരെ തുച്ഛമായ ശതമാനം മാത്രമേ സമാഹരിക്കാൻ കഴിയുന്നുള്ളൂവെന്ന് മനസ്സിലാക്കി. 2012 ൽ മേൽപ്പറഞ്ഞ ആഴക്കടൽ ബോട്ടുകൾ സമാഹരിച്ച മത്സ്യസമ്പത്ത് 1991 ടൺ മാത്രമേയുള്ളൂ. അതേ സമയം ആ വർഷം മൊത്തം ഇന്ത്യയിലെ മത്സ്യസംഭരണം 4.17 മില്യൺ ടൺ ആണ്.

കമ്മറ്റിയുടെ റിപ്പോർട്ട് പ്രകാരം കന്യാകുമാരിയിലെ തൊത്തൂർ വില്ലേജിലെ 600ഓളം ചെറിയ യന്ത്രവത്കൃത ബോട്ടുകൾ ആഴക്കടലിലും ഇന്ത്യയുടെ eez കടന്നും കൈക്കലാക്കിയ മത്സ്യസമ്പത്ത് വലിയ വ്യവസായ ആഴക്കടൽ ബോട്ടുകൾ കൈക്കലാക്കിയതിനേക്കാൾ എത്രയോ കൂടുതലാണ്. ദിവസേന 0.36 ടൺ ആണ് അവരുടെ ഉത്പാദനക്ഷമത.

കമ്മിറ്റി മുന്നോട്ടുവെച്ച പ്രധാന നിഗമനങ്ങളിൽ ഒന്ന് ഇതായിരുന്നു. '200 മീറ്റർ ആഴത്തിൽ മത്സ്യസമ്പത്ത് മിതമായാണ് സമാഹരിച്ചത്. ചില

മീനാകുമാരി റിപ്പോർട്ടു പ്രകാരം 3.51 മില്യൺ ടൺ ആളുകൾ വിവിധ മേഖലകളിലായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് അവരുടെ ഉപജീവനം നയിക്കുന്നു. ഇതിലൊരു വിഭാഗം  പാരമ്പര്യമത്സ്യത്തൊഴിലാളികളാണ്.  നിർഭാഗ്യം എന്നു പറയട്ടെ, റിപ്പോർട്ടിനെതിരെ പ്രതിഷേധിക്കുന്നവർ യഥാർത്ഥ ഭീഷണി ആ പ്രത്യേക ഉത്തരവിലാണെന്ന് (executive order) മനസ്സിലാക്കുന്നില്ല.  യാഥാർത്ഥ്യത്തിനു എതിരായിട്ടാണവർ പ്രതികരിക്കുന്നത്. കടക്കെണിയിൽ നിന്ന് എപ്രകാരം രക്ഷപ്പെടണമെന്നതിനെക്കുറിച്ചൊന്നും ധാരണയില്ലാതെ അടുത്ത തലമുറയ്ക്കായി കരുതിവെക്കേണ്ടതിനെ ക്കുറിച്ച് ബോധ്യമില്ലാതെ സമരം നടത്തുകയാണ്.

പ്രത്യേക മത്സ്യവർഗ്ഗങ്ങൾ കൂടുതലായി സമാഹരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. അതിനാൽ മത്സ്യ സമാഹരണവികസനത്തിന് തീരെ സാധ്യതയില്ല. 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള മേഖലകൾ ബഫർ സോണായി സംരക്ഷിക്കപ്പെടേണ്ടതാണ്. അങ്ങനെ ചെയ്താൽ മറ്റു മേഖലകളിലേക്ക് കൂടുതൽ മത്സ്യസമ്പത്ത് എത്തുകയും മത്സ്യസമാഹരണം അതിന്റെ പുതിയ രീതിയിൽ വ്യാപിപ്പിക്കുകയും ചെയ്യാവുന്നതാണ്. കൂടാതെ ഭാവിയിൽ തീരദേശപ്രദേശങ്ങളിലുള്ള സമ്മർദ്ദം കുറയ്ക്കുകയും ചെയ്യാം.'

മീനാകുമാരി റിപ്പോർട്ട് ആഴമെന്ന ഘടകത്തെ കണക്കിലെടുക്കുകയും 200-500 മീറ്റർ ആഴമുള്ള കടൽ മേഖല വലിയ വ്യവസായ ബോട്ടുകൾ പ്രവേശിക്കാൻ പാടില്ലാത്ത ബഫർ മേഖലയായി പരിപാലിക്കാനും നിർദ്ദേശിക്കുന്നു.

പക്ഷേ, ഈ റിപ്പോർട്ട് സമർപ്പിച്ച ശേഷം 2014 നവംബർ 14ന് കാർഷിക വകുപ്പ് EEZ മത്സ്യബന്ധനം നടത്താൻ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ കാര്യങ്ങളൊന്നും പരിഗണിച്ചിട്ടില്ലാ എന്നത് വസ്തുതയാണ്.

പുതിയ നിർദ്ദേശങ്ങൾ പാരമ്പര്യമത്സ്യബന്ധനക്കാർക്ക് വലിയ പ്രശ്നങ്ങളാണ് ഉണ്ടാക്കുക. 50%ഇന്ത്യൻ ഓഹരി ഉണ്ടെങ്കിൽ ഏതൊരാൾക്കും പാരമ്പര്യത്തൊഴിലാളികളുടെ മേഖലയിൽ കടന്നു കയറാനുള്ള സ്വാതന്ത്ര്യം ഇതിൽ അനുവദിച്ചു കൊടുക്കുന്നു. ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു വസ്തുത ആഴക്കടലിൽ വലിയ സമ്പത്തുണ്ടാക്കാൻ പറ്റാത്ത നിക്ഷേപകർക്ക് തീരപ്രദേശങ്ങളിൽ മത്സ്യസമാഹരണത്തിനുള്ള നിയമപരമായ സഹായം കിട്ടി എന്നുള്ളതാണ്. പാരമ്പര്യത്തൊഴിലാളികളും വ്യാവസായിക അടിസ്ഥാനത്തിൽ മത്സ്യബന്ധനം നടത്തുന്നവരും തമ്മിൽ വലിയൊരു മത്സരത്തിനു വേദിയൊരുക്കുന്നു.

മീനാകുമാരി റിപ്പോർട്ടു പ്രകാരം 3.51 മില്യൺ ടൺ ആളുകൾ വിവിധ മേഖലകളിലായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് അവരുടെ ഉപജീവനം നയിക്കുന്നു. ഇതിലൊരു വിഭാഗം  പാരമ്പര്യമത്സ്യത്തൊഴിലാളികളാണ്.

നിർഭാഗ്യം എന്നു പറയട്ടെ, റിപ്പോർട്ടിനെതിരെ പ്രതിഷേധിക്കുന്നവർ യഥാർത്ഥ ഭീഷണി ആ പ്രത്യേക ഉത്തരവിലാണെന്ന് (executive order) മനസ്സിലാക്കുന്നില്ല.  യാഥാർത്ഥ്യത്തിനു എതിരായിട്ടാണവർ പ്രതികരിക്കുന്നത്. കടക്കെണിയിൽ നിന്ന് എപ്രകാരം രക്ഷപ്പെടണമെന്നതിനെക്കുറിച്ചൊന്നും ധാരണയില്ലാതെ അടുത്ത തലമുറയ്ക്കായി കരുതിവെക്കേണ്ടതിനെക്കുറിച്ച് ബോധ്യമില്ലാതെ സമരം നടത്തുകയാണ്.

ഇപ്പോൾ ഒരു ധാരണയുണ്ടായത് കാലവർഷസമയത്ത് യന്ത്രവത്ക്കരണ ബോട്ടുകളുടെ മത്സ്യബന്ധന നിരോധനം നടപ്പിലാക്കലാണ്. National fish workers forum ത്തിന് പ്രാതിനിധ്യമുള്ളതും കൃഷിമന്ത്രാലയം രൂപീകരിച്ചതുമായ കമ്മിറ്റിയിലാണ് ഇത് ചർച്ച ചെയ്ത് തീരുമാനിച്ചത്. പക്ഷേ ഇപ്പോൾ നിരോധനത്തിന്റെ ഉത്തരവ് വന്നപ്പോൾ NFF ഇതിനെ എതിർക്കുന്നു. 1981 ൽ സ്ഥാപിതമായ NFF  അന്ന് മുതൽ ട്രോളിങ്ങ് നിരോധനം വേണമെന്നാണ് ആവശ്യപ്പെടുന്നത്. എന്നാൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കൈയ്യിൽ പുതിയതരം യന്ത്രവത്കൃത ബോട്ടുകൾ വന്നതോടെ ട്രോളിങ്ങ് നിരോധനം പിൻവലിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നു.

സാഹചര്യങ്ങളെ യാഥാർത്ഥ്യബോധത്തോടെ മനസ്സിലാക്കി മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള നിയമനിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യപ്പെടുകയാണ് വേണ്ടത്. ○

*നളിനി നായ്ക്, ജന. സെക്രട്ടറി, സേവ, കേരള*


വിവർത്തനം : അമ്പിളി സുധീർ

# സംഘർഷങ്ങളോട് 'ഹലോ' പറയൂ



മാനസി

ആകാവുന്നത്ര വേഗത്തിലോടിയിട്ടും എത്തുമ്പോഴേയ്ക്കും സ്കൂൾ കൂടിയിരുന്നു. എന്നത്തേയും പോലെ ചിന്തി ഓർത്തു. മുറ്റമടിച്ച് , പാത്രം കഴുകി, തൊഴുത്ത് വൃത്തിയാക്കി കാടിനോരത്തെ പച്ചപ്പുകളിൽ വീട്ടിലെ പശുക്കളെ മേയാൻവിട്ട് ഗ്രാമത്തിന്റെ അങ്ങേ അറ്റത്തെ മൂലയിലുള്ള സ്കൂളിലേക്കോടിക്കിതച്ചെത്തുമ്പോഴേക്കും എന്നും വൈകും. മുഖത്തേക്കൊന്നു നോക്കി അകത്തു കടന്നിരിക്കാൻ ആഗ്യം കാട്ടുകയാണ് മാസ്റ്റർജി പതിവ്. എന്നും വൈകാൻ കാരണമെന്താണെന്ന് അച്ഛൻ മാസ്റ്റർജിയോട് മുൻപേ പറഞ്ഞിരിക്കണം. മാസ്റ്റർജി ഇന്നുവരെ കാരണം ചോദിച്ചിട്ടില്ല. മറ്റു കുട്ടികളുടെ മുഖത്തെ ചിരിയും നോട്ടവും നേരിട്ട് വിയർത്തുകുളിച്ച ശരീരവും ഒഴിഞ്ഞ വയറുമായി ക്ലാസ്സിലെ വെറും നിലത്തിരിക്കുമ്പോൾ പക്ഷേ അച്ഛന്റെ മുഖമാണ് ആകെ ഓർമ്മവരിക. "പഠിക്കണം, രക്ഷപ്പെടാൻ അതേ വഴിയുള്ളൂ" കാട്ടിലെ വിറകും തേനും ശേഖരിച്ച് വന്ന് സന്ധ്യക്ക് കയറ്റുകട്ടിലിൽ നിറയെ വേദനയുമായിരിക്കുമ്പോൾ തന്നെ ചേർത്തിരുത്തി അമ്മ കേൾക്കാതെ അച്ഛൻ പലതവണ പറഞ്ഞിട്ടുണ്ട്. "തളരരുത്". എന്നാൽ കഴിഞ്ഞു എല്ലാം. സ്ലേറ്റില്ലെങ്കിൽ കാട്ടിലെ ബദരീമരത്തിന്റെ തടിച്ച ഇലയിൽ മുള്ളുകൊണ്ടെഴുതി അക്ഷരം പഠിക്കാൻ പറഞ്ഞത് അച്ഛനാണ്. പിന്നെ ആഴ്ചച്ചന്തയിൽ നിന്ന് വാങ്ങിക്കൊണ്ടു വന്ന സ്ലേറ്റ് മുറ്റത്തെ വയ്ക്കോൽക്കൂനയിൽ ഒളിപ്പിച്ചു വെച്ചു. "അമ്മ കാണണ്ട" അച്ഛൻ ശബ്ദം വല്ലാതെ താഴ്ത്തി. പൊതിരെ



"തളരരുത്". എന്നാൽ കഴിഞ്ഞു എല്ലാം. സ്ലേറ്റില്ലെങ്കിൽ കാട്ടിലെ ബദരീമരത്തിന്റെ തടിച്ച ഇലയിൽ മുള്ളുകൊണ്ടെഴുതി അക്ഷരം പഠിക്കാൻ പറഞ്ഞത് അച്ഛനാണ്.

"കിട്ടും തല്ല്." പഠിപ്പിക്കുന്നതിനെക്കുറിച്ച് അച്ഛൻ സൂചിപ്പിച്ചപ്പോൾ അമ്മ പൊട്ടിത്തെറിച്ചത് ഇപ്പോഴുമോർമ്മയുണ്ട്. "പെണ്ണാ അവള്" അമ്മ ഒന്നാകെ കെന്തി. "കഷ്ടപ്പെടാനാ പഠിക്കേണ്ടത്. സ്കൂളാത്രെ!"

എന്നിട്ടും കന്നുമേയ്ക്കുന്ന പാടത്തുനിന്നും പിടിച്ചുകൊണ്ടുപോയി സ്കൂളിലെ മാസ്റ്റർജിയുടെ മുന്നിൽ നിർത്തി അച്ഛൻ. "എന്തെങ്കിലും രണ്ടക്ഷരം പറഞ്ഞുകൊടുക്കണം" അച്ഛന്റെ കണ്ണുകൾ ഒന്നാകെ നനഞ്ഞു: "എനിക്കോ അതുണ്ടായില്ല. കൈവിടരുത്." മാസ്റ്റർജി അന്ന് ഒന്നും പറയാതെ തന്റെ നെറുകയിൽ കൈയമർത്തി.

പശുക്കളെ വിട്ട് പുറത്തേക്കോടാൻ തുടങ്ങുമ്പോൾ അമ്മ ഇന്നും വിറകെടുത്തു വയ്ക്കാത്തതിന് ചീറിയിരുന്നു. "മന്നതല്ല. വയറ്റിലുള്ളത് ആകെ വിശപ്പാണ്. എത്ര ഓടിയാലും വൈകിയേ എത്തൂ." "അവള് പൊയ്ക്കോട്ടെ." അച്ഛൻ കനത്തിലാണ് പറഞ്ഞത്. "വിറക് ഞാനെടുത്തു വെയ്ക്കാം." "ഓ! ഒരു പുന്നാരമോള്." അമ്മയുടെ ശബ്ദം വരമ്പിന്റെ അറ്റം വരെയെത്തി." "ചെന്നുകേറുന്നിടത്ത് ഇങ്ങനെ താലോലിക്കാനൊന്നും ഒരാളുമുണ്ടാവില്ല. അസത്തിന്റെ തലേലെ വര എത്ര മായ്ച്ചാലും പോവില്ല" ആൺകുട്ടിയാവാത്തതിന് അമ്മയ്ക്കെന്നും തന്നോട് ദേഷ്യമായിരുന്നു. അതിനെന്തുചെയ്യുമെന്ന് പലതവണ ആലോചിച്ചിട്ടുണ്ട്. അച്ഛനും അറിയില്ല ഒരു പോംവഴി. ആളുന്ന വിശപ്പുകൊണ്ടാവണം. വയറ്റിൽ ഒരു തരിപ്പാണ് തോന്നുന്നത്. പൊളിഞ്ഞ മൺനിലത്തുനിന്ന് ഒരു കഷണമടർത്തി ചിന്തി വായിലേക്കിട്ടു. ക്ഷീണമെന്ന വാക്ക് അച്ഛനു തീരെ ഇഷ്ടമില്ലാത്തതിനാലാവണം, മൂലയ്ക്കൽ വെച്ച മൺകൂജയിൽ നിന്ന് വെള്ളം വീണ്ടും വീണ്ടും പകർന്നു കുടിക്കെ മനസ്സിൽ അച്ഛന്റെ മുഖം വീണ്ടും കോറി.

"തളരരുത്, കരയരുത്. അതാർക്കും കഴിയും." കാട്ടിൽ

"തളരരുത്, കരയരുത്. അതാർക്കും കഴിയും." കാട്ടിൽ നിന്നു ശേഖരിച്ച ഇലകളുടെയും വിറകിന്റേയും കിഴങ്ങുകളുടേയും ഒക്കെ എടുത്താൽ പൊങ്ങാത്ത തലച്ചുമടുമായി തെന്നിത്തെന്നി നടക്കുമ്പോഴും അച്ഛൻ പറയും : "എതിർക്കുക, പൊരുതുക അത് ചിലർക്കേ കഴിയൂ. അതാണ് ശീലിക്കേണ്ടത്."

നിന്നു ശേഖരിച്ച ഇലകളുടെയും വിറകിന്റേയും കിഴങ്ങുകളുടേയും ഒക്കെ എടുത്താൽ പൊങ്ങാത്ത തലച്ചുമടുമായി തെന്നിത്തെന്നി നടക്കുമ്പോഴും അച്ഛൻ പറയും : "എതിർക്കുക, പൊരുതുക അത് ചിലർക്കേ കഴിയൂ. അതാണ് ശീലിക്കേണ്ടത്."

എങ്ങനെയൊക്കെ ഓടിയിട്ടും ആദ്യത്തെ കല്പടയിൽ കാലുവയ്ക്കുമ്പേഴേക്കും ബെല്ലടിച്ചു കഴിഞ്ഞിരിക്കുന്നു.

വിയർത്തു കുളിച്ച് കിതച്ചു നിൽക്കുന്ന തന്റെ മുഖത്തേക്ക് മാസ്റ്റർജി ഒന്നുനോക്കി. പതിവുപോലെ അകത്ത് കടന്നിരിക്കാൻ പറഞ്ഞു. മാസ്റ്റർജിയോട് അച്ഛൻ പറഞ്ഞിട്ടുണ്ട് കാര്യം. ലഘുഭക്ഷണത്തിനുള്ള ഇടവേളയിൽ മറ്റു കുട്ടികൾ ഇരിക്കുന്നതിന് അകലെ. ഇരുന്ന് അവർ എഴുന്നേറ്റു പോകുമ്പോൾ താഴെ വീണുകിടക്കുന്ന റൊട്ടിക്കഷണങ്ങൾ പൂവ് പെറുക്കുകയാണെന്ന ഭാവത്തിൽ പൂവിനുള്ളിൽ വെച്ച് കഴിക്കാൻ തുടങ്ങിയത് വിശപ്പു സഹിക്കാതെയായിരുന്നു. പതുക്കെ പതുക്കെ ഒരു ദിനചര്യപോലെ അത് ശീലമായി വിശപ്പ് തത്ക്കാലം മാറും. പൂവ് തിന്നുന്നവൾ എന്ന പേര് വീണത് അങ്ങനെയാണ്. മാസ്റ്റർജി അതും കണ്ടു ഒരു ദിവസം. ഒന്നും മിണ്ടിയില്ല. ചിന്തിക്ക് രണ്ടാം ക്ലാസ്സിൽ നിന്ന് നേരെ നാലാം ക്ലാസ്സിലേക്ക് കയറ്റം തരാൻ മുഖ്യമാസ്റ്റർജി സമ്മതിച്ചിട്ടുണ്ട്. അറിയാഞ്ഞിട്ടല്ല. എന്നാലും സമയത്തെത്താൻ നോക്കണം. "പഠിക്കണം" ക്ലാസ്സുകഴിഞ്ഞ് പുറത്തുകടക്കുമ്പോൾ മാസ്റ്റർജി തോളത്തു തട്ടി. "നന്നായി വരട്ടെ." സന്തോഷം കൊണ്ട് തുള്ളിച്ചാടി വീട്ടിലെത്തുമ്പോൾ അച്ഛൻ മുറ്റത്തെ ചൂടിപ്പായിൽ ഇരിക്കുകയാണ്. മുഖം വീർത്തുകെട്ടിയിട്ടുണ്ട്. സ്വന്തം ശബ്ദം വായിൽത്തന്നെ തങ്ങി. "പറ്റില്ല" അച്ഛൻ കെഞ്ചി, പറ്റില്ല ഞാനാ പറയണ്ത്. അവള് പഠിക്കണം." "പഠിക്കണം!" അമ്മ ചീറി. "കാശും പണോം ഒന്നും തരണ്ടാന്നാ അവര് പറയണ്. പെണ്ണിന് വയസ്സ് ഒമ്പത് തികയും അടുത്തമാസം. എന്താ എടുത്ത് വെച്ചിരിക്കണ് ഇവിടെ? ആള് വരുമ്പൊ പിടിച്ചുകൊടുക്കണം. പിന്നെ കരഞ്ഞിട്ട് കാര്യണ്ടാവില്ല." സർക്കാരിൽ നിന്ന് പതിച്ചു കിട്ടിയ ഇത്തിരി വനഭൂമിയിൽ നിന്ന് ശേഖരിച്ചു കൊണ്ടുവരുന്ന പരിമിതമായ വനവിഭവങ്ങൾ മാത്രമായിരുന്നു. അഭിമാൻ സാഠെയുടെ ആകെയുള്ള ഉപജീവനമാർഗ്ഗം. പിന്നെ രണ്ടു പശുക്കളും. മുറ്റത്തെ ചൂടിപ്പായിലിരുന്ന് അച്ഛൻ കനൽ പോലെ പുകഞ്ഞു. കയ്യിൽ ചില്ലിക്കാശില്ല. അമ്മയുടെ വാദങ്ങളെ നേരിടാനുള്ള ന്യായങ്ങളില്ല. സഹായിക്കാൻ ആരുമില്ല. എന്നിട്ടും മകളുടെ പഠിപ്പ് ഒരു വെറും മോഹമായിട്ടാണെങ്കിലും അഭിമാൻ സാഠെയുടെ ഉള്ളിൽ പിടഞ്ഞിരിക്കണം. അച്ഛന് തടുക്കാനായില്ല. സിന്ധുതായി ഓർക്കുന്നു. വീട്ടിലെ എല്ലാ പണിയും കഴിച്ച് തൊഴുത്തിലെ ഒരു മൂലയിൽ ചിമ്മിനി വെളിച്ചത്തിലിരുന്ന് അക്ഷരം പഠിക്കാൻ ശ്രമിച്ച ചിന്തിയെ 30 വയസ്സുകാരൻ ഹരിഭായ് സപ്കാൾ ഒരു മാസത്തിനുള്ളിൽ കല്യാണം കഴിച്ചു. മഹാരാഷ്ട്രയിലെ പല സമൂ

ഹങ്ങളിലും നാട്ടുനടപ്പ് അനുസരിച്ച് കല്യാണം കഴിക്കുമ്പോൾ പെൺകുട്ടിയുടെ പേര് മാറ്റേണ്ടതുണ്ടായിരുന്നു. അങ്ങനെ ചിന്തി സിന്ധുവായി. ശരിക്കുപറഞ്ഞാൽ സിന്ധുതായിസപ്കാൾ. അഭിമാൻ സാഠെയുടെ മകൾ ചിന്തി ഭൂതകാലവുമായുള്ള സകലബന്ധങ്ങളുടേയും പൊക്കിൾക്കൊടി മുറിച്ച് സിന്ധു സപ്കാൾ ആയി പുനർജനിച്ചു. "സ്ഥലവും സ്ഥാനവും മാറി." സിന്ധുതായി പറഞ്ഞു: "ജീവിതം മാത്രം ഒട്ടും മാറിയില്ല." മുതിർന്നവർ മാത്രമുണ്ടായിരുന്ന ഭർതൃഗൃഹത്തിൽ ഒരുച്ചക്ക് ഒറ്റക്കിരുന്ന് മടുത്ത്, മണ്ണിൽ കളംവരച്ച് കളിക്കുമ്പോഴാണ് അമ്മായിയമ്മ മുതുകത്ത് ചവിട്ടിയത്. "കല്യാണം കഴിഞ്ഞ പെണ്ണ്" അമ്മായിയമ്മ പിന്നിൽ നിന്ന് മുതുകത്ത് ചവിട്ടിയത്. "കല്യാണം കഴിഞ്ഞ പെണ്ണ്" അമ്മായിയമ്മ കാറിത്തുപ്പി. നാണവും മാനവും ഇല്ലാതെ മുറ്റത്തിരുന്ന് തായം കളിക്കുന്നു. ചവിട്ടും അടിയും ശകാരങ്ങളും പതിവായിരുന്നു. അത് വല്ലാതെ കൂടുമ്പോൾ അച്ഛനെ കാണാൻ തോന്നും. എന്നിട്ടോ? പലതവണ സ്വയം ചോദിച്ചിട്ടുണ്ട്. ഒന്നും മാറില്ല. അച്ഛനോ അമ്മയോ ഒരിക്കൽ പോലും തന്നെ കാണാൻ വന്നതുമില്ല. രാപകൽ നിർത്താതെയുള്ള വീട്ടുജോലിക്കിടയിൽ സാധനങ്ങൾ പൊതിഞ്ഞു കൊണ്ടുവരുന്ന വർത്തമാന പത്രത്തിന്റെ തുണ്ടുകൾ ജനലിനു മുകളിൽ ആരും കാണാതെ കരുതിവയ്ക്കാനും വായിക്കാനും ശ്രമിച്ചത്. വായിച്ചുകൊണ്ടിരുന്ന പത്രക്കഷണം കയ്യിൽ നിന്നു പിടിച്ചു വലിച്ചു മുൻപിലെ അടുപ്പിലേക്ക് ഭർത്താവ് വലിച്ചെറിഞ്ഞ അന്നു മുതലാണ് പിടിക്കപ്പെടുമെന്നാകുമ്പോൾ കടലാസ്സു കഷണങ്ങൾ വായിലിട്ടു ചവച്ചുതിന്നാൻ തുടങ്ങിയത്. വെള്ളവും കുടിച്ചു. പതുക്കെ പതുക്കെ വായിച്ചു മനപ്പാഠമാക്കിക്കഴിഞ്ഞാൽ കടലാസ്സ് തിന്നുക പതിവായി. ഇത്രയൊക്കെ ചവച്ചു തിന്നതുകൊണ്ടാകണം, സംസാരിക്കുമ്പോൾ എല്ലാം കൂടെ ഒന്നിച്ചു തികട്ടുന്നത്! "അതായിരിക്കണം ഞാനെപ്പോഴും നിർത്താതെ



സംസാരിക്കുന്നത്!"

ഊർജ്ജത്തിന്റെ നിലയ്ക്കാത്ത സ്രോതസ്സ് പോലെയാണ് സിന്ധുതായി സംസാരിച്ചത്. "ചാണകവരളി ഉണ്ടാക്കിവിൽക്കുകയോ, ധനികർക്ക് കൂടിയ വിലയ്ക്ക് ചാണകം വില്ക്കുന്ന ഇടനിലക്കാരന് ചാണകം ലോറിയിൽ നിറച്ചുകൊടുക്കുകയോ ചെയ്താണ് ആ ഗ്രാമത്തിലെ മിക്ക പാവപ്പെട്ട സ്ത്രീകളും ഉപജീവനം നടത്തിയിരുന്നത്. അവർക്കൊപ്പം ഞാനും ലോറിയിൽ ചാണകം നിറച്ചു. വെറും തുച്ഛമായ കൂലിയോ വിലയോ നൽകിയിരുന്ന ആ ഇടനിലക്കാരനെതിരെ എല്ലാവരുടെ ഉള്ളിലും രോഷം ആളിക്കത്തിയിരുന്നുവെങ്കിലും അയാൾക്കെതിരെ ഒരു ചെറുവിരലനക്കാൻ പോലും ആരും തയ്യാറായിരുന്നില്ല. ജീവനും ജോലിയും ഒരുമിച്ചു തെറിക്കുന്ന കാര്യമായിരുന്നു അത്. എന്നിട്ടും ഞാൻ പറഞ്ഞു; കൂലി കൂട്ടിത്തരണമെന്ന്. അയാൾ ചെയ്യുന്നത് ന്യായമല്ലെന്ന്. കളക്ടർ വന്നാൽ പരാതിപ്പെടുമെന്ന്. ധൈര്യമെന്നൊക്കെ അതിനെ പറയുന്നത് വെറുതെയാണ്. പട്ടിണി കിടന്ന് എനിക്ക് മടുത്തിരിക്കണം. വിശപ്പ് നമ്മെക്കൊണ്ട് എന്തൊക്കെ ചെയ്യിക്കുമെന്ന് വിശന്നാലേ അറിയൂ. എല്ലാവർക്കും മുന്നിൽവെച്ച് പറഞ്ഞതുകൊണ്ടാവണം അയാൾക്കത്രയധികം ദേഷ്യം വന്നത്. കത്തുന്ന കൊള്ളികൊണ്ട് കുത്തും പോലെ അയാളെന്നെ നോക്കി. കാണിച്ചു തരാം എന്ന് പറഞ്ഞു."

സാധാരണ പോലെ ഗ്രാമത്തിൽ പരിശോധനക്കെത്തിയ കളക്ടറുടെ മുന്നിൽ ചെന്ന് നിന്ന് നേരിട്ട് പരാതി പറയാൻ സിന്ധുതായ് മുതിരുമെന്ന് ഗ്രാമത്തിലെ ഒരാളും ഓർത്തിരിക്കില്ല. പേടിച്ചുവിറച്ച് ഗ്രാമം മുഴുവൻ വിറങ്ങലിച്ചു നിന്നു. പത്തിരുപത് വയസ്സുവരെ ഒരക്ഷരം പോലും ഒരാൾക്കുമെതിരെ പറയാത്ത സിന്ധുതായിയുടെ മാറ്റം ഒരിടിവെട്ടിന്റെ കുലുക്കത്തോടെയാണത്രെ ഗ്രാമം ഏറ്റുവാങ്ങിയത്. എല്ലാവരും പിന്നിലേക്ക് മാറി. പരാതിയില്ലെന്ന മട്ടിൽ. "ഞാൻ മാത്രമായി മുന്നിൽ". ധനികനായ കരാറുകാരനെതിരെ കളക്ടറോട് പരാതി പറയാനുള്ള ധൈര്യം എവിടെ നിന്നു കിട്ടിയെന്ന എന്റെ ചോദ്യത്തിന്

മുന്നിൽ സിന്ധുതായി ഒരു നിമിഷം നിശ്ശബ്ദയായി.

“അറിയില്ല.” സിന്ധുതായി ഒരു കൈയ്ക്കു മീതെ മറ്റേ കൈവെച്ച് വെറുതെ ഉരസി.

“എന്നോ മരിച്ചു പോയ അച്ഛന്റെ മുഖം മാത്രമായിരുന്നു മനസ്സിൽ. കല്യാണം കഴിഞ്ഞ ശേഷം ഒരിക്കൽ പോലും കാണാത്ത മുഖം. ഒരു കനലിന്റെ നീറ്റലോടെ എന്നെ അത് എവിടെയൊക്കെയോ പൊള്ളിച്ചുകൊണ്ടേയിരുന്നു. “പിൻവാങ്ങരുത്” പിന്നിൽ നിന്ന് അച്ഛൻ പറഞ്ഞു: “നിനക്കു വേണ്ടിയല്ല എല്ലാവർക്കും വേണ്ടിയാണിത്. നീതിക്കു വേണ്ടിയാണിത്. എത്ര തളരുമ്പോഴും തകരുമ്പോഴും കല്ലിച്ച മുഖത്തോടെ തലയുയർത്തി പരാതികളില്ലാതെ നിന്ന അച്ഛന്റെ മുഖം എന്നാണ് എന്റെ മനസ്സിൽ മായ്ക്കാനാവാത്ത ഒരു പാടുപോലെ നിൽക്കാൻ തുടങ്ങിയതെന്ന് ഓർമ്മയില്ല.” സിന്ധുതായി സ്വയമെന്ന പോലെ പറഞ്ഞു: “ഞാൻ പഠിച്ചതൊക്കെ അച്ഛൻ പറഞ്ഞതാണ്”.

എന്തോ, മനസ്സിൽ ഒരു തീക്കനൽ നീറി നീറി എപ്പോഴും ഉരഞ്ഞുകൊണ്ടിരുന്നു. പഠിക്കാനായില്ല. വായിക്കാനാവുന്നില്ല. വീട്ടിൽ അമ്മായിയമ്മയും കൂട്ടരും ശത്രുക്കളെ പോലെ എന്തിനും ഏതിനും എതിർനിന്നു. വീട്ടുജോലികൾ എല്ലാം ഒന്നൊന്നായി, അയൽപക്കത്തെ പെണ്ണുങ്ങളുടേതെന്ന പോലെ തന്നെ തന്റെ മാത്രം ചുമതലയായി. കൂട്ടത്തിൽ പ്രസവിക്കണം. ഇല്ലെങ്കിൽ വീട്ടിനു പുറത്താണ് സ്ഥാനം. മച്ചിയെ ഏതുവീടിനാണ് വേണ്ടത്. മറ്റെല്ലാ ജോലികളെയും പോലെ പ്രസവിക്കലും പെണ്ണിന്റെ ജോലിയാണ്. ചുമതലയാണ്. “മൂന്ന് ആൺകുട്ടികളെ പ്രസവിച്ചിട്ടും മാതൃത്വമെന്തെന്ന് ഞാനറിഞ്ഞില്ല. കാരണം കുട്ടികൾ അച്ഛന്റെ മുതലാണ്. പ്രസവിക്കുന്നത് അമ്മയെങ്കിലും പരിപാലിക്കുന്നത് അച്ഛന്റെ അമ്മയായി. അവരായിരുന്നു മക്കളുടെ അവകാശി. വയറിൽ വേണ്ടത്ര ആഹാരം

മൂന്ന് ആൺകുട്ടികളെ പ്രസവിച്ചിട്ടും മാതൃത്വമെന്തെന്ന് ഞാനറിഞ്ഞില്ല. കാരണം കുട്ടികൾ അച്ഛന്റെ മുതലാണ്. പ്രസവിക്കുന്നത് അമ്മയെങ്കിലും പരിപാലിക്കുന്നത് അച്ഛന്റെ അമ്മയായി. അവരായിരുന്നു മക്കളുടെ അവകാശി. വയറിൽ വേണ്ടത്ര ആഹാരം ഒരിക്കൽ പോലും ഉണ്ടായിട്ടില്ല. മുന്നിലേക്ക് നോക്കിയാൽ കാണുന്ന ഉണക്ക വയൽ പോലെയായിരുന്നു മനസ്സ്. മക്കളെ താരാട്ടി ഉറക്കാൻ പോലും വേണം അമ്മായിയമ്മയുടെ സമ്മതം.

ഒരിക്കൽ പോലും ഉണ്ടായിട്ടില്ല. മുന്നിലേക്ക് നോക്കിയാൽ കാണുന്ന ഉണക്ക വയൽ പോലെയായിരുന്നു മനസ്സ്. മക്കളെ താരാട്ടി ഉറക്കാൻ പോലും വേണം അമ്മായിയമ്മയുടെ സമ്മതം.”

ഒരു കളക്ടറുടെ മുന്നിൽ നേർക്കു നേരെ ഇടനിലക്കാരെക്കുറിച്ച് കൂലിക്ക് പരാതി പറഞ്ഞ, കാലണക്ക് ഗതിയില്ലാത്ത ഒരു പെണ്ണിന്റെ ഔദ്ധത്യത്തിൽ കരാറുകാരൻ കലികൊണ്ടത് സ്വാഭാവികമായിരുന്നു. പ്രതീക്ഷിച്ചതും. ഓർമ്മകൾ... സിന്ധുതായി ഇരുന്നിടത്തുനിന്നിളകിയിരുന്നു. പിന്നെ തുടർന്നു. പിറ്റെ ദിവസം സന്ധ്യക്ക് അടുപ്പിനു മുന്നിൽ റൊട്ടിയുണ്ടാക്കാനിരുന്നിരുന്ന തന്റെ തലമുടിയിൽ പിടിച്ച് വലിച്ചിഴച്ച് പുറത്തേക്കിട്ടപ്പോൾ എന്തിനെന്ന് മനസ്സിലായില്ല. പക്ഷേ എന്നും ഇത്തരം രംഗങ്ങൾ പതിവായിരുന്നതിനാൽ കരഞ്ഞില്ല. പൂർണ്ണ ഗർഭിണിയായിരുന്നതുകൊണ്ടാവണം മുറ്റത്ത് കമിഴ്ന്നടിച്ചു വീണതും വയറ്റിൽ കൊള്ളിയാൻ പോലെ മിന്നി വേദന. മുറ്റത്തു കൂടി വലിച്ചിഴക്കവെ ഹരിഭായ് അലറിയത്രെ.

“കടക്ക് പുറത്ത്. ആരാന്റെ കുട്ടിയേയും വയറ്റിലിട്ട് തിന്നാൻ വന്നിരിക്കുന്നു ഇവിടെ.” മക്കളും അമ്മായിയമ്മയും വാതിൽക്കൽ അനക്കമറ്റ് നിന്നു. പിന്നെ ഹരിഭായ് അകത്തു കടന്നപ്പോൾ വാതിൽ കൊട്ടിയടച്ചു.

“നീ പൈക്കളെ മേച്ച് നടന്നോ. അവള് ഇവിടെ മേയട്ടെ.” ഇടനിലക്കാരൻ വഴിയിൽ ഹരി ഭായിയോട് പറഞ്ഞത്രെ. “ഇപ്പൊ വയറ്റിലുള്ളതിന്റെ തന്ത ആരാന്ന് ചോദിച്ചു നോക്ക്. അവൾക്കറിയില്ല.”

മൂന്നുമക്കളെ പെറ്റു. പക്ഷേ മാതൃത്വമെന്തെന്നറിഞ്ഞില്ല. മക്കൾ എന്റേതായിരുന്നു. പക്ഷേ ഒരവകാശവും എനിക്കവരിൽ ഇല്ലായിരുന്നു. സിന്ധുതായി ഒരു വല്ലാത്ത ചിരി ചിരിച്ചു. “കുട്ടികൾ എപ്പോഴും അവരുടെ കൂടെയായിരുന്നു. ഒരിക്കൽ പോലും ഞാനവരെ അടുത്തുകിടത്തിയുറക്കിയിട്ടില്ല. രാപകൽ അധ്വാനിക്കണം. കാലാകാലം പ്രസവിക്കണം. അന്ന് രാത്രി തൊഴുത്തിലാണ് മമതയെ പെറ്റത്. ക്ഷീണമൊന്നകന്നപ്പോൾ അടുത്തു കിടന്ന ഒരു കല്ലിൻ കഷണം കൊണ്ട് പൊക്കിൾക്കൊടി മുറിച്ചു കളഞ്ഞു. പുലർച്ചെ അമ്മയുടെ വീട്ടിൽ നടന്നെത്തിയപ്പോൾ പ്രേതത്തെ കണ്ടപോലെ അമ്മ വിളറി. മുഖത്തിനു നേരെ വാതിൽ കൊട്ടിയടച്ചു. കൊട്ടിയടച്ച വാതിലുകൾ ഏറെയാണ് എന്റെ വഴിയിൽ.” “ഗ്രാമക്കാർ കാണും മുൻപെ പോയി ചാവ്.”

ജനാലക്കൽ നിന്ന് അമ്മ നെഞ്ചത്തടിച്ചു കരഞ്ഞത്രെ. “കെട്ട്യോൻ പുറത്താക്കി. കുട്ടിയേയുമെടുത്ത് വന്നിരിക്കുന്നു പൊറുതി കൂടാൻ! നശൂലം പൊയ്ക്കോ എന്റെ മുമ്പീന്ന്.”

എവിടേയ്ക്ക് അമ്മേ എവി ടേയ്ക്ക്? സിന്ധുതായി എല്ലാം മറന്ന് ഗതികെട്ട് ചോദിച്ചത്രെ. റെയിൽവേ ട്രാക്കിൽ പോയ് തുലയ് എന്നാണ് സിന്ധുതായി യുടെ അമ്മ പറഞ്ഞത്. നേരെ നട ന്നത് റെയിൽവേ ട്രാക്കിലേക്കു തന്നെയായിരുന്നു. ട്രാക്കിന് അപ്പു റത്തെ കല്ലിൽ ചാവാൻ കിടത്തിയി രുന്ന മമത നിർത്താതെ കരഞ്ഞു. പാളത്തിൽ ചാടി മരിക്കാൻ മന സ്സിന്റെ ഒരു ഭാഗവും മകൾക്കായി ജീവിക്കാൻ മറുഭാഗവും ഒരു പോലെ പിടിച്ചു വലിച്ചു.

മമതയുടെ കരച്ചിലാണോ പിൻതിരിപ്പിച്ചത്?

ആയിരിക്കണം. ഒരു പുനർവിശകലനം പോലെ അവർ ശബ്ദം താഴ്ത്തി.

“അല്ലെങ്കിൽ ഒരു പക്ഷേ എതിർപ്പുകൾക്കു മുന്നിൽ തോറ്റു കൊടുക്കില്ലെന്ന വാശിയാവണം. ഏറ്റവും കഷ്ടത വരുമ്പോഴാവും നമ്മുടെയൊക്കെ മനസ്സിനെ നമുക്കു തന്നെ മനസ്സിലാവുക.

മമതയെ കയ്യിലെടുക്കുമ്പോൾ അച്ഛൻ മുഖത്തേക്കുറ്റു നോക്കി എന്നാണ് സിന്ധുതായി പറയുന്ന ത്. മകൾ തളരുന്നോ എന്ന് അച്ഛൻ പേടിച്ചിരിക്കണം. മരിക്കാൻ ഇനി തുനിയില്ലെന്ന് തീർച്ചയാക്കിയ ആ ദിവസം സിന്ധുതായി വിശദമായി ഓർത്തതിങ്ങനെയായിരുന്നു. എവി ടേക്കെന്നില്ലാതെ മമതയേയും കൊണ്ട് നടന്നു. ആളുന്ന വിശപ്പ് മാത്രമായിരുന്നു വയറ്റിൽ. മുൻപേ പറഞ്ഞില്ലേ. വിശപ്പ് നമ്മെക്കൊണ്ട് എന്തൊക്കെ ചെയ്യിക്കുമെന്ന് വിശ ക്കുമ്പോഴേ നമുക്ക് മനസ്സിലാകൂ. ശരീരം ക്ഷീണം കൊണ്ടുണ്ടാക്കി യതു പോലെ കുഴഞ്ഞു. രണ്ടു ദിവസമായി ഒന്നും കഴിച്ചിട്ടില്ല. പ്രസവം ഇടയിൽ. ചോരക്കുഞ്ഞി നേയുമെടുത്ത് അമ്മയുടെ വീട്ടി ലേക്ക് നടന്നപ്പോൾ, പ്രസവ ത്തിന്റെ വൃത്തികേടുകൾ, ചാണകം എന്നിവ പുരണ്ട സാരി മാറ്റിയുടുക്കുകയെങ്കിലും ചെയ്യാം എന്ന് പ്രതീക്ഷിച്ചതാണ്. ഒരു റൊട്ടിയെങ്കിലും അമ്മ തരുമെന്ന് കരുതി. അമ്മയും ഒരമ്മയല്ലേ.

“കുട്ടിയെ വെറുതെ നോക്കാൻ അതിന്റെ മുത്തശ്ശനൊന്നുമല്ലല്ലോ ഞാൻ.” കുട്ടിയെ സംര ക്ഷിക്കുന്നതിന് പൂജാരി ചോദിച്ച കാശ് കൊടുക്കാൻ ഭിക്ഷാടനം മതിയായില്ല. വീണ്ടും മമ തയേയും കൊണ്ട് പെരു വഴിയിലേക്കിറങ്ങി. വല്ലാതെ മനസ്സു ചുട്ട ഒരു ദിവസം മനസ്സിൽ വന്ന തൊക്കെ ക്ഷേത്ര വാതിൽക്കൽ ഇരുന്ന് രാഗമോ താളമോ ഒന്നുമറിയാതെയെങ്കിലും ഈശ്വരനോട് കരഞ്ഞും കൊഞ്ചിയും യാചിച്ചും മടിയിൽ മമതയെക്കി ടത്തി സിന്ധുതായി പാടി.

പ്രസവം കഴിഞ്ഞുള്ള വിശപ്പും തളർച്ചയും ക്ഷീണവും അമ്മയ്ക്കു മറിയില്ലേ? മകളല്ലേ ഞാൻ? എന്നിട്ടും വിശപ്പിന്റെ മൂർദ്ധന്യ ത്തിൽ നാം എന്തും എവിടേയും ചെയ്തെന്നുവരും. കല്ലും മണ്ണും ഇലയും വേരും ഒക്കെ പറിച്ച് തിന്നെന്നു വരും. പാത്തും പതു ങ്ങിയും കട്ടുതിന്നെന്നു വരും. ഏതറപ്പും മറികടന്നെന്നും വരും. ജീവിക്കാനല്ലത്. മരിക്കാ തിരിക്കാനുമല്ല. വെള്ളത്തിൽ മുങ്ങിത്താഴുമ്പോൾ അറിയാതെ വായപൊളിക്കാറില്ലെ അതു പോലെ. ഒരു തരത്തിലും ഇരി ക്കാനും നിൽക്കാനും കിടക്കാനും നടക്കാനും വയ്യാത്ത അവസ്ഥ. വയറ്റിൽ കയ്യമർത്തി വച്ച് ഒരു ഭീകരജന്തുവിനെപ്പോലെ അലറി ക്കരഞ്ഞതപ്പോഴാണ്. ഗ്രാമത്തിന്റെ ആളനക്കമില്ലാത്ത ഒഴിഞ്ഞ വിജന തയിലൂടെ സിന്ധുതായിയും അവ രുടെ കരച്ചിലും ഒപ്പം നടന്നത്രെ. പെട്ടെന്നാണ് കുറച്ചകലെ ഒരു തീനാളം കണ്ണിൽപ്പെട്ടത്. ആരുടെ യെങ്കിലും വീടായിരിക്കുമെന്ന് കരുതി സിന്ധുതായി ഓടി. പക്ഷെ അതൊരു ശ്മശാനമായിരുന്നു. എല്ലാവരും മടങ്ങിപ്പോയി കഴിഞ്ഞിരുന്ന ആളൊഴിഞ്ഞ ശ്മശാനം. ചിതയിൽ നാളങ്ങളു ണ്ട്. കെട്ടടങ്ങാൻ തുടങ്ങിയിരുന്ന ചിതയുടെ കാൽക്കൽ, ക്രിയാ കർമ്മങ്ങളുടെ ഭാഗമായിരിക്കണം. ഒരു മൺപാത്രത്തിൽ അല്പം വെള്ളവും ഒരു കടലാസ്സുകഷണ ത്തിൽ കുറച്ച് ഗോതമ്പ്പൊടിയും ഉണ്ടായിരുന്നു. ദൈവത്തെ കണ്ട പോലെയാണ് എനിക്ക് തോന്നിയ ത്. ഒന്നുമാലോചിക്കാതെ മമതയെ ഒരു മൂലയിൽ കിടത്തി. മാവ് കുഴച്ച് ചിതയിൽ നിന്നൊരു കൊള്ളിയെടുത്ത് കനൽ പരത്തി ചപ്പാത്തി ചുട്ടു തിന്നു. മൺപാത്ര ത്തിലെ ബാക്കിവെള്ളം കുടിച്ചു. ആളനക്കമില്ലാത്ത ശ്മശാനം ഇരു ട്ട്. വല്ലാത്ത ആശ്വാസം തോന്നി. അനാവശ്യമായി ആരും കടന്നുവ രാൻ ധൈര്യപ്പെടാത്ത സുരക്ഷിത മായ ഈ സ്ഥലത്ത് കിടന്നുറ ങ്ങാം. സിന്ധുതായി ഓർക്കുന്നു. “ഞാനും മമതയും അന്ന് അവിടെ ഉറങ്ങി. സുഖമായി. അന്നല്ല അന്നു മുതൽ. ഉണർന്നപ്പോൾ വിശപ്പ് വീണ്ടും പറഞ്ഞു. “ഞാനിവിടെ തന്നെയുണ്ട്” എത്ര യൊക്കെ എങ്ങനെയൊക്കെ ആലോചിച്ചിട്ടും ഭിക്ഷാടനമല്ലാ തൊരു പോംവഴിയും മുന്നിൽ കണ്ടില്ല.

ഒരു പിഞ്ചുകുഞ്ഞാണ് കയ്യിൽ. എവിടെ കിടത്തും? ആരു നോക്കും? ആര് ജോലി തരും? ഭിക്ഷാടനത്തിന്റെ വഴിയിൽ കണ്ടു മുട്ടിയ ക്ഷേത്രപൂജാരി കുഞ്ഞിനെ നോക്കാമെന്നേറ്റത് വലിയ ആശ്വാ സമായി. പക്ഷേ അത് വെറും നാലഞ്ച് ദിവസത്തേക്ക് മാത്രമായി രുന്നു. “കുട്ടിയെ വെറുതെ നോക്കാൻ അതിന്റെ മുത്തശ്ശനൊ ന്നുമല്ലല്ലോ ഞാൻ.” കുട്ടിയെ സംര ക്ഷിക്കുന്നതിന് പൂജാരി ചോദിച്ച

കാശ് കൊടുക്കാൻ ഭിക്ഷാടനം മതിയായില്ല. വീണ്ടും മമതയേയും കൊണ്ട് പെരുവഴിയിലേക്കിറങ്ങി. വല്ലാതെ മനസ്സു ചുട്ട ഒരു ദിവസം മനസ്സിൽ വന്നതൊക്കെ ക്ഷേത്ര വാതിൽക്കൽ ഇരുന്ന് രാഗമോ താളമോ ഒന്നുമറിയാതെയെങ്കിലും ഈശ്വരനോട് കരഞ്ഞും കെഞ്ചിയും യാചിച്ചും മടിയിൽ മമതയെക്കിടത്തി സിന്ധുതായി പാടി. മനസ്സൊന്നയഞ്ഞ് കണ്ണുതുറന്നപ്പോൾ ചുറ്റും അതാ ചില്ലറത്തുട്ടുകൾ പരന്നുകിടക്കുന്നു! ഈശ്വരനോട് താനന്ന് ചോദിച്ച ചോദ്യങ്ങളും പരാതികളും പിന്നെയും പിന്നെയും ഉറക്കെ പാടിക്കൊണ്ട് സിന്ധുതായി പലയിടത്തും ട്രെയിനിൽ, പാർക്കിൽ, റോഡരുകിൽ, ക്ഷേത്രസന്നിധിയിൽ ദിവസവും അലഞ്ഞു. അങ്ങനെയാണ് റെയിൽവെസ്റ്റേഷനിൽ അലഞ്ഞുതിരിഞ്ഞ് ഭിക്ഷയാചിച്ചു വയറുനിറയ്ക്കുന്ന കുട്ടികളെ കണ്ടതും പരിചയപ്പെട്ടതും. താൻ മാത്രമല്ല അനാഥ! ഈ കുഞ്ഞുങ്ങളും അനാഥരാണ്! എവിടെ ഇവരുടെ അമ്മമാർ എന്നായിരുന്നു മനസ്സിൽ ആദ്യം വന്ന ചോദ്യം. അവിടവിടെ കണ്ട... അനാഥകുട്ടികളെ, യാതൊന്നും കയ്യിലില്ലാതിരുന്നിട്ടും സിന്ധുതായി തള്ളക്കോഴിയെപോലെ തന്റെ ചിറകിനു കീഴിൽ നിർത്തി, ഒരമ്മയെ അവർക്ക് നൽകി. ഉണ്ണാനോ ഉടുക്കാനോ കിടക്കാനോ ഒന്നുമില്ല. കുട്ടികൾ കഴിഞ്ഞതും ശ്മശാനത്തിലായിരുന്നു. കിട്ടിയതൊക്കെ ഞാനവർക്ക് പങ്കിട്ടുകൊടുത്തു. അവരെ താലോലിച്ചു. അടുത്തു കിടത്തി ഉറക്കി. പതുക്കെ പതുക്കെ സിന്ധുതായി സിന്ധുമായി (അമ്മ)യായി. അവർക്കു മാത്രമല്ല ലോകത്തിനും. അനാഥരായ ഒരാളേയും ഞാൻ തിരിച്ചയച്ചില്ല. എന്നാൽ സ്വന്തം മകളായ മമതയെ കൂടുതൽ സ്നേഹിക്കുന്നോ എന്ന് മനസ്സിനോടെപ്പോഴും ചോദിച്ചുകൊണ്ടിരുന്നു. അസ്വസ്ഥത സഹിക്കാൻ കഴിയാതായപ്പോഴാണ് പൂനയിലെ ശ്രീമത് ദഗ്ഡുസേത്ത് ഹൽവായ് ആശ്രമത്തിൽ മമതയെ നോക്കാ

> "നോക്ക്, നീ എന്റെ കുട്ടിയെ നോക്കിയാൽ" സിന്ധുതായി പറഞ്ഞത്രെ, "ഞാൻ അമ്മയില്ലാത്ത എല്ലാ കുട്ടികളേയും നോക്കിക്കോളാം. പക്ഷേ നീ എന്റെ മകളെ നോക്കണം." സിന്ധുതായി വാക്കുപാലിച്ചു. ഈശ്വരനും.

നേല്പ്പിച്ചത്. മമതയെ അവിടെയാക്കി തിരിച്ചുവരുമ്പോൾ ക്ഷേത്രത്തിൽ കയറി. ഈശ്വരനെ മുഖത്തോടു മുഖം നോക്കി കുറേ നേരം നിന്നു.

"നോക്ക്, നീ എന്റെ കുട്ടിയെ നോക്കിയാൽ" സിന്ധുതായി പറഞ്ഞത്രെ, "ഞാൻ അമ്മയില്ലാത്ത എല്ലാ കുട്ടികളേയും നോക്കിക്കോളാം. പക്ഷേ നീ എന്റെ മകളെ നോക്കണം." സിന്ധുതായി വാക്കുപാലിച്ചു. ഈശ്വരനും.

പിന്നെയുള്ളത് ചരിത്രമാണ്.

നാട്ടുകാർ ഉണ്ടാക്കിക്കൊടുത്ത ചെറിയ കൂരയിൽ ശ്മശാനവും റെയിൽവെ സ്റ്റേഷനുകളും തുറസ്സുകളും വിട്ട് സിന്ധുതായി ആദ്യമായി 7 കുട്ടികൾക്കൊപ്പം കിടന്നുറങ്ങി.

'എല്ലാം, ഇന്നെനിക്കുള്ളതെല്ലാം എന്റെ നാട്ടുകാർ തന്നതാണ്. തരുന്നതാണ്.' സിന്ധുതായി പറഞ്ഞു: അമ്മയില്ലാതെ, നോക്കാനാരുമില്ലാതെ ജീവിക്കാനായി ഇരന്നലയുന്ന കുട്ടികളെ ഞാൻ നോക്കാൻ തുടങ്ങിയപ്പോഴാണ് നാട്ടുകാർ ഞങ്ങൾക്ക് വീടുണ്ടാക്കി തന്നത്. കഴിക്കാൻ ആഹാരം തന്നത്. നാളത്തെ ഭക്ഷണം എവിടെയാണെന്ന് ഇന്നും എനിക്ക് തീർച്ചയില്ല. ഇതുവരെ ഒന്നും മുൻകൂട്ടി പ്ലാനിട്ടല്ല ചെയ്തത്. ചെയ്യുന്നതും. പാട്ടുപാടിയും ഭജനപാടിയും, കണ്ടിടത്തൊക്കെ മനസ്സിലുള്ളത് ചുറ്റുമുള്ളവരോട് പ്രഭാഷണം ചെയ്തും ഉപജീവനം നയിക്കാമെന്ന് ഞാനൊരിക്കലും പ്രതീക്ഷിച്ചതല്ല. ടിക്കറ്റിന് കാശില്ലാതെ കള്ളവണ്ടിയും ബസ്സും കയറി ആകാവുന്നിടത്തു നിന്നൊക്കെ നടന്നു പോയി ഓരോരോ ദേശക്കാരോടും ഞാനെന്റെയും എന്റെ കുട്ടികളുടെയും കഥ പറഞ്ഞു. ആരും ഒരിക്കലും എന്നെ ഇന്നുവരെ അപ്പാടെ കൈവിട്ടില്ല. അവരുടെയൊക്കെ അതിജീവനത്തിനുള്ള യുദ്ധങ്ങൾ അങ്ങനെ എന്റെയും യുദ്ധങ്ങളായി. കടുവാ സംരക്ഷണത്തിനു വേണ്ടി കുടിയിറക്കപ്പെട്ട, കാട്ടിനുള്ളിലെ 84 ആദിവാസി കുടുംബങ്ങളെയും കൂട്ടി, അവരുടെ ആകെയുള്ള കന്നുകാലികളെ അനധികൃതമായി അടച്ചിട്ടിരുന്ന ആല തല്ലിപ്പൊളിച്ചത് അതുകൊണ്ടാണ്. പാലു കുടിക്കാനാവാതെ പൈക്കിടാങ്ങൾ പുറത്ത്. തരിശിൽ തിന്നാനൊന്നുമില്ലാതെ ചാകാറായി നിൽക്കുന്ന പശുക്കൾ അകത്ത്. അതായിരുന്നു എന്നെ വിറളിപിടിപ്പിച്ചത്. വലിയ സർക്കാർ ആപ്പീസിലിരുന്ന് യോഗം കൂടുകയായിരുന്ന തഹസീൽദാറുടേയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥന്മാരുടേയും മുറിയിലേക്ക് തടഞ്ഞവരെ മുഴുവൻ തട്ടിമാറ്റി ബാധകയറിയപോലെ എത്തിപ്പെട്ടപ്പോൾ അഞ്ചോ പത്തോ മിനിറ്റിൽ പറയാനുള്ളത് പറയണമെന്നു മാത്രമായിരുന്നു മനസ്സിൽ. എല്ലാം പറയണം പോലീസ് പിടിച്ചു പുറത്താക്കും മുൻപേ വേണം. തഹസീൽദാരുടെ മുന്നിലെത്തിയതും ഞാനുറക്കെ പാടി.

"ലക്ഷ്യം അകലെയാണ്
വഴി കഠിനമാണ്
നടക്കാൻ ഒരുക്കമാണ്
മരണം സ്വീകാര്യമാണ്, മരണം സ്വീകാര്യമാണ്."

മുറിയിലുണ്ടായിരുന്ന എല്ലാവരും സ്വാഭാവികമായും സ്തബ്ധരായി! അവർക്ക് പ്രതികരിക്കാനാവുന്നതിനു മുമ്പ് ഞാൻ ആദിവാസികളുടെ കഷ്ടങ്ങളെയും ആല തല്ലിപ്പൊളിച്ചതിനേയുമൊക്കെ കുറിച്ച് നിർത്താതെ പ്രഭാഷണം തുടങ്ങി.' സിന്ധുതായി ഉറക്കെ ചി

രിച്ചു. 'അറിയില്ല' സിന്ധുതായി പറഞ്ഞു : 'ഭജന കഴിഞ്ഞാൽ ഭാഷണം എന്നത് തുടങ്ങിയതെന്നാണെന്ന് കൃത്യമായി ഓർമ്മയില്ല. ഞാൻ എനിക്കറിയാവുന്നത് തുറന്നു പറഞ്ഞപ്പോൾ ആൾക്കാർ ശ്രദ്ധിച്ചു കേട്ടു. കേട്ടവർ കേട്ടവർ എന്തെങ്കിലും തന്നു. ഞാൻ ജീവിച്ചു. 'ഭാഷൺ കെ ബാദ് റേഷൻ' സിന്ധുതായി ചിരിച്ചു. 'ഇതാ, ഈ ഇന്നുവരെയും ഞാനങ്ങനെയാണ് ജീവിച്ചത്.'

വളരെ തുറന്ന ശബ്ദത്തിൽ അവർ പാടി.

"പിന്നിൽ നിൽക്കരുത്. തോറ്റു കൊടുക്കരുത്.

പുരുഷനെ പോലെ ജീവിക്കാൻ പഠിക്കൂ. മുന്നിൽ നിൽക്കാൻ പഠിക്കൂ."

തഹസീൽദാറും കൂട്ടരും ആ ഇച്ഛാശക്തിക്കും ദൃഢനിശ്ചയത്തിനും മുന്നിൽ അമ്പരന്നു നിന്നു. ഇങ്ങനെയൊന്ന് കണ്ടിട്ടും കേട്ടിട്ടുമില്ല! ഒരു പെണ്ണ് വന്ന് ഒരു മുന്നറിയിപ്പുമില്ലാതെ തോന്നിയത് പറഞ്ഞിട്ടു പോകുക! അതിനാലായിരിക്കണം ആ എൺപത്തിനാലു കുടുംബങ്ങളുടെയും പുനരധിവാസം ഉത്തരവായി. അങ്ങനെ ആ യുദ്ധം ജയിച്ചു." സിന്ധുതായി കൈകൾ കൂട്ടി ഉരസി ആ മധുരമുള്ള ചിരിചിരിച്ചു. ജീവിതം കണ്ട ചിരി. നമ്മെ ഒരു പരിധി വരെ പേടിപ്പിക്കുന്ന ചിരി. ലോകത്തെ മുന്നിൽ വിളിച്ചു നിർത്തി പോടാ പുല്ലേ എന്നു പറഞ്ഞ ചിരി. "ഒരു യുദ്ധത്തിൽ നിന്ന് മറ്റൊരു യുദ്ധത്തിലേക്ക്. അങ്ങനെയായാലെ ജീവിക്കാൻ രസമുള്ളൂ." ഒരു ദീർഘനിശ്വാസത്തിന്റെ വിടവുവിട്ട് അവർ ആ ചിരി ചുണ്ടിൽ തന്നെ നിർത്തി. "ലട്നാ സീഖൊ (പൊരുതാൻ പഠിക്ക്) എന്ന് ഒരു മന്ത്രം പോലെ പറഞ്ഞു തന്നിരുന്നു അച്ഛൻ. എന്നിട്ടും എത്രകാലമാണ് അതറിയാൻ എടുത്തത്! എത്രകാലമാണ് എന്തെങ്കിലും ചെയ്യാൻ എടുത്തത്!

സിന്ധുതായിയുടെ ചിറകുകൾക്കു കീഴിൽ കുട്ടികൾ കൂടിക്കൂടി വന്നു. പത്ത്, ഇരുപത്... അവർ

**'ജാതിയൊ മതമൊ അച്ഛനൊ അമ്മയൊ ഒന്നിനെക്കുറിച്ചുമറിയാത്ത ഇവിടുത്തെ എല്ലാവരുടെയും ജാതിപ്പേര് (അങ്ങനെ ഒന്നുവേണമെങ്കിൽ) സിന്ധുതായ് സപ്കാൾ എന്നാണ്" ഇപ്പോൾ സിന്ധുതായിയുടെ ഗോശാലയുടെ ചുമതലയുള്ള ആദ്യമകൻ അഭിമാനത്തോടെ പറഞ്ഞു: 'ഞങ്ങൾക്കച്ഛനില്ല, അമ്മയേയുള്ളൂ! എല്ലാവരുടേയും അച്ഛന്റെയും അമ്മയുടെയും പേര് സിന്ധുതായി സപ്കാൾ എന്നാണ്!'**

ക്കൊരു സ്ഥാപനം എന്ന ആശയം ഒരു സാമൂഹ്യപ്രവർത്തകനാണത്രെ ആദ്യം മുന്നോട്ട് വെച്ചത്.

"സ്ഥാപനം എന്നു പറഞ്ഞാൽ എന്താണെന്നു പോലും അറിയില്ലായിരുന്നു." രണ്ടാംക്ലാസ്സുവരെ പഠിക്കാൻ പാടുപെട്ടിരുന്ന ചിന്തി എന്ന പെൺകുട്ടി ഒരു മിന്നൽ പോലെ ഒരു നിമിഷം എന്റെ മനസ്സിനു മുന്നിൽ തെളിഞ്ഞു. കടുംറോസ് നിറത്തിലുള്ള 9 വാര മറാത്തിസാരി ചുറ്റി നെറ്റിയിൽ വലിയ കുങ്കുമപ്പൊട്ടു തൊട്ട് താൻ പടുത്തുയർത്തിയ സ്ഥാപനത്തിന്റെ മൂന്നാംനിലയിൽ കട്ടിലിൽ ചമ്രം പടിഞ്ഞിരുന്ന് എന്തെന്നില്ലാത്ത ആത്മവിശ്വാസത്തോടെ സംസാരിക്കുന്ന സിന്ധുതായി, അല്ല സിന്ധുമായി ഒരു നാണയത്തിന്റെ ഇരുപുറങ്ങളായത് അത്ഭുതകഥയുടെ പരിവേഷത്തോടെയാണ്.

സ്ഥാപനങ്ങൾ ഒന്നല്ല, പലതായി. ആൺകുട്ടികൾ മാത്രം താമസിക്കുന്ന സ്ഥാപനം. പെൺകുട്ടികൾക്കായുള്ള സ്ഥാപനം. പശുക്കളെ സംരക്ഷിച്ചുവളർത്തുന്ന സ്ഥാപനം. സിന്ധുമായി വളരുകയും പടർന്ന് പന്തലിക്കുകയും ചെയ്തു. ആദ്യമക്കളിൽ പലരും ഇന്ന് ഉയർന്ന ഉദ്യോഗസ്ഥന്മാരാണ്. അവരിൽ പലരും ഇവിടുത്തെ പെൺകുട്ടികളെ വിവാഹം കഴിച്ചു. 84ലിലധികം പെൺകുട്ടികളും 58ലധികം ആൺകുട്ടികളും ജീവിക്കുകയും പഠിക്കുകയും വളരുകയും ചെയ്യുന്ന ഈ സ്ഥാപനങ്ങളിൽ ഇന്ന് ജീവിതത്തിന്റെ നാല്ക്കവലയിൽ വെച്ച് വഴിമുട്ടിയ കുറേ സ്ത്രീകളും കൂടിയുണ്ട്. സർക്കാറല്ല, സന്നദ്ധസംഘടനകളാണ് ഈ സ്ഥാപനങ്ങൾക്ക് ആധാരം. "ജാതിയൊ മതമൊ അച്ഛനൊ അമ്മയൊ ഒന്നിനെക്കുറിച്ചുമറിയാത്ത ഇവിടുത്തെ എല്ലാവരുടെയും ജാതിപ്പേര് (അങ്ങനെ ഒന്നുവേണമെങ്കിൽ) സിന്ധുതായ് സപ്കാൾ എന്നാണ്" ഇപ്പോൾ സിന്ധുതായിയുടെ ഗോശാലയുടെ ചുമതലയുള്ള ആദ്യമകൻ അഭിമാനത്തോടെ പറഞ്ഞു: "ഞങ്ങൾക്കച്ഛനില്ല, അമ്മയേയുള്ളൂ! എല്ലാവരുടേയും അച്ഛന്റെയും അമ്മയുടെയും പേര് സിന്ധുതായി സപ്കാൾ എന്നാണ്!" 1042 കുട്ടികളെയാണ് മായി ഇന്നുവരെ വളർത്തിക്കൊണ്ടുവന്നത്. "ഞാനാണ് ആദ്യത്തെ മകൻ!" തിരിഞ്ഞു നോക്കുമ്പോൾ എന്തുതോന്നുന്നു എന്ന ചോദ്യത്തിനു നേരെ അവരൊരു നിമിഷം നിശ്ശബ്ദയായി. പിന്നെ, കമിഴ്ന്നു വീണ പാത്രത്തിൽ നിന്ന് ഉതിരുന്ന പയറ് മണികളെപോലെ ശായരികൾ തുരുതുരെ പുറത്തേക്കൊഴുകി. പിന്നെ ആ ശബ്ദത്തിൽ തുറന്നുയരുന്ന മറാത്തിയിലേയും ഹിന്ദിയിലേയും ശീലുകളിൽ ഞങ്ങൾ ആകെ കുതിർന്നു.

"ഈ ലോകം എന്റേതു കൂടിയാണ്." രണ്ടുമൂന്നു തവണ ആ വരികൾ ആവർത്തിച്ച് പാടി അവർ തുടർന്നു. "ഞാനെനിക്കിഷ്ടമുള്ളതു പോലെ ജീവിക്കും", തളരാത്ത ഊർജ്ജത്തിന്റെ പളുങ്കുമണികൾ ഞങ്ങൾക്കു ചുറ്റും തുരുതുരാ പെയ്തിറങ്ങി. ദുരിതങ്ങളാണ് ന

മ്മെ നാമാക്കുന്നത് വളരെ ശാന്ത യായി, ജീവിതത്തോട് യാതൊരു പരാതികളുമില്ലാത്തതു പോലെ അല്പം ഗൗരവത്തിൽ അവർ തുടർന്നു. "എന്റെ ഭർത്താവ് എന്നെ അന്ന് ചവിട്ടി പുറത്താക്കിയിരുന്നില്ലെങ്കിൽ ഇന്നിതാ നിങ്ങളുടെ മുന്നിലിരിക്കുന്ന ഈ സിന്ധുമായി ഉണ്ടാവുമായിരുന്നില്ല. ഈ കുട്ടികളൊന്നും ഇവിടെ വരുമായിരുന്നില്ല. ഇവരൊന്നും സുരക്ഷിതരായി വളരുമായിരുന്നില്ല. പഠിക്കുമായിരുന്നില്ല."

"എപ്പോൾ വേണമെങ്കിലും എനിക്ക് മരിക്കാമായിരുന്നു. ഞാൻ മരിക്കണമായിരുന്നു. ജീവിക്കാനുള്ളതിനേക്കാൾ എത്രയോ എത്രയോ കാരണങ്ങൾ മരിക്കാനാണ് ഉണ്ടായിരുന്നത്. പക്ഷേ, ജീവിക്കുന്നത് മരിക്കുന്നതിനേക്കാൾ വിഷമമാണെന്ന് തോന്നിയതുകൊണ്ടാവാം ഞാൻ ജീവിക്കാൻ തീരുമാനിക്കുകയാണുണ്ടായത്. തോൽക്കാൻ വയ്യ എന്നു തോന്നി.










**മീ സിന്ധുതായ് സപ്കാൾ എന്ന മറാഠി സിനിമയിലെ രംഗം**



**സിന്ധുതായ് മകൾ മമതയോടൊപ്പം**



**ബാലനികേതനിലെ കുട്ടികൾ**

"ഭർത്താവ്?" ഞാൻ മടിച്ചു മടിച്ചാണ് ചോദിച്ചത്.

"ഉണ്ട്. പശുക്കളെ സംരക്ഷിക്കുന്ന ഗോശാലയിലെ ആശ്രമത്തിൽ ഞാൻ ആദ്യം കൂടെക്കൂട്ടിയ മകന്റെ ചുമതലയിൽ, സംരക്ഷണത്തിൽ, സാമീപ്യത്തിൽ കഴിയുന്നുണ്ട്."

"മായിയെ ഇങ്ങോട്ട് വന്ന് കണ്ടതാണോ?"

"അതെ, മക്കളെല്ലാം വലുതായി അവരവരുടെ വഴിക്ക് പോയി. പിന്നെ ആരുണ്ട്?"

ഭർത്താവായല്ല, മകനായി ഇരിക്കാമെങ്കിൽ എന്റെ സ്ഥാപനത്തിൽ കഴിയാം എന്ന് ഞാൻ പറഞ്ഞു. അനാഥൻ. അനാഥരുടെ അമ്മയാണ് ഞാൻ. ഏറ്റവും വയസ്സുള്ള കുട്ടിയായി ഇവിടെ ജീവിച്ചോട്ടെ എന്നു കരുതി."

"പഴയകാര്യങ്ങളെക്കുറിച്ച് ഒരിക്കലും സംസാരിച്ചില്ലേ? ശരിക്കും ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ടോ മായി? സാധിക്കുമോ മായിക്ക്?"

ഞാൻ കുരുത്തത്, വളർന്നത് തീയിലാണ്. ഇവരാക ട്ടെ തണലിലും. തീയിലേ, തീയിൽ മാത്രമേ സിന്ധു തായിമാർ ജന്മമെടുക്കൂ. നാം സംഘർഷങ്ങളോട് ഹലോ പറയണം. എന്റെ ഭർത്താവ് എന്നെ അന്ന് വലിച്ച് പുറത്തിട്ടില്ലായിരുന്നെങ്കിൽ ഒരിക്കലും ഒരു സിന്ധുമായി ഉണ്ടാകില്ലായിരുന്നു.
അതിനദ്ദേഹത്തോട് വലിയ നന്ദിയുണ്ട്. വെല്ലുവിളിക ളില്ലെങ്കിൽ എന്തുവിരസമായേനേ ജീവിതം.

"അറിയില്ല. ആലോചിച്ചിട്ടു മില്ല." സിന്ധുതായി തീരെ കയ് പില്ലാതെ ചിരിച്ചു.

"വെറുതേ കഴിഞ്ഞത് പറഞ്ഞി ട്ടെന്തു കാര്യം? കുറേ ദേഷ്യപ്പെ ടാം. പരസ്പരം കുറ്റപ്പെടുത്താം. പക്ഷേ അതൊന്നും ഒന്നും നേടി ത്തരില്ലല്ലൊ. ആ നേരം പശുവിന് രണ്ടുകെട്ട് പുല്ലിട്ടുകൊടുത്താൽ അത്രയ്ക്ക് ഗുണം കിട്ടും. ഇല്ല. ഒ രിക്കലും സംസാരിച്ചിട്ടില്ല. അതു മല്ല എന്തുണ്ട് തമ്മിൽ പറയാൻ?"

"മമത?" "വളർന്നു. പഠിച്ചു. ഇ ന്നീ സ്ഥാപനം നോക്കി നടത്തു ന്നു."

"അടുത്ത ചോദ്യം അറിയാം." മേശപ്പുറത്ത് വച്ചിരുന്ന പേപ്പർ വെ യ്റ്റിൽ കൈയോടിച്ച് അവർ അ



തിൽ തന്നെ നോക്കി. "എന്റെ മൂ ന്നാൺ മക്കൾ എന്നെ കാണാൻ എപ്പോഴെങ്കിലും വന്നോ എന്നല്ലേ? ഇല്ല. ഈ നിമിഷം വരെ ഇല്ല. പേരുദോഷം കേൾപ്പിച്ച അമ്മ യല്ലേ. പിന്നെ ഒന്നും ഇല്ല ഞങ്ങൾ ക്കിടയിൽ ബന്ധിക്കാൻ. പ്രസവ മല്ല അമ്മയാക്കുന്നത്. അമ്മയാ കൽ ഒരു വലിയ ജോലിയാണ്."

"ഒരിക്കലും ഞാൻ അവരുടെ അമ്മയായിരുന്നിട്ടില്ലല്ലൊ."

"എപ്പോൾ വേണമങ്കിലും എ നിക്ക് മരിക്കാമായിരുന്നു. ഞാൻ മ രിക്കണമായിരുന്നു. ജീവിക്കാനുള ളതിനേക്കാൾ എത്രയോ എത്രയോ കാരണങ്ങൾ മരിക്കാനാണ് ഉണ്ടാ യിരുന്നത്. പക്ഷേ ജീവിക്കുന്നത് മരിക്കുന്നതിനേക്കാൾ വിഷമമാ ണെന്ന് തോന്നിയതുകൊണ്ടാവാം ഞാൻ ജീവിക്കാൻ തീരുമാനിക്കു കയാണുണ്ടായത്. തോൽക്കാൻ വ യ്യ എന്നു തോന്നി. കല്ലും മണ്ണും തിന്നാൻ തോന്നുന്ന പ്രചണ്ഡമായ വിശപ്പ്. എത്തിപ്പിടിക്കാൻ ഒരു കൈ പോലും കാണാത്ത ഒറ്റ പ്പെടൽ. മുകളിൽ മൗനിയായി ആ കാശം. ചുവട്ടിൽ നില്പുറപ്പിക്കാൻ അനുവദിക്കാത്ത ഭൂമി. കഷ്ടങ്ങൾ കൂടുമ്പോൾ ഹരമാണ് തോന്നിയത് എന്ന് ഇന്ന് തിരിഞ്ഞു നോക്കു മ്പോൾ തോന്നുന്നു. അല്ലെങ്കിൽ, ഒ ന്നിനു മീതെ ഒന്നായി കുട്ടികളെ ഞാൻ ഏറ്റെടുത്തതെന്തിനായി രുന്നു? അറിയില്ല. ഒരു കൈ നോക്കാം എന്ന് ഞാൻ എന്നും ജീ വിതത്തോട് പറഞ്ഞു. തോല് പിക്കാമോ എന്ന് നോക്ക്. ജീവി തവും ഞാനും എന്നും മുഖത്തോ ട് മുഖം നോക്കിയാണ് നില്പ്. അന്തിയോളം എല്ലുമുറിയെ പണി യെടുത്ത് താങ്ങാനാവാത്ത തലച്ചു മടുമായെത്തുന്ന അച്ഛൻ മകളെ മ ടിയിലിരുത്തി അമ്മ കേൾക്കാതെ പറയുമത്രെ. തളർന്നാൽ കഴിഞ്ഞു. പിന്നെ എഴുന്നേറ്റു നിൽക്കാൻ പോലും ഈ ലോകം സമ്മതി ക്കില്ല!"

കേട്ടു വളർന്നതാണ്. തോ ല്ക്കുമോ എന്ന പേടിയെ ഒരു കുറ്റ ബോധം പോലെ മനസ്സിനടിയിലേ ക്ക് തള്ളി ഒളിപ്പിച്ചു വയ്ക്കാൻ അ തായിരിക്കാം കാരണം. നടന്ന വഴി കളിൽ മുഴുവൻ മുള്ളായിരുന്നു. 9 വയസ്സിൽ പിരിഞ്ഞ വീട്. വട്ടുകളി ച്ചതിന് മുതുകത്തേറ്റ ചവിട്ട്, പത്രം വായിച്ച കുറ്റത്തിന് നിധി പോലെ കരുതിയ പത്രക്കഷണം കയ്യിൽ നിന്ന് വലിച്ചെടുത്ത് ഭർത്താവ് തീ

യിലേക്കെറിഞ്ഞപ്പോൾ പൊന്തിയ മനസ്സ് കരിഞ്ഞ മണം. മൂന്നുമക്കളെ പെറ്റിട്ടും ഒരിക്കൽ പോലും അവരെ ഓമനിക്കാനാവാതെ, താലോലിക്കാനാവാതെ, പ്രസവം കടമയായി ഏറ്റെടുത്ത ചുരുണ്ട് മടങ്ങിയ, പുഴുക്കുത്തിയ ദിവസങ്ങൾ, പട്ടിണി കിടന്ന് മടുത്തപ്പോൾ കൂലി ചോദിച്ചതിന് കേട്ട അപവാദം. മക്കളേയും വീടിനേയും തനിക്കന്നുവരെ പരിചയമുള്ള എല്ലാറ്റിനേയും പിന്നിലാക്കി നടക്കേണ്ടി വന്നപ്പോൾ, ഒരിത്തിരി കരുണകാണിക്കാതെ നീണ്ടുനീണ്ടു പോയ വഴുക്കുന്ന പാത. മോഹിക്കാൻ സാധിക്കാത്തതിന്റെ അനീതിയിൽ പൊതിഞ്ഞ വിങ്ങൽ, സുരക്ഷിതത്വം ഒരിക്കലും അറിയാതിരുന്നതുകൊണ്ടാവണം അതിനെക്കുറിച്ച് മാത്രം എനിക്കൊരിക്കലും പേടിതോന്നിയിട്ടില്ല. വരുന്നിടത്ത് വെച്ച് കാണാം എന്നാണ് എന്നും ഞാൻ എന്നോട് പറഞ്ഞിട്ടുള്ളത്. മകൾ മമത കൊണ്ടുവന്ന ചായ എനിക്കു നേരെ നീട്ടി സിന്ധുതായി. മറക്കുകയാണെളുപ്പം. ഒന്നും തരാത്ത ഓർമ്മകൾ വേണ്ടെന്നു വയ്ക്കണം. സിന്ധുതായി മുന്നിലുണ്ടായിരുന്ന ഗ്ലാസ്സിലെ വെള്ളം ഒരു മരുന്നു പോലെ ഒറ്റയടിക്ക് കുടിച്ചു. "തോല്കാതിരിക്കാൻ, മുന്നോട്ട് പോകാൻ അതേ വഴിയുള്ളൂ."

"പുറത്ത് ആൾക്കാർ കാത്തുനിൽക്കുന്നു." സിന്ധുതായിയെ കൊണ്ട് ഒപ്പിടീക്കാൻ കുറേ കടലാസ്സുകളുമായി വന്ന മമത ക്ഷമാപണമെന്ന മട്ടിലാണ് പറഞ്ഞത്. എന്തു പറയണം?

വാച്ചിൽ നോക്കിയതപ്പോഴാണ്. രണ്ടര മണിക്കൂർ കഴിഞ്ഞിരിക്കുന്നു. "ഒരൊറ്റ ചോദ്യം കൂടി." യാത്ര പറയാൻ എഴുന്നേൽക്കെ ഞാൻ അവരുടെ കാലിൽ തൊട്ടു.

"ഇവിടെ നിന്ന് മറ്റൊരു സിന്ധുതായി?"

"ഇല്ല, ഉണ്ടാവില്ല." എന്റെ വാചകം പൂരിപ്പിക്കും പോലെ ധൃതിയിലാണ് അവർ പറഞ്ഞത്. ഞാൻ കുരുത്തത്, വളർന്നത് തീയിലാണ്. ഇവരാകട്ടെ തണലിലും.

> മൂന്നുമക്കളെ പെറ്റിട്ടും ഒരിക്കൽ പോലും അവരെ ഓമനിക്കാനാവാതെ, താലോലിക്കാനാവാതെ, പ്രസവം കടമയായി ഏറ്റെടുത്ത ചുരുണ്ട് മടങ്ങിയ, പുഴുകുത്തിയ ദിവസങ്ങൾ, പട്ടിണി കിടന്ന് മടുത്തപ്പോൾ കൂലി ചോദിച്ചതിന് കേട്ട അപവാദം. മക്കളേയും വീടിനേയും തനിക്കന്നുവരെ പരിചയമുള്ള എല്ലാറ്റിനേയും പിന്നിലാക്കി നടക്കേണ്ടി വന്നപ്പോൾ, ഒരിത്തിരി കരുണകാണിക്കാതെ നീണ്ടുനീണ്ടു പോയ വഴുക്കുന്ന പാത. മോഹിക്കാൻ സാധിക്കാത്തതിന്റെ അനീതിയിൽ പൊതിഞ്ഞ വിങ്ങൽ, സുരക്ഷിതത്വം ഒരിക്കലും അറിയാതിരുന്നതുകൊണ്ടാവണം അതിനെക്കുറിച്ച് മാത്രം എനിക്കൊരിക്കലും പേടിതോന്നിയിട്ടില്ല. വരുന്നിടത്ത് വെച്ച് കാണാം എന്നാണ് എന്നും ഞാൻ എന്നോട് പറഞ്ഞിട്ടുള്ളത്.

തീയിലേ, തീയിൽ മാത്രമേ സിന്ധുതായിമാർ ജന്മമെടുക്കൂ. നാം സംഘർഷങ്ങളോട് ഹലോ പറയണം. എന്റെ ഭർത്താവ് എന്നെ അന്ന് വലിച്ച് പുറത്തിട്ടില്ലായിരുന്നെങ്കിൽ ഒരിക്കലും ഒരു സിന്ധുമായി ഉണ്ടാകില്ലായിരുന്നു. അതിനദ്ദേഹത്തോട് വലിയ നന്ദിയുണ്ട്. വെല്ലുവിളികളില്ലെങ്കിൽ എന്തുവിരസമായേനേ ജീവിതം. ◯

*സിന്ധുതായി സപ്കാൾ*

*ജനനം : മഹാരാഷ്ട്രയിലെ വാർധ ജില്ലയിൽപ്പെട്ട പിംപ്രി മെഗേ ഗ്രാമത്തിൽ*

*തിയ്യതി : 1948 നവംബർ 14*

*അച്ഛൻ : അഭിമാൻ സാഠെ*

*വിദ്യാഭ്യാസം : രണ്ടാംക്ലാസ്സ്*

*വിവാഹം : ഒൻപത് വയസ്സിൽ*

*ഭർത്താവ് : ശ്രീ ഹരിഭായി സപ്കാൾ, നവർഗാംവ്*

*വിവാഹത്തിനു മുൻപുള്ള പേര് : ചിന്തി*

*വിവാഹശേഷമുള്ള പേര് : സിന്ധു*

*പുത്രന്മാർ : മൂന്ന് , പുത്രി : ഒന്ന്*

*ആദ്യസ്ഥാപനം : വൻവാസി ഗോപാൽകൃഷ്ണ ശിക്ഷൺ അണിക്രീഡാ പ്രസാരക്,*

*1986 മണ്ഡൽ (1986) അമരാവതിയിൽ തുടർന്ന്*

*1994 : മമത ബാൽ സദൻ, സസ്വാഡ്*

*1999 : സപ്തസിന്ധുമഹിളാ ആധാർ, പൂനയിൽ. തുടർന്ന് അഭിമാൻബാൽ ഭവൻ, വാർധ, മായീസ് ആശ്രം (അമരാവതി)*

*2001 : സൻമതി ബാൽ നികേതൻ (2001), പൂനെ,*

*ഗോപികാ ഗായ് രക്ഷൺ കേന്ദ്ര് തുടങ്ങിയവ സ്ഥാപിച്ചു.*

*സംരക്ഷിച്ച കുട്ടികൾ : 1042 (2014 വരെ)*

*പുരസ്കാരങ്ങൾ : 273*

*പ്രസിദ്ധിയാർജ്ജിച്ച പേര് : അനാഥരുടെ യശോദ*

ലോകമറിയുന്ന പേര് : മായി (അമ്മ)

ചുറ്റുപാടുമുള്ളവരുടെ ജീവിതപ്രശ്നങ്ങളോട് സജീവമായി പ്രതികരിക്കുന്ന സിന്ധുതായി സപ്കാൾ ഗ്രാമീണരുടെയും ആദിവാസികളുടെയും പുനരധിവാസത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള സമരങ്ങളിൽ മുൻപന്തിയിലാണ്.


'മീ വൻവാസി' എന്ന ആത്മകഥ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'മീ സിന്ധുതായി' എന്ന പേരിൽ ഒരു സിനിമ സിന്ധുതായിയെക്കുറിച്ച് എടുത്തിട്ടുണ്ട്.

'അനാഥാംചി യശോദ' എന്ന ഡോക്യുമെന്ററി നിർമ്മിക്കപ്പെട്ടിട്ടുണ്ട്.

*മാനസി, കേരള സാഹിത്യ അക്കാദമി അവാർഡ് ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.*

പെൺപക്ഷം





അജിത കെ.

# ‘നിർഭയ’കൾ നിർബാധം തുടരുന്നു !

ബലാൽസംഗനിയമങ്ങൾ കർശനമാക്കാനുള്ള ജസ്റ്റിസ് വർമ്മാകമ്മീഷൻ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രിമിനൽ ലോ അമന്റ്മെന്റ് ആക്ട് 2013 എന്ന പുതിയ നിയമം വന്നു. അങ്ങനെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ കേസുകൾ കൈകാര്യം ചെയ്യാൻ നാടു മുഴുവൻ സ്പെഷ്യൽ കോടതികളും അതിവേഗ കോടതികളും വന്നു. സ്ത്രീകൾക്കെതിരെ ഇനി ഇത്തരം ലൈംഗികാതിക്രമങ്ങൾ ഉണ്ടാവില്ലെന്നും അഥവാ ഉണ്ടായാൽ തന്നെ നിയമം അതിന്നെതിരെ കർശനമായ നടപടികളെടുക്കുമെന്നും പാവം ജനങ്ങൾ, പ്രത്യേകിച്ച് സ്ത്രീസമൂഹം വല്ലാതെ പ്രതീക്ഷിച്ചു പോയി.

**2013** ഡിസംബർ 16-ാംനു ഒരു സിറ്റി ബസ്സിൽ വെച്ച് അതിക്രൂരമായി ആക്രമിക്കപ്പെട്ട ജ്യോതി അഥവാ നിർഭയയുടെ അനുഭവം ഡൽഹിയിൽ സൃഷ്ടിച്ച ജനകീയ ഉയർത്തെഴുന്നേൽപ്പുകൊണ്ടാണ് ഏറെ ശ്രദ്ധിക്കപ്പെട്ടത്. ബലാൽസംഗനിയമങ്ങൾ കർശനമാക്കാനുള്ള ജസ്റ്റിസ് വർമ്മാകമ്മീഷൻ നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ക്രിമിനൽ ലോ അമന്റ്മെന്റ് ആക്ട് 2013 എന്ന പുതിയ നിയമം വന്നു. അങ്ങനെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങളുടെ കേസുകൾ കൈകാര്യം ചെയ്യാൻ നാടു മുഴുവൻ സ്പെഷ്യൽ കോടതികളും അതിവേഗ കോടതികളും വന്നു. സ്ത്രീകൾക്കെതിരെ ഇനി ഇത്തരം ലൈംഗികാതിക്രമങ്ങൾ ഉണ്ടാവില്ലെന്നും അഥവാ ഉണ്ടായാൽ തന്നെ നിയമം അതിന്നെതിരെ കർശനമായ നടപടികളെടുക്കുമെന്നും പാവം ജനങ്ങൾ, പ്രത്യേകിച്ച് സ്ത്രീസമൂഹം വല്ലാതെ പ്രതീക്ഷിച്ചുപോയി.

ഈ പ്രതീക്ഷകളൊക്കെ അസ്ഥാനത്താണെന്ന് ഓരോ ദിവസവും തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യങ്ങളാണ് ഇന്നും ഇന്ത്യയിലുള്ളത് എന്ന് പറയാതെ വയ്യ. 40 വർഷങ്ങൾക്കു മുമ്പ് വിവാഹത്തലേന്ന് ഒരു നരാധമനാൽ അതിക്രൂരമായി (നായ് ചങ്ങലകൊണ്ട് കഴുത്ത് മുറുക്കി) ബലാൽസംഗം ചെയ്യപ്പെട്ട അരുണാ

ഷാൻബാഗ് എന്ന യുവനഴ്സ് അടുത്തിടെയാണ് അതിദാരുണമായ പില്ക്കാലജീവിതത്തിനൊടുവിൽ മരണമടഞ്ഞത്. എത്ര ലഘുവായിരുന്നു ആ റേപ്പിസ്റ്റിനു കിട്ടിയ ശിക്ഷ (ഏഴു കൊല്ലം) യെന്നും ഇന്ന് സ്വതന്ത്രനായി അയാൾ വിലസുന്നുവെന്നും നമ്മൾ അറിയുന്നു. എന്നുമെന്നോണം വടക്കേ ഇന്ത്യയിൽ എത്ര ദലിത്പെൺകുട്ടികളാണ് അതികിരാതമായ ലൈംഗികാക്രമണങ്ങൾക്കുശേഷം കൊലചെയ്യപ്പെടുന്നത്.

കേരളത്തിൽതന്നെ, നിത്യേന നമ്മുടെ പത്രമാദ്ധ്യമങ്ങളിലും മറ്റും വരുന്ന വാർത്തകൾ എന്തുമാത്രം ഭയാനകമാണ്. പിഞ്ചുകുഞ്ഞുങ്ങൾ അമ്മയോടൊപ്പം കിടന്നുറങ്ങുമ്പോൾ തട്ടിക്കൊണ്ടുപോയി ആക്രമിക്കപ്പെടുന്നു, കൗമാരത്തിലേക്ക് കടക്കുന്ന കൊച്ചുപെൺകുട്ടികൾ സ്വന്തം രണ്ടാനച്ഛന്മാരോ, അമ്മാവന്മാരോ ഒക്കെ പീഡിപ്പിച്ച് ദയനീയമായ അവസ്ഥയിലെത്തുന്നു. ചില നീചന്മാരായ അച്ഛന്മാർ പോലും ഇത്തരം സാഡിസത്തിലേർപ്പെടുന്നു. ചില കേസുകളിൽ പെറ്റമ്മമാർ ഇതിനൊക്കെ കൂട്ടുനിൽക്കുന്ന അനുഭവവുമുണ്ട്. വയനാട്ടിലെ അവിവാഹിതരായ ആദിവാസി അമ്മമാരുടെ കഥ ഇന്നും ഒരു തുടർക്കഥയാണ്.
ജീവിതമെന്തെന്ന തിരിച്ചറിവ് കിട്ടുകയും നല്ലതും ചീത്തയുമെന്തെന്ന് മനസ്സിലാക്കുകയും ആരോഗ്യകരമായ, സ്നേഹനിർഭരമായ, സന്തോഷം തുളുമ്പുന്ന ബന്ധങ്ങളിലൂടെ പൂർണ്ണവ്യക്തിയായി വളരുകയും ചെയ്യാനുള്ള പ്രായമാകുന്നതിനു മുമ്പുതന്നെ മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, കുരുന്നു പ്രായത്തിൽ തന്നെ ഇത്തരം കടുത്ത ആഘാതങ്ങളേൽക്കുന്ന കൊച്ചു പെൺകുട്ടികൾ പിന്നെ ജീവിതത്തെ എങ്ങനെയാണ് വീക്ഷിക്കുക? അങ്ങേയറ്റം വിനാശകരമായ, വികലമായ വ്യക്തിത്വം അവരിൽ രൂപപ്പെട്ടുവന്നെങ്കിൽ നമുക്കവരെ പഴിചാരാനാവുമോ?



എന്തുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ നിർബാധം തുടരുന്നത്? നിയമത്തിന്റെ പോരായ്മ കൊണ്ടാണെന്ന് പറയാനാവില്ല. പുതിയ നിയമങ്ങൾ ഏറെയുണ്ട് നമുക്ക്. ഇയ്യിടെ വന്ന ഒരു പ്രധാനനിയമമാണ് Protection of children from sexual oftences Act, 2012 (POCSO). വളരെ ശക്തമായ ഒരു നിയമമാണത്. പക്ഷേ, ഈ ആക്ട് പ്രകാരം എടുത്ത കേസുകൾ പോലും നിഷ്പ്രയാസം ചവറ്റുകുട്ടയിലേക്ക് കോടതികളും പോലീസും വലിച്ചെറിയുന്ന സംഭവങ്ങൾ ഏറെയാണ്. ഈ പശ്ചാത്തലത്തിലാണ് ഇവ നടപ്പിലാക്കാൻ ബാദ്ധ്യസ്ഥമായ സംവിധാനങ്ങൾ ഇതിലെന്ത് പങ്കുവഹിക്കുന്നുവെന്ന് നമ്മൾ പരിശോധിക്കേണ്ടത്. പോലീസ് -ജുഡീഷ്യറി സംവിധാനങ്ങൾക്ക് ഈ നിയമത്തിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കാനും, ഗൗരവപൂർവ്വം ഇത്തരം കേസുകൾ കൈകാര്യം ചെയ്ത് ഇരകളാക്കപ്പെടുന്ന വിഭാഗങ്ങൾക്ക് നീതിനേടിക്കൊടുക്കാനും എന്ത് പരിശീലനമാണ് നല്കുന്നത്? പരമ്പരാഗതമായി പുരുഷപക്ഷപാതപരമായ നിലപാടുള്ള നമ്മുടെ നിയമസംവിധാനത്തിൽ ഈ നിയമങ്ങൾ ഒരു നേരിയ വിള്ളൽ പോലുമുണ്ടാക്കുന്നില്ല. എന്നുമാത്രമല്ല വർഷങ്ങളോളം സ്ത്രീസംഘടനകളും പ്രസ്ഥാനങ്ങളും പോരാടി നേടിയ പല നിയമങ്ങളും-498(എ) (സ്ത്രീധനപീഡനങ്ങൾ കൈകാര്യം ചെയ്യുന്ന നിയമം) ഗാർഹികപീഡന നിരോധനനിയമം- ഇവയെല്ലാം 'ദുരുപയോഗപ്പെടുത്ത'പ്പെടുകയാണെന്ന കപടവാദഗതി ഉയർത്തി മാറ്റിപ്പണിയാൻ മോഡിസർക്കാർ ഇപ്പോൾ പദ്ധതികളിട്ടുകൊണ്ടിരിക്കുകയാണ്.

ജനാധിപത്യക്രമത്തിൽ നയതീരുമാനങ്ങളെടുക്കുന്ന, നിയമനിർമ്മാണങ്ങൾ നടത്തുന്ന രാഷ്ട്രീയകക്ഷികളും മുന്നണികളും ഇത്തരം കേസുകളിലെടുക്കുന്ന നിലപാടുകൾ അങ്ങേയറ്റം ജനദ്രോഹകരമാണ്. രാഷ്ട്രീയമായ ഇച്ഛാശക്തിയോടുകൂടി ഇത്തരം കേസുകളിൽ ഇരകൾക്ക് നീതി ലഭിക്കാൻ വേണ്ടി പ്രവർത്തിക്കേണ്ട രാഷ്ട്രീയനേതാക്കൾ അന്യോന്യം സംരക്ഷിക്കുന്ന കയ്പേറിയ അനുഭവങ്ങൾ ഒട്ടും കുറവല്ല. മാത്രമല്ല, ഇതിന്റെയൊക്കെ പുറകിൽ അഴിമതിയുടെ വൻകഥകളും ഉണ്ട്. പല പ്രമാദമായ കേസുകളിലും ചില നേതാക്കൾ പ്രതികളാണെന്ന് പൊതുജനത്തിനറിയാം.

എന്നാൽ ഇന്നുവരെ ഒരു നീതിപീഠവും അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരികയോ പ്രതിചേർക്കുകയോ ചെയ്യുന്നില്ല. പോലീസ്- ജുഡീഷ്യറി-രാഷ്ട്രീയനേതൃത്വം ഇവർ തമ്മിലുള്ള അവിഹിതമായ ക്രിമിനൽ കൂട്ടുകെട്ടാണ്, ഇടപാടുകളാണ് ഇത്തരം മാഫിയാസംഘങ്ങൾക്ക് യാതൊരു കൂസലുമില്ലാതെ പ്രവർത്തിക്കാൻ ധാർഷ്ട്യമുണ്ടാക്കിക്കൊടുക്കുന്നതെന്നു പറഞ്ഞാൽ ഒട്ടും അധികമാവില്ല. അത്തരം ചില രാഷ്ട്രീയ നേതാക്കൾ ഇന്ന് മന്ത്രിപദത്തിലുണ്ട്, പാർലമെന്റിൽ ഉയർന്ന പദവി വഹിച്ചിരുന്നു. ഇന്നതാ കാൻസർ ബാധിച്ച സ്വന്തം ഭാര്യയെ ക്രൂരമായി മൊഴിചൊല്ലി ഉടൻ മറ്റൊരു വിവാഹം ചെയ്ത യൂത്ത് നേതാവിനെ സംരക്ഷിക്കാൻ എത്ര വെമ്പലാണ് തല്പരകക്ഷികൾക്കുള്ളത്! സ്ത്രീകൾക്ക്, കൊച്ചുപെൺകുട്ടികൾക്ക് നീതിയെന്നത് ഇന്നും മരീചിക തന്നെ. ○

ഉപ്പും മുളകും



ഗീത

# താലി പൊട്ടിച്ചെറിയുമ്പോൾ

പെരിയോർ രാമസ്വാമി നായ്കന്റെ അനുയായി വിഭാഗമായ ദ്രാവിഡർ കഴകത്തിലെ പെണ്ണുങ്ങൾ നടത്തിയ താലിപൊട്ടിക്കൽ സമരം ഏറെ ചരിത്രപരമാണെന്നും അതിൽ സ്ത്രീകൾ നിലപാടെടുക്കേണ്ടതുണ്ടെന്നും ഞാൻ കരുതുന്നു.

ജനനം മുതൽ മരണം വരെയുള്ള മനുഷ്യജീവിതം ചിഹ്നങ്ങളാൽ ബന്ധിതമായിരിക്കുന്നു. അതിന്റെ ഫലമായി മതശാഠ്യങ്ങളിലേക്കും ആചാരപരതയിലേക്കും നീങ്ങുന്ന സ്ത്രീജീവിതത്തെയാണ് നാം കാണുന്നത്. മോതിരം മാറുന്നതു പോലെ "താലി" മാറുകയല്ല വധൂവരന്മാർ ചെയ്യുന്നത്. വരൻ വധുവിനെ "താലി"കെട്ടിക്കുകയാണ്.

വധുവിനിത്തിരി പൊന്ന് നൽകിക്കളയാമെന്ന ഉദാരമനസ്ഥിതികൊണ്ടൊന്നുമല്ല പുരുഷൻ അവളെ "താലി"കെട്ടിക്കുന്നത്. തന്റെ അപ്രമാദിത്വം അവൾക്കുമേൽ മുദ്രിതമാക്കുകയാണ് താലിയിലൂടെ അവൻ ചെയ്യുന്നത്. അങ്ങനെ വേണമെന്ന് ആലോചിച്ചുകൊണ്ടാണ് അവൻ അതുചെയ്യുന്നതെന്നല്ല വാദം. ഏകപക്ഷീയമായ അധികാരത്തിന്റെ ഏറ്റവും ഫലവത്തായ ചിഹ്നമായി "താലി" മാറുകയാണ്. ഹിന്ദുത്വ അജണ്ട നിശബ്ദമായും എന്നാൽ ശക്തമായും പാലിക്കപ്പെടുന്നത് "താലി" യിലൂടെയാണ്. പരസ്പരം മാറുന്നില്ല എന്നതുപോലെ സ്വയം കെട്ടുന്നതുമല്ല താലി. ഒരുവൻ സമൂഹമദ്ധ്യത്തിൽവെച്ച് ഒരുവളെ കെട്ടിക്കുന്നതാണത്. തികച്ചും പ്രകൃതിവിരുദ്ധമായ ഒരു നിയന്ത്രണതന്ത്രമായി അതുമാറുന്നു.

ഈ നിയന്ത്രണത്തെയാണ് മംഗല്യസൂത്രമായി വ്യവസ്ഥ വ്യാഖ്യാനിക്കുന്നത്. ഈ നിയന്ത്രണം ബലപൂർവ്വമോ പ്രത്യക്ഷമോ അല്ല. തികച്ചും അബോധപൂർവ്വമായ മെരുക്കപ്പെടലാണ് താലിയിലൂടെ സംഭവിക്കുന്നത്. ആഗ്രഹിച്ചാലും ഇല്ലെങ്കിലും കെട്ടിക്കുന്ന പുരുഷൻ അധിപതിയും കെട്ടപ്പെടുന്ന പെണ്ണ് അടിമയുമായിത്തീരുന്നു. ഈ അടിമയുടമ ബന്ധം ഒരു സ്വാഭാവികപ്രക്രിയയായി ആണിനും പെണ്ണിനും അനുഭവപ്പെടുന്നു. യഥാർത്ഥത്തിൽ താൻ വ്യവസ്ഥയുടെ അടിമയാണെന്ന് ഉടമയാകുന്ന പുരുഷൻ അറിയുന്നതു പോലുമില്ല.

"താലി''യിലാണ് ആണിന്റെ ആരോഗ്യവും ആയുസ്സും. അതുകൊണ്ട് അതാണ് അതുമാത്രമാണ് പെണ്ണിന്റെ സൗഭാഗ്യം. ഇവ്വിധമുള്ള ശീലപ്പെടലിന്റെ ഭാഗമായി "താലി" നല്കുന്ന സുരക്ഷിതത്വം അവിഭാജ്യമായി പെണ്ണിന് അനുഭവപ്പെടുന്നു. വില്ക്കപ്പെടുന്ന ഏറ്റവും ഒടുവിലത്തെ സ്വത്തായി കെട്ടുതാലി മാറുന്നതിന്റെ വൈകാരികപശ്ചാത്തലം ഇതാണ്.

ഏതു ക്രൗര്യം പ്രവർത്തിച്ചാലും "താലി" കെട്ടിയ പുരുഷനെ വെടിയാനുള്ള വിലക്കായി ഈ മംഗല്യസൂത്രം അതിസമർത്ഥമായി പരിണമിക്കുന്നു. വ്യവസ്ഥയുടെ ഒരു വല്ലാത്ത സൂത്രമാണിതെന്നു തിരിച്ചറിയാൻ കഴിയാതെ വരുമ്പോൾ "താലി" അക്ഷരാർത്ഥത്തിൽ പെണ്ണിന്റെയും ആണിന്റെയും ഉയിരിന്റെ ഊരാക്കുടുക്കായി മാറുന്നു.

ഏകാധിപത്യപരമായ ഈ ആചാരത്തെ തള്ളിപ്പറയാൻ സമകാലം പോലും എത്രമാത്രം ഭയക്കുന്നുവെന്നതിന്റെ തെളിവുകൾ എത്രവേണമെങ്കിലും നമ്മുടെ സീരിയലുകളിൽ ലഭിക്കുന്നു. ചന്ദ്രനുദിക്കുന്ന ദിക്കിൽ പോലുള്ള ഡസൻ കണക്കിനു സിനിമകളും ഇതേ തത്വത്തെ പ്രചരിപ്പിക്കുന്നു. വാസ്തവത്തിൽ ദുർമന്ത്രവാദത്തിനെതിരെയെടുക്കുന്ന കർശനനിയമനടപടികൾ ഇത്തരക്കാർക്കെതിരെയും സ്വീകരിക്കാവുന്നതാണ്. ഹിംസാത്മകമായ അന്ധവിശ്വാസപ്രചരണത്തിന്റെ പേരിൽ കേസെടുക്കാവുന്നതുമാണ്.

നിരർത്ഥകമായ ഒരു പൊൻതരി ഏറ്റവും അർത്ഥപൂർണ്ണമായ ബന്ധനമായി മാറുന്നത് മനുഷ്യബന്ധങ്ങളുടെ ശക്തികൊണ്ടല്ല, മതത്തിന്റെ നിർബന്ധം മാത്രം കൊണ്ടാണെന്നു വരുമ്പോ

*ശേഷം പേജ് 56ൽ*



# വാസ്തവം



ഡോ.ജാൻസി ജോസ്

അപമാനിക്കുക, ചാകാൻ സാഹചര്യമുണ്ടാക്കുക– ഇതാണ് കേരളീയന്റെ ഇപ്പോഴുള്ള പൊതുസ്വഭാവം. സ്ത്രീകളോടു മാത്രമുള്ള ഈ സ്വഭാവം പൊതുവായി മാറാൻ കാലമിത്രയുമെടുത്തു. സ്ത്രീകളോടുള്ള കരുണ മൂത്ത് അടുത്ത കാർഷികപദ്ധതി ഒതളങ്ങാകൃഷി വിപുലമാക്കുക എന്നതായിരിക്കാൻ സാദ്ധ്യതയേറുന്നു. രഹസ്യമായെങ്കിലും ആരെങ്കിലും ഹോസ്റ്റലുകൾ പോലുള്ള ഇടങ്ങളിൽ ഒതളാങ്ങാച്ചെടി നാടാനിടയുണ്ട്. നോക്കിയും പറഞ്ഞും പ്രവർത്തിച്ചും അപമാനിക്കുക എന്നത് വിവരദോഷികൾക്കും വിവരമുണ്ടെന്ന് നടിക്കുന്നവർക്കും അന്നും ഇന്നും തമാശതന്നെയാണ്. പുറം നാടുകളിൽ പെണ്ണിന്റെ വസ്ത്രത്തിന്റെ അളവു നോക്കാത്തവർ ഇവിടെ അളന്നും തിട്ടപ്പെടുത്തിയും കാലം കഴിക്കുന്നു. കാലുകളും ചന്തിയും മാറിടവും അളന്നു തിട്ടപ്പെടുത്തുന്നതു കൂടാതെ ഇതുകളിൽ ഫിറ്റ് ചെയ്തിരിക്കുന്ന വസ്ത്രങ്ങളുടെ ഷേയ്പ്പ് കുറിച്ചു വയ്ക്കുന്നതും ചില ആളുകൾക്ക് ഭ്രമം തന്നെയാണ്. ലഗ്ഗിൻസ് ഇട്ടാലും ജീൻസ് ധരിച്ചാലും രണ്ടുതരം വടിവാണ് കാലിനു ലഭിക്കുന്നത്. ഇവ ധരിച്ചവരെ കണ്ടാൽ തോന്നുന്ന ഏനക്കേടിന് പണ്ടുള്ളോർ കൊടുത്ത ചൂരൽക്കഷായം പോരതന്നെ. ഒരു അറ്റകൈ പ്രയോഗം. അതെ; അതു തന്നെ വേണ്ടി വരും. ജീൻസ് ഇട്ടത് കണ്ടാൽ ഭൂമി കുലുങ്ങുന്നവർ വലിയ വള്ളിനിക്കറുകൾ വാങ്ങിയിടട്ടെ. ഇനി അതുകൊണ്ടും ഗുണം ചെയ്യുന്നില്ലെങ്കിൽ ഇവർക്കുള്ള മറുപടിയും മരുന്നും എന്തെന്ന് മനഃശാസ്ത്രം അറിയാവുന്ന പെൺഡോക്ടർമാർ കൂടിയാലോചിക്കട്ടെ.



ജ്യോതിനാരായണൻ

# കേരളത്തിൽ ആം ആദ്മി പാർട്ടി അക്കൗണ്ട് തുറന്നു

**ഭരണകൂടത്തിന്റേയും മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും ഈ അരാഷ്ട്രീയം വ്യക്തമാക്കുന്നതാണ് പ്രത്യേക ശാസ്ത്രവും ശക്തമായ സംഘടനയും പ്രവർത്തനശൈലിയുമുള്ള പാർട്ടികൾ പോലും നേതൃത്വത്തിലെ വ്യക്തികൾ മാറുമ്പോൾ പാർട്ടിയുടെ സ്വഭാവവും നയങ്ങളും മാറുമെന്ന് ജനങ്ങളുടെ വിശ്വാസം.**

കേരളത്തിൽ ആലപ്പുഴ ജില്ലയിൽ ആര്യാട് തെക്ക് പഞ്ചായത്തിലെ ഒരു വാർഡിൽ എ.എ.പി സ്ഥാനാർത്ഥി ടോമി എലിശ്ശേരി തെരഞ്ഞെടുപ്പിൽ വിജയിച്ചു. ഒരു വാർഡിലെ ഒരു പഞ്ചായത്തിലെ ഒരു രാഷ്ട്രീയപാർട്ടിയുടെ വിജയം എന്തുകൊണ്ടാണ് ഇത്ര പ്രാധാന്യത്തോടെ കാണുന്നത്? എ.എ.പിയെ ഒരു രാഷ്ട്രീയപ്രസ്ഥാനമായിട്ടല്ല, ജനങ്ങളുടെ ഒരാഗ്രഹമായിട്ടാണ് ഞാൻ വിലയിരുത്തുന്നത്. എല്ലാ രാഷ്ട്രീയപാർട്ടികളേയും പോലെ എ.എ.പി ക്ക് അതിന്റെ ആഭ്യന്തരപ്രശ്നങ്ങളും ഭരണപരമായ പ്രതിസന്ധികളും ഉണ്ട്. എന്നാൽ ഇന്ന് ഇന്ത്യയിലെ മാത്രമല്ല, ലോകത്തിലെ തന്നെ 'ആം ആദ്മി' (സാധാരണമനുഷ്യൻ)യുടെ രാഷ്ട്രീയ ഇടം എന്നത് എന്താണ്? 5 വർഷങ്ങൾക്ക് മുമ്പ് നരേന്ദ്രമോദിക്ക് അമേരിക്കൻ ഭരണകൂടം വിസ നിഷേധിച്ചു. ഇന്ന് അമേരിക്കൻ ഭരണകൂടം മോദിയെ കൊണ്ടാടുന്നു. അദ്ദേഹം ഏത് നയവും നിലപാടുമാണ് തിരുത്തിയത്? മുതലാളിത്തത്തിന് ആദർശമോ പ്രതി



ബദ്ധതയോ ആവശ്യമില്ല. ലാഭം മാത്രമാണ് ആവശ്യം. നമ്മുടെ മുഖ്യധാരാരാഷ്ട്രീയപ്രസ്ഥാനങ്ങൾക്കും അധികാരം, സമ്പത്ത്, നേതൃത്വത്തിലിരിക്കുന്നവർക്ക് ആർഭാടജീവിതം ഇതൊക്കെ നേടാനായി എന്തും ചെയ്യാം. ഭരണകൂടത്തിന്റേയും മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും ഈ അരാഷ്ട്രീയം വ്യക്തമാക്കുന്നതാണ് പ്രത്യയ ശാസ്ത്രവും ശക്തമായ സംഘടനയും പ്രവർത്തനശൈലിയുമുള്ള പാർട്ടികൾ പോലും നേതൃത്വത്തിലെ വ്യക്തികൾ മാറുമ്പോൾ പാർട്ടിയുടെ സ്വഭാവവും നയങ്ങളും മാറുമെന്ന ജനങ്ങളുടെ വിശ്വാസം.

എന്നാൽ ജനങ്ങൾ ഭരണമാറ്റത്തിനായി കേരളത്തിൽ ഇടതുപക്ഷത്തേയും വലതുപക്ഷത്തേയും മാറി മാറി അധികാരത്തിലേറ്റുന്നു. കേന്ദ്രത്തിൽ യു.പി.എ സർക്കാരിനെ മാറ്റി. എൻ.ഡി.എ. ഭരണത്തിൽ വന്നു. പക്ഷേ ഭരണത്തിൽ നയങ്ങളിൽ ബഡ്ജറ്റിൽ ജനങ്ങളുടെ അനുഭവങ്ങൾ കൂടുതൽ മോശമായിക്കൊണ്ടിരിക്കുന്നു.

ബി.ജെ.പിയും കോൺഗ്രസ്സും 1997 മുതൽ ആവശ്യപ്പെടുന്നതാണ് ഡൽഹിക്ക് സ്വതന്ത്രസംസ്ഥാന പദവി. ഇടതുപക്ഷപാർട്ടികളാകട്ടെ 1957ൽ കേരള മന്ത്രിസഭ പിരിച്ചുവിട്ടതു മുതൽ ജനാധിപത്യത്തിന്റെ ഭാഗമായി ഇന്ത്യയുടെ ഫെഡറൽ സ്വഭാവം നിലനിർത്തുന്നതിന് കേന്ദ്രം, സംസ്ഥാനസർക്കാരുടെ മേൽ അധികാരം സ്ഥാപിക്കുന്നതിനെ ചോദ്യം ചെയ്തുവരുന്നു. എന്നാൽ ഇപ്പോൾ അരവിന്ദ് കേജരിവാളിന്റെ നേതൃത്വത്തിലുള്ള എ.എ.പി ഡൽഹിയുടെ സ്വതന്ത്രസംസ്ഥാന പദവിക്കുവേണ്ടി തുറന്ന സമരം നടത്തുമ്പോൾ ഈ പാർട്ടികളുടെ നിലപാട് എന്താണ്? ഡൽഹി സംസ്ഥാനത്തെ ചീഫ് സെക്രട്ടറി കെ.കെ.ശർമ്മ പത്ത് ദിവസത്തെ അവധിയിൽ പോയപ്പോൾ ലെഫ. ഗവർണർ (നജീവ് ജന്ദ്) സംസ്ഥാനസർക്കാരിനോടാലോചിക്കാതെ ആക്റ്റിംഗ് ചീഫ് സെക്രട്ടറിയെ നിയമിച്ചു. തുടർന്ന് മുഖ്യമന്ത്രി ഈ ഉത്തരവ് അനുവദിച്ച പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലകളിൽ നിന്ന് മാറ്റി. സെക്രട്ടറിയടക്കമുള്ള ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനാണെന്നും ഭൂമി, സുരക്ഷ (ഡൽഹി പോലീസ്) ഉത്തരവാദിത്വം മാത്രമാണ് കേന്ദ്രത്തിന് എന്നും ഹൈക്കോടതി ചൂണ്ടിക്കാണിച്ചു. ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിന്റെ ഗവർണർക്കാണെന്നും, സംസ്ഥാനസർക്കാരുമായി ആലോചിക്കുന്നത് വിവേചന നടപടി മാത്രമാണെന്നും കേന്ദ്രം വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിനെതിരെയാണ് ഇപ്പോൾ ഡൽഹിയിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ തുറന്നസമരം നടക്കുന്നത്. ബംഗാൾമന്ത്രിയടക്കം ചുരുക്കം ചിലർമാത്രമാണ് ഈ സമരത്തെ അനുകൂലിച്ചിരിക്കുന്നത്. അധികാരത്തിൽ ഇരിക്കുമ്പോൾ ഒരു നിലപാടും അധികാരം നഷ്ടമാകുമ്പോൾ മറ്റൊരു നിലപാടും. രാഷ്ട്രീയപാർട്ടികളുടെ ഇരട്ടത്താപ്പ് വ്യക്തമാണ്. ഇത്തരം രാഷ്ട്രീയസാഹചര്യത്തിലാണ് എ.എ.പിയുടെ വിജയം പ്രസക്തമാകുന്നത്. കോർപ്പറേറ്റുകളുടെ പ്രശ്നങ്ങളേക്കാൾ മുൻഗണന തെരുവിൽ കിടക്കുന്നവർ, ചേരിനിവാസികൾ, കുടിവെള്ളം, വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ, റിക്ഷാതൊഴിലാളികൾ, സുരക്ഷ, സർവ്വോപരി അഴിമതിക്കെതിരായ വികാരം... ഭരണാധികാരികൾ മുൻഗണനകൾ മാറ്റുന്നു. അതിന് കോർപ്പറേറ്റുകളിൽ നിയന്ത്രണത്തിന് ശ്രമിക്കുന്നു. ജനങ്ങൾ ഇതിനെ കാണുന്നത് ഒരു രാഷ്ട്രീയപാർട്ടിയിൽ നിന്നല്ല. എല്ലാ രാഷ്ട്രീയപാർട്ടിയിൽ നിന്നും പ്രതീക്ഷിക്കുന്നതതാണ്.

> ജനസമ്പർക്കപരിപാടിയിലൂടെ ഖജനാവിലെ പണമാണ് നൽകുന്നത്. സാധാരണ ജനങ്ങൾക്ക് അവകാശമായി കിട്ടേണ്ടത് ഭരണാധികാരികളുടെ ഔദാര്യമാക്കിമാറ്റുകയാണിവിടെ. ജനാധിപത്യാവകാശങ്ങളാണ് നിഷേധിക്കുന്നത് എന്ന് തിരിച്ചറിയണം.

ഒരു സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ ഉത്തരവാദിത്വം എന്താണ്? അവർ ചെയ്യേണ്ട ജോലികൾ എന്താണ്? ജനങ്ങളുടെ പ്രശ്നങ്ങൾ പഠിക്കുകയും അത് പരിഹരിക്കുന്നതിനാവശ്യമായ നയങ്ങളും നിയമങ്ങളും രൂപീകരിക്കുകയും ഉദ്യോഗസ്ഥരെകൊണ്ട് അത് നടപ്പിലാക്കിക്കുകയുമാണല്ലോ. എന്നാൽ ഒരു ഉദ്യോഗസ്ഥൻ ചെയ്യേണ്ട ഉത്തരവാദപ്പെട്ട ജോലികൾ മുഖ്യമന്ത്രി ഓടി നടന്ന് ജനസമ്പർക്ക പരിപാടി എന്ന നിലയിൽ ചെയ്യുന്നു. രാജാവിന്റെ ഭരണകാലത്ത് മുഖം കാണിച്ച് സങ്കടം ഉണർത്തിച്ചാൽ സഹായങ്ങൾ നൽകുന്നതു പോലെയാണത്. ജനസമ്പർക്കപരിപാടിയിലൂടെ ഖജനാവിലെ പണമാണ് നൽകുന്നത്. സാധാരണ ജനങ്ങൾക്ക് അവകാശമായി കിട്ടേണ്ടത് ഭരണാധികാരികളുടെ ഔദാര്യമാക്കിമാറ്റുകയാണിവിടെ. ജനാധിപത്യാവകാശങ്ങളാണ് നിഷേധിക്കുന്നത് എന്ന് തിരിച്ചറിയണം.

ഇന്നലെ വരെ ജനാധിപത്യാവകാശങ്ങളായി ജനങ്ങൾക്ക് കിട്ടിയിരുന്ന സൗകര്യങ്ങൾ ഓരോന്നായി നഷ്ടപ്പെടുകയും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കിട്ടാതാവുകയും ചെയ്യുന്നു. നൽകിയിരുന്ന ബാലവേല നിരോധനം, ശൈശവവിവാഹം പോലുള്ള നിയമങ്ങളിൽ ഇളവു വരുത്തിക്കൊണ്ടിരിക്കുന്നു. ഇത് തിരിച്ചറിഞ്ഞ് പ്രതികരിക്കാൻ ജനങ്ങൾ തയ്യാറാകണം. ◯

കഥ

ധനം എൻ.പി.

# എനിക്ക് പൈത്യമില്ലെ!

ഇതൊരു ഓർമ്മയാണ്. എന്നും ഉള്ളിൽ സങ്കടമായിരുന്ന സ്ത്രീ 'അഴകമ്മ'. അത്രയൊന്നും പകർത്താൻ ആയില്ല. എങ്കിലും ഓരോ ജന്മവും എത്രദൂരം താണ്ടിയാണ് ഒന്നുതീരുന്നത്.

'എനിക്ക് പൈത്യമില്ലെ അമ്മ, നടിപ്പ് താൻ' എന്നു ഞാൻ കേട്ടതോ അതോ എനിക്ക് തോന്നിയതോ? എന്തായാലും അഴകമ്മയ്ക്ക് ഭ്രാന്തില്ല എന്നുതന്നെയാണ് എന്റേയും മറ്റുള്ളവരുടേയും വിശ്വാസം. അഴകുണ്ടായിരുന്നു 'അഴകമ്മ' യ്ക്ക് എന്നെന്റെ ചേച്ചി പറയും. പക്ഷേ, ഞാൻ കാണുമ്പോൾ അഴകെല്ലാം വാർന്ന് ചുളിഞ്ഞ് കുറിയ രൂപമായിരുന്നു. പല്ലുണ്ടായിരുന്നോ? മുറുക്കാൻ കറയിൽ മാഞ്ഞതോ? പച്ച കുത്തിയ പാടുകളും ചരട് വെച്ച് ഉച്ചിയിൽ കെട്ടിയ നരച്ചമുടിയും സൗമ്യമായ ചിരിയും ഓർമ്മയുണ്ട്. ബ്ലൗസ്സില്ലാതെ, സാരിയുടുത്ത് ആകെ കണ്ടത് അഴകമ്മയെയായിരുന്നു. പുളികുത്തി കുരു കളയുന്നതും ചൂലുഴിയലുമാണ് ചെയ്തുകണ്ട ജോലികൾ. എങ്ങനെ അഴകമ്മയിങ്ങനെ തീർത്തും ഒറ്റയായി എന്നതിന്റെ ബാക്കിപത്രത്തിലാണ് ഞാൻ "എനക്ക് പൈത്യമില്ലെ" എന്ന പ്രസ്താവനയിൽ കുടുങ്ങുന്നത്.

ആമ്പല്ലൂരിനെ അളഗപ്പ നഗറാക്കിയ ഒരു തമിഴ് കുടിയേറ്റമുണ്ട്. അതിലൊരാളാണ് അഴകമ്മയെ കല്യാണം കഴിച്ചത്. തമിഴ്നാട്ടിലെ ഏതോ ഊരിൽ നിന്ന് പൊന്നും പണവും ആയി വന്ന അഴകമ്മയെ, ഒറ്റക്കലയാൻ വിട്ടിട്ട് അയാളേതോ മോഹനസ്വപ്നത്തിനു പിന്നാലെ പാഞ്ഞു. അഴകമ്മയുടെ പൊന്നും പണ്ടങ്ങളും അയാൾക്ക് തുണയായ് മറഞ്ഞു. അഴകമ്മ അങ്ങനെ ഊരും പൊരുളും മൊഴിയും വഴിയും തിരിയാത്ത നാട്ടിൽ പകച്ചു പോയി.

എങ്ങനെ പോവാൻ? വഴികൾ, യാത്രകൾ ഒന്നുമറിയാത്ത കാലം, പ്രായം. തനിക്കാവുന്ന പണികളെടുത്തവർ ആമ്പല്ലൂരിൽ കാലം കഴിച്ചു. പുറമ്പോക്കു താമസത്തിന്റേയും ചിലപ്പോൾ നെറികേടിന്റേയും കനാലോരത്ത് കുടിലിൽ അഴകമ്മ കഴിഞ്ഞു. യൗവ്വനം– പണ്ട് ആശാന്റെ സീത ചോദിച്ചതു പോലെയാണ്." പടുരാക്ഷസ്സൻ എന്നുടെ ഉടൽ മോഹിച്ചത് എന്റെ കുറ്റമോ?" നമ്മൾ ചോദ്യങ്ങൾ പലരിലൂടെ കേൾക്കുന്നു. അഴകമ്മയിൽ ഞാൻ ചോദ്യത്തിനുത്തരമാണ് കണ്ടത്.

കനാൽവക്കിലെ മാരിയമ്മൻ കോവിലിൽ, സന്ധ്യാവിളക്കുകൾ എരിയുമ്പോൾ മിക്കപ്പോഴും അഴകമ്മയിൽ അമ്മനുറയും. വെട്ടുകത്തിയും അഴിഞ്ഞ മുടിയുമായി കണ്ണകിയുടെ ഒറ്റച്ചിലമ്പിന്റെ രൗദ്രതയോടെ അഴകമ്മ തുള്ളുമായിരുന്നവത്രെ. അഴകമ്മയ്ക്ക് ഭ്രാന്താണെന്ന് എല്ലാവരും കരുതി. കനാൽവക്കിന്റെ കുറ്റിക്കാട്ടിലൂടെ ഇടയ്ക്ക് കടന്നു പോകുമ്പോൾ കൊട്ടുവടിക്കുപ്പികൾ കാണിച്ചു തന്നിട്ടുണ്ട് കൂട്ടുകാർ. കള്ളെന്നാൽ മണലിയിലെ കള്ളുഷാപ്പും, അതിലെ തിരിച്ചുവരുന്നവർ വഴിയിലൂടെ പാടുന്ന പാട്ടുകളുമായിരുന്നു. കൊട്ടുവടിയുടെ വീര്യം കനാൽവക്കിൽ തീരുമ്പോൾ അമ്മനിറങ്ങിയ അഴകമ്മ ഉറങ്ങും.

അതിനാലാവാം അഴകമ്മയിലെ യുവത്വം ആക്രമിക്കപ്പെട്ടില്ല. 'പൈത്യമഭിനയിച്ച്' ജീവിക്കേണ്ടി വന്ന അഴകമ്മയെ ഓർത്തു ജീവിച്ചത് കാലമേറെക്കഴിഞ്ഞ്. യുവത്വും മധ്യവയസ്സും കഴിച്ച് വാർദ്ധക്യത്തിലെത്തിയ അഴകമ്മയിൽ പിന്നെ അമ്മനുറയാതായി. അപ്പോഴാണ് എന്നിലേക്ക് ഈ വരി വന്നത്. പൈത്യമില്ലാതെ എന്തിനാണവർ പൈത്യമായത്? എന്തായാലും അളഗപ്പനഗറിലേക്ക് തെറ്റിയെത്തിയ ഒരു കണ്ണകിയായി അഴകമ്മ കഴിഞ്ഞു. 'എനിക്കു പൈത്യമില്ലെ' എന്നു മന്ത്രിച്ചു കൊണ്ട് പാവം മണ്ണിലേക്ക്... ഞങ്ങൾ ആമ്പല്ലൂർകാർക്കിടയിൽ ഒരു മുറിപ്പാടായി നിൽക്കുന്നു അഴകമ്മ.






രഞ്ജിനി ബാല


*'മറ്റെല്ലാ മരങ്ങളും*
*വേരറ്റപ്പഴേ കൊഴിഞ്ഞവയായിരുന്നു*
*അരുണ*
*ആകാശം നഷ്ടപ്പെട്ടിട്ടും*
*ഇലപൊഴിഞ്ഞുപോയിട്ടും*
*വേരറ്റുപോയിട്ടും*
*പതിറ്റാണ്ടുകൾ*
*നീണ്ട രക്തസാക്ഷിയായി....'*

# അരുണ ഷാൻബാഗ് : ഇന്ത്യൻ പെൺജീവിതത്തിന് ചോരകൊണ്ടൊരു വാക്ക്

**സ്വാ**തന്ത്ര്യത്തിന്റെ പ്രഖ്യാപനമായിരുന്നു അരുണ ഷാൻബാഗിന്റെ മരണം. പരേലിലെ കിംഗ് എഡ്വേർഡ് മെമ്മോറിയൽ (കെ.ഇ.എം) ആശുപത്രിയിലെ നാലാംവാർഡിൽ നാൽപത്തിരണ്ട് വർഷമാണ് അരുണ ജീവച്ഛവമായി കിടന്നത്. നഴ്സിംഗ് പഠനത്തിനായി പതിനെട്ടാമത്തെ വയസ്സിലാണ് കർണ്ണാടകയിലെ ഹൽദിപൂരിൽ നിന്ന് അരുണ മുംബൈയിൽ എത്തുന്നത്. പത്തൻപത് വർഷങ്ങൾക്കു മുമ്പ് അവർ പ്രകടിപ്പിച്ച ധൈര്യവും നിശ്ചയദാർഢ്യവും 2015ലെ സ്ത്രീകൾക്ക് ഇന്നും അപ്രാപ്യമാണ്. സ്ത്രീവിഷയത്തിൽ നമ്മുടെ സമൂഹത്തിന്റെ പുരോഗമന ചിന്ത എക്കാലവും കീഴ്പ്പോട്ടാണ്. അല്ലായിരുന്നുവെങ്കിൽ അരുണഷാൻബാഗിനെ ഈയവസ്ഥയിലാക്കിയ സോഹൻലാൽ ഇന്നും സുഖജീവിതം നയിക്കുന്നതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്.

അരുണ നിലപാടുകളുള്ള സ്ത്രീയായിരുന്നു. അനീതികളോട് അവർ മുഖം നോക്കാതെ പ്രതികരിച്ചു. ഈ പ്രതികരണമനോഭാവവും നിലപാടുകളുമാവാം അരുണയെ അപ്രതീക്ഷിത ദുരന്തജീവിതത്തിലേക്ക് നയിച്ചത്. പതിനെട്ടാമത്തെ വയസ്സിൽ മുംബൈയിലെത്തിയ അരുണ നഴ്സിംഗ് പഠനത്തിനു ശേഷം കെ.ഇ.എം ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചു. അതേ ആശുപത്രിയിലെ തന്നെ സ്റ്റാഫ് ഡോക്ടറായിരുന്ന സന്ദീപ് സർദേശായിയുമായി നീണ്ടപ്രണയം. ഒടുവിൽ വിവാഹദിവസത്തിന്റെ തലേന്ന് 1973 നവംബർ 27ന് ഒരു ദുരന്തജീവിതത്തിലേക്ക് അരുണ കൂപ്പുകുത്തി വീണു. ആശുപത്രിയിലെ തൂപ്പുകാരനായിരുന്ന സോഹൻലാൽ പട്ടിയുടെ ചങ്ങല കൊണ്ട് കഴുത്തിൽ കുരുക്കിട്ട് അരുണയെ പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കി. ചങ്ങല കൊണ്ട് തലയിലേക്കുള്ള ഞരമ്പു മുറിഞ്ഞ് അബോധാവസ്ഥയിൽ നാൽപ്പത്തിരണ്ട് വർഷം അവർ ജീവിച്ചു. അന്നു മുതൽ കെ.ഇ.എം ആശുപത്രിയിലെ പരിചരണത്തിലായിരുന്നു അരുണ. നാൽപത്തിരണ്ടു വർഷം ഒരു മുറിക്കുള്ളിലെ ഇരുട്ടിൽ മരണജീവിതമാണ് അരുണയ്ക്കുണ്ടായത്. സ്വപ്നങ്ങളും ഓർമ്മകളും കാലവും ജീവിതവും അരുണയ്ക്കു നഷ്ടപ്പെടുത്തിയ സോഹൻലാലിന് രണ്ടുകേസുകളിലായി പത്തുവർഷത്തെ ശിക്ഷയാണ് വിധിക്കപ്പെട്ടത്. മരണത്തിൽ കുറഞ്ഞ ഒരു ശിക്ഷയ്ക്കും അർഹനല്ലാത്ത പ്രതി വെറും ഏഴു വർഷമാണ് ശിക്ഷ അനുഭവിച്ചത്. നമ്മുടെ സാമൂഹ്യവ്യവസ്ഥിതിയേയും നീതിന്യായത്തേയും വെല്ലുവെളിക്കുന്നതാണ് ഈ സംഭവം.

അരുണയുടെ ജീവിതത്തെ മുൻനിർത്തി ഇന്ത്യയിൽ ദയാവധ ചർച്ചകൾ സജീവമായിട്ടുണ്ട്. അരുണയുടെ സുഹൃത്തും മാധ്യമപ്ര

വർത്തകയുമായ പിങ്കി വിരാനി അരുണയുടെ ദയാവധം ആവശ്യപ്പെട്ടുകൊണ്ട് 2009ൽ സുപ്രീംകോടതിയെ സമീപിച്ചിരുന്നു. അരുണയുടെ ജീവിതം പ്രശ്നവത്കരിക്കുമ്പോൾ ദയാവധം തീർത്തും സങ്കീർണ്ണവും ധാർമ്മികവുമായ വിഷയമാണ്. അതുകൊണ്ടാണ് പിങ്കി വിരാനി ദയാവധം നേടിയെടുക്കാൻ കോടതിയെ സമീപിച്ചത്. കെ.ഇ.എം.ആശുപത്രിയിലെ ഓരോ നഴ്സിനും അരുണയുടെ ജീവിതം അറിയാമായിരുന്നു. അവർ ആ സമീപനത്തെ എതിർത്തു. മൂക്കിലൂടെയിട്ട കുഴൽ വഴി രണ്ടുനേരം ആഹാരം നൽകി അവർ അരുണയുടെ ജീവൻ നിലനിർത്തി. കെ.ഇ.എം ആശുപത്രിയിലെ മേട്രൺ ആയിരുന്ന തിരുവല്ല സ്വദേശിയായ അമ്മിണി ജോൺ (1976 മുതൽ 79) പുതിയതായി വരുന്ന ഓരോ നേഴ്സിനും അരുണയുടെ കഥ പറഞ്ഞുകൊടുത്തുകൊണ്ട് പ്രത്യേകം പരിഗണന നൽകാൻ നിർദ്ദേശിച്ചിരുന്നു. പുറത്തു നിന്നു വരുന്ന ആരേയും അരുണയെ കാണാൻ അനുവദിച്ചിരുന്നില്ല. എല്ലാ വർഷവും ജൂൺ ഒന്നിന് ആശുപത്രിയിലെ നഴ്സുമാർ അരുണയുടെ മുറിയിൽ ഒത്തുചേർന്ന് അവളുടെ ജന്മദിനം ആഘോഷിച്ചിരുന്നു.

ഒരു കാഴ്ചവസ്തുവായി സ്വയം ഭാരമായി അരുണ ജീവിക്കേണ്ടതില്ലെന്ന വീക്ഷണമാണ് പിങ്കി വിരാനിയെന്ന മാധ്യമപ്രവർത്തക മുന്നോട്ട് വെച്ചത്. അരുണയെ ജീവിക്കാൻ അനുവദിക്കുന്നതിലൂടെ അന്തസ്സോടെ ജീവിക്കാനുള്ള അവരുടെ അവകാശത്തെയാണ് അതിക്രമിക്കുന്നതെന്ന് പിങ്കി വാദിച്ചു. ഈ രണ്ട് വാദങ്ങളും ധാർമ്മികതയുടെ ഇരുവശങ്ങളാണ്. പിങ്കി വിരാനിയുടെ ആവശ്യം കോടതി നിരാകരിക്കുകയുണ്ടായി. എന്നാൽ ഇതേ തുടർന്ന് ജസ്റ്റിസുമാരായ മാർക്കണ്ഡേയ കട്ജുവും ജ്ഞാൻ സുധാ മിത്രയുമുൾപ്പെട്ട ബഞ്ച് 2011 മാർച്ച് 7ന് ഒരു ചരിത്ര വിധി പുറപ്പെടുവിച്ചു.



മരണത്തേക്കാൾ ഭയാനകമാണ് ജീവിതമെങ്കിൽ അതിനൊരു തിരുത്തൽ ചില സന്ദർഭങ്ങളിൽ അനിവാര്യമായിരിക്കും. പ്രത്യക്ഷ ദയാവധത്തെ ദുരുപയോഗപ്പെടുത്താനുള്ള സാധ്യത കണക്കിലെടുത്താണ് കോടതി ഈ വിധിയെ എതിർത്തത്. നിയമത്തിന്റെ ഇത്തരം പഴുതുകൾ സമൂഹത്തിൽ അപകടം സൃഷ്ടിച്ചേക്കാം. എന്നാൽ, രോഗിയുടെ അനുമതിയോടു കൂടിയുള്ള ദയാവധത്തിന് അനുവാദം നൽകുന്നുണ്ട്. എന്നാൽ അബോധാവസ്ഥയിൽ കഴിയുന്ന അരുണയുടെ കാര്യത്തിൽ ഈ നിയമത്തിന് ഒന്നും ചെയ്യാനില്ലായിരുന്നു. സ്വബോധത്തിലേക്ക് അരുണക്ക് മടങ്ങാനാവില്ലെന്ന് ഉറപ്പുണ്ടായിട്ടും അവർക്ക് ദയാവധം നിഷേധിച്ചത് ഒരർത്ഥത്തിൽ ശരിയോ മറ്റൊരർത്ഥത്തിൽ വലിയൊരു തെറ്റോ ആവാം. ആ ശരിക്കും തെറ്റിനും ഇടയിലുള്ള ജീവിതം നിത്യതയിലേക്കു മടങ്ങുമ്പോൾ മനുഷ്യത്വം മരിക്കാത്തവരിൽ നിന്നു ഒരു നെടുവീർപ്പുയരുന്നുണ്ട്.

2015 മെയ് 18 തിങ്കളാഴ്ച രാവിലെയാണ് ന്യുമോണിയയുടെ രൂപത്തിൽ മരണം അരുണയെ തിരിച്ചുവിളിച്ചത്. അരുണ ഷാൻബാഗിനെപ്പോലെ തന്നെ ഡൽഹിപ്പെൺകുട്ടിയും മോഗ പെൺകുട്ടിയും പ്രതിനിധാനം ചെയ്യുന്നത് സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ട സ്ത്രീസമൂഹത്തെയാണ്. ഈ ഭീതികളെ സാക്ഷിയാക്കി പെൺകുട്ടികൾ എന്താണ് ചെയ്യേണ്ടത്. മുറിയടച്ചിരിക്കണോ? സ്വയം ഒടുങ്ങണോ?

അന്തസ്സോടെ ജീവിക്കാനുള്ള സ്ത്രീയുടെ അവകാശത്തെ സംരക്ഷിക്കേണ്ടത് രാഷ്ട്രത്തിന്റെ കടമയാണ്. ഇതെന്റെ രാജ്യമാണെന്ന് ഓരോ സ്ത്രീയും അഭിമാനത്തോടെ പറയണമെങ്കിൽ അവരുടെ ജീവിക്കാനുള്ള അവകാശത്തെ സംരക്ഷിക്കുന്ന ഒരു ഭരണകൂടവും മാന്യതകല്പിക്കുന്ന ഒരു സമൂഹവും നിലനിൽക്കണം.

○

മരണത്തേക്കാൾ ഭയാനകമാണ് ജീവിതമെങ്കിൽ അതിനൊരു തിരുത്തൽ ചില സന്ദർഭങ്ങളിൽ അനിവാര്യമായിരിക്കും. പ്രത്യക്ഷ ദയാവധത്തെ ദുരുപയോഗപ്പെടുത്താനുള്ള സാധ്യത കണക്കിലെടുത്താണ് കോടതി ഈ വിധിയെ എതിർത്തത്. നിയമത്തിന്റെ ഇത്തരം പഴുതുകൾ സമൂഹത്തിൽ അപകടം സൃഷ്ടിച്ചേക്കാം.




# ബന്ധമോ, ബന്ധനമോ

രമണിക്കുട്ടി

നിശ്ചയിച്ചുറപ്പിച്ച മംഗളദിനത്തിൽ പെൺകുട്ടിയുടെ ഉടമസ്ഥാവകാശം കൈമാറപ്പെടുന്ന ചടങ്ങാണ് വിവാഹം എന്നുപറയാം.

കൊട്ടും കുരവയും വാദ്യമേളങ്ങളും കൊഴുക്കുന്ന ശുഭമുഹൂർത്തത്തിൽ താലികെട്ടും മാലയിടലും പിന്നെ, വധുവിന് സീമന്തരേഖയിൽ കുങ്കുമം ചാർത്തലും എടുപിടീന്ന്. അടുത്ത പ്രധാന ചടങ്ങാണ് ‘പുടവകൊട’. വരൻ നീട്ടിപ്പിടിക്കുന്ന പുടവത്തട്ടം തൊഴുകൈയിൽ ഏറ്റുവാങ്ങി നെഞ്ചോട് ചേർക്കുമ്പോൾ, അവൾ പുതിയൊരാളാവുകയാണ്. ആ പുടവയുടുത്തുവേണം പിന്നെ എല്ലാം. അച്ഛനമ്മമാർ ഉടുപ്പിച്ചൊരുക്കിയ കസവിന്റെ സാരി അഴിച്ചുകളഞ്ഞ്, വരന്റെ പുത്തനുടുത്തു കഴിഞ്ഞാൽ അവൾ പിന്നെ അവനു സ്വന്തം.

മധുരസ്വപ്നങ്ങൾ താലോലിച്ചു നിൽക്കുന്ന വധുവാകട്ടെ നിറമനസ്സോടെ ഒക്കെ അനുസരിക്കുന്നു. മകളെ കൈപിടിച്ചേൽപ്പിച്ചുകൊടുക്കുമ്പോൾ, അച്ഛന്റെ നിശ്വാസത്തിൽ ഊർന്നുവീഴുന്നൊരു മന്ത്രത്തിന്റെ ധ്വനിയുണ്ട് – ‘പാണീഗൃഹണമന്ത്രം’ . സുഖത്തിലും ദുഃഖത്തിലും ഉണ്മയിലും ഇല്ലായ്മയിലും മകളെ സംരക്ഷിച്ചുകൊള്ളണമെന്ന പരമപ്രധാനമായ മന്ത്രണം! സാമ്പ്രാണിത്തിരിയുടെ ധൂമപടലത്തിൽ അതവിടെ അലിഞ്ഞില്ലാതാവുകയാണ്. ശരിയായ

പുരുഷൻ, അതിന്റെ സത്ത് ഉൾക്കൊണ്ടുകൊണ്ടു തന്നെ, വധുവിനെ മനസ്സിൽ ചേർത്തു പിടിക്കുന്നു. അവളുടെ സുഖത്തിലും ക്ഷേമത്തിലും അതീവശ്രദ്ധാലുവാകുന്നു. നിറവിന്റെ പ്രഭാവലയത്തിൽ, അവൾ തികച്ചും അയാൾക്ക് വിധേയയാകുന്നു. പരസ്പരപൂരകങ്ങളാകുന്നു.

എന്നാൽ ചിലതോ? സീതാ-രാമൻ പാണീഗ്യഹണ സമയത്ത് മിഥിലാപുരി ചൊല്ലിക്കൊടുത്ത ശക്തമായ ഈ സംരക്ഷണമന്ത്രം ശ്രീരാമനും കാറ്റിൽപ്പറത്തിയ കഥ നമുക്കൊക്കെ അറിയാം. പിന്നല്ലേ, നമ്മുടെ സാധാരണപുരുഷൻ? ഇത്തിരി സന്തോഷത്തെ, ഒത്തിരി കൊണ്ടങ്ങ് മതിമറക്കുന്ന അവൾക്കറിയില്ലല്ലോ, കാര്യങ്ങൾ എന്നുമിങ്ങനെ നിറതിങ്കളായി കടന്നു പൊയ്ക്കൊള്ളണമെന്നില്ല എന്ന്. ക്ഷണം കൊണ്ടല്ലേ, കാര്യങ്ങൾ കീഴ്മേൽ മറിയുന്നത്. 'എനിക്ക് പഠിത്തം പൂർത്തിയാക്കണം.' 'ലീവു തീർന്നു, നാളെ ജോലിക്കു പോണം'- ഈ വക ആവലാതികളൊന്നും ചിലപ്പോൾ വിലപ്പോയീന്നു വരില്ല. ഒക്കെ തീരുമാനിക്കേണ്ടത് ഇനി ഭർത്താവാണ്. അനുകൂലിച്ചെന്നു വരാം. ചിലപ്പോൾ പ്രതികൂലിച്ചെന്നും. അത് പെണ്ണിന്റെ ഭാഗ്യം പോലെയിരിക്കും. വിലപിച്ചിട്ടു കാര്യമില്ല.

പ്രശ്നങ്ങൾക്കു തുടക്കമാകുന്നത് ഇവിടെയാണ്- 'ഞാനിതൊട്ടും പ്രതീക്ഷിച്ചതല്ല. എനിക്കു പോയേ തീരൂ.' അതോടെ ബന്ധം ബന്ധനമാകുകയാണ്. മുറിയുകയാണ്. തീരുമാനം മനസ്സിൽ മുറുകുമ്പോൾ അവൾ ചിലപ്പോൾ മുഖം കറുത്തിറങ്ങിപ്പോകുന്നു. ദിവസങ്ങൾ കഴിയും മുമ്പ് രണ്ടും രണ്ടു വഴിക്ക്.

'വാങ്ങിച്ചുടുത്തു പോയില്ലേ...' സഹികെടുമ്പോൾ പെണ്ണുങ്ങൾ ചിലപ്പോൾ പറഞ്ഞു പോവാറുണ്ട്. 'ഇനി അനുഭവിക്കതന്നെ...'

ഇത് സഹിഷ്ണുതയോടെ, ബന്ധത്തെ അറിയുന്നവരുടെ മനസ്സ്. സ്വന്തം വ്യക്തിത്വം എന്നത് എന്നേക്കുമായി നഷ്ടമായീന്ന്

> അക്ഷരാർത്ഥത്തിൽ അർത്ഥവത്തായ ചടങ്ങു തന്നെ 'താലികെട്ട്' എന്നത്. പശുവിനെ വാങ്ങാനെത്തുന്ന പുതിയ ഉടമ. കയറുമായി വന്നുവേണം വില നൽകി തൊഴുത്തിൽ നിന്ന് പശുവിനെ കൊണ്ടുപോവാൻ. (കയറോടെ പശുവിനെ കൈമാറില്ല) താലികെട്ടെന്നാൽ അതു തന്നെയല്ലേ? വില നൽകുന്നത് അങ്ങോട്ടാണെന്നു മാത്രം.

ബോധ്യം വന്നവരുടെ മനസ്സ്. നാവും നിശ്ശബ്ദമായാൽ നന്ന്. അടങ്ങിയൊതുങ്ങിക്കഴിഞ്ഞാൽ, പെണ്ണേ നിനക്കു കൊള്ളാം... എന്ന പ്രത്യയശാസ്ത്രത്തെ ഉൾക്കൊണ്ടവരുടെ മനസ്സ്.

ഒരു ടീച്ചറുടെ കഥ ഈ സന്ദർഭത്തിൽ ഓർത്തുപോവുകയാണ്.. ചൊവ്വാദോഷത്താൽ കെട്ടിക്കുരുങ്ങിയ ജാതകം. കല്യാണം ഒത്തുവന്നപ്പോൾ വൈകി. താലികെട്ടാൻ തല നന്നായി കുനിച്ചു. പുടവ തൊഴുതു വാങ്ങി. 'ചൊവ്വ' യുടെ ഭ്രമണപഥം വിട്ട്, ടീച്ചർ ഭർത്താവിന്റെ വീട്ടിൽ വലതുകാൽ വച്ചു കയറി. എല്ലാം മംഗളം.

രാവിലെ അടുക്കളയിൽ ചായ കൂട്ടുകയായിരുന്ന ടീച്ചർ ആ വിളി കേട്ട് സ്തബ്ധിച്ചു നിന്നു. 'വാസന്തീ ഷേവു ചെയ്യാൻ വെള്ളമെടുത്ത് കൊണ്ടുവെക്ക്....'

'ചായ കൂട്ടുവാ ഞാനിവിടെ, വെള്ളം ബക്കറ്റിൽ കോരി വെച്ചിട്ടുണ്ട്.'

'ഡീ, പറയുന്നത് കേട്ടാമതി, വെള്ളമെടുത്തുവെയ്ക്ക്....?' ശബ്ദത്തിന് ഇത്രയും കാർക്കശ്യമോ? അടുപ്പിൽ തീ നീക്കുന്നതിനിടയിൽ അവൾ പുറത്തേക്കു കണ്ണയച്ചു. വെറുതേ മുറ്റത്തുലാത്തുകയാണയാൾ. പ്രൗഢയായ ടീച്ചർക്ക് ആ വിളിയും ആഞ്ജാപിക്കലുമൊന്നും അത്ര രസിച്ചില്ല. തുടക്കമേ ഇങ്ങനെയായാൽ ഇടക്കെങ്ങനെയാവും. ഒടുക്കത്തേത് ചിന്തിക്കയേ അസാധ്യം.

ചായപ്പാത്രം വാങ്ങിവെച്ച്, അവർ മുറിയിലേക്കു നടന്നു. പോരുമ്പോൾ കൊണ്ടുവന്നിരുന്ന പഴയ സാരിയിലൊന്നു ചുറ്റിയുടുത്ത് ടീച്ചർ പടിയിറങ്ങി. 'ഇതെന്തു കഥ?' അയാൾ അന്ധാളിച്ചു നിന്നിരിക്കാം. അവർ തിരിഞ്ഞു നോക്കിയില്ല. വിളിക്കു കാതോർത്തുമില്ല. വിവാഹം എന്ന മോഹപദത്തെപ്പറ്റി പിന്നെ ചിന്തിച്ചതേയില്ല. 'ചൊവ്വ'യുടെ ഭ്രമണപഥത്തിൽ സ്വതന്ത്രയായി ജീവിച്ചു മരണം വരെ.

ഇതേ പോലെ ചങ്കൂറ്റം കാണിക്കാൻ എത്ര പേർക്കാവും? എല്ലാം അടിയറവു പറഞ്ഞ് 'ഇങ്ങോട്ടെന്നു പറഞ്ഞാൽ ഇങ്ങോട്ട്, അങ്ങോട്ടെന്നു പറഞ്ഞാൽ അങ്ങോട്ട്' അങ്ങനെയായാൽ കഴിഞ്ഞു പോവാം. ശരിക്കും പറഞ്ഞാൽ ഇക്കൂർട്ടക്ക്, ഭാര്യ എന്നാൽ, ശമ്പളം എണ്ണിക്കൊടുക്കേണ്ടാത്തൊരു വീട്ടുജോലിക്കാരി. അത്രതന്നെ. കിടപ്പറ പങ്കിടാനും കൂടി അവസരമുള്ളൊരു കേവലം വേലക്കാരി. 'മോനേ, ഇനി നിന്റെ കാര്യങ്ങളൊക്കെ നോക്കാനൊരാളുവേണ്ടേ, നീയൊരു പെണ്ണിനെ നോക്ക്' വിവാഹപ്രായമായ മകനോട് അമ്മമാർ പറയാറ് ഇങ്ങനെയാണല്ലോ.

അനുഭവം എല്ലാവർക്കും ഇങ്ങനെയാണെന്നല്ല അർത്ഥമാക്കുന്നത്. സ്വന്തം വീട്ടിലേതിനേക്കാൾ സ്നേഹവും സ്വാതന്ത്ര്യവും അനുഭവിക്കാൻ ഭാഗ്യമുള്ള ഭർതൃമതികളും ഇല്ലാതില്ല. അനുഭവങ്ങളിലെ മുള്ളും മലരും ആപേക്ഷികം.

വാങ്ങിച്ചുടുക്കുമ്പോൾ തന്നെ, മനസ്സിനെ സ്വയം പറഞ്ഞു പഠിപ്പിച്ചാൽ, വലിയ പരിക്കൊന്നും കൂടാതെ ജീവിച്ചു പോകാം. അനുസരണക്കേടുകാണിച്ചുകൂടാത്തൊരിടമായി, ആജ്ഞാനുവർത്തിയായി ക

ഴിഞ്ഞു പോയാൽ പ്രശ്നങ്ങളില്ല. അവിടെ പ്രശ്ന പരിഹാരങ്ങളുമില്ല. പെണ്ണിന് സ്വന്തം വ്യക്തിത്വം! അതിനിവിടെ പ്രസക്തിയില്ല. അതിന്റെ അടിയറവുപറയൽ കൂടിയാണല്ലോ വിവാഹം.

അക്ഷരാർത്ഥത്തിൽ അർത്ഥവത്തായ ചടങ്ങു തന്നെ താലികെട്ട് എന്നത്. പശുവിനെ വാങ്ങാനെത്തുന്ന പുതിയ ഉടമ കയറുമായി വന്നുവേണം വില നൽകി തൊഴുത്തിൽ നിന്ന് പശുവിനെ കൊണ്ടുപോവാൻ. (കയറോടെ പശുവിനെ കൈമാറാറില്ല) താലികെട്ടെന്നാൽ അതു തന്നെയല്ലേ? വില നൽകുന്നത് അങ്ങോട്ടാണെന്നു മാത്രം.

'ഭർത്താവ് വഴക്കു പറഞ്ഞാൽ, ഭാര്യ ജീവനൊടുക്കേണ്ട കാര്യമില്ല.' മദ്രാസ് ഹൈക്കോടതിയുടേതാണ് അത്ഭുതകരമായ ഈ വിധിന്യായം. വീട്ടുകാര്യം ശരിയായി ചെയ്യാത്തതിന്റെ പേരിൽ മർദ്ദനമേറ്റ ഭാര്യ ജീവനൊടുക്കിയാൽ, ഭർത്താവിനെതിരെ ആത്മഹത്യാപ്രേരണക്കുറ്റം ചുമത്താൻ സാധിക്കില്ലെന്ന് കോടതി.

ശകാരിക്കുകയും മർദ്ദിക്കുകയും ചെയ്തതിൽ മനംനൊന്ത് ആ പാവം സ്ത്രീ ജീവനൊടുക്കുകയായിരുന്നു. എന്താണിവിടെ നാം മനസ്സിലാക്കേണ്ടത്? ഭാര്യയെ ഭാര്യയായി കാണുന്നതിനു പകരം വീട്ടുജോലിക്കാരിയായി മാത്രം കണ്ട ആ ഭർത്താവിനെ ന്യായീകരിക്കാൻ എന്തായാലും സ്ത്രീസമൂഹം തയ്യാറല്ല. അതു കോടതിക്കേ ആവൂ. ശമ്പളം കൊടുക്കേണ്ടാത്തൊരു വീട്ടുജോലിക്കാരിയോ ഭാര്യ? കോടതിയിലും വിധിന്യായത്തിലും പോലും ആ മേധാവിത്വം മുഴച്ചുനില്ക്കുമ്പോൾ മൂക്കത്തു വിരൽചേർത്ത് നമുക്ക് മിണ്ടാതിരിക്കാം എന്നാണോ?

സ്ത്രീയും ഒരു സ്വതന്ത്രവ്യക്തിയാണ്. അവൾക്കുമുണ്ട് അവളുടേതായ വ്യക്തിത്വം. സമൂഹം ഇത് കൺതുറന്ന് കാണണം. അംഗീകരിക്കണം. അവകാശം, അധികാരം, പരിഗണന– ഇതിന്റെ തുല്യമായ ഇഴചേരൽ കൂടിയാവണം കുടുംബബന്ധങ്ങൾ. വിവാഹം എന്നത് പുരുഷന്റെ മാത്രം അവകാശമല്ല, സ്ത്രീയുടേയും കൂടിയാണ്. അതുകൊണ്ടു തന്നെ, ഇണയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പുരുഷനെപ്പോലെ സ്ത്രീക്കുമുണ്ട്. അവർ തന്നെയാണല്ലോ കുടുംബമാകേണ്ടവരും, നന്മയായാലും തിന്മയായാലും അതിന്റെ പാർശ്വഫലങ്ങൾ അന്ത്യം വരെയും അനുഭവിക്കേണ്ടി വരും. അല്ലാതെ, രണ്ടു തറവാടുകൾ തമ്മിലോ കുടുംബങ്ങൾ തമ്മിലോ, ഉള്ള മാറ്റുരയ്ക്കലല്ല, ഇവിടെ ആവശ്യം. അങ്ങനെ വരുമ്പോഴാണ് സ്ത്രീധനം, സ്വർണ്ണം, ഓഹരി ഒക്കെപ്പോലുള്ള കമ്പോളവ്യവസ്ഥിതയിലേക്ക് അത് ചെന്നെത്തപ്പെടുക.

സ്ത്രീയും ഒരു സ്വതന്ത്രവ്യക്തിയാണ്. അവൾക്കുമുണ്ട് അവളുടേതായ വ്യക്തിത്വം. സമൂഹം ഇത് കൺതുറന്ന് കാണണം. അംഗീകരിക്കണം. അവകാശം, അധികാരം, പരിഗണന– ഇതിന്റെ തുല്യമായ ഇഴചേരൽ കൂടിയാവണം കുടുംബബന്ധങ്ങൾ. വിവാഹം എന്നത് പുരുഷന്റെ മാത്രം അവകാശമല്ല, സ്ത്രീയുടേയും കൂടിയാണ്. അതുകൊണ്ടു തന്നെ, ഇണയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പുരുഷനെപ്പോലെ സ്ത്രീക്കുമുണ്ട്. അവർ തന്നെയാണല്ലോ കുടുംബമാകേണ്ടവരും, നന്മയായാലും തിന്മയായാലും അതിന്റെ പാർശ്വഫലങ്ങൾ അന്ത്യം വരെയും അനുഭവിക്കേണ്ടി വരും. അല്ലാതെ, രണ്ടു തറവാടുകൾ തമ്മിലോ കുടുംബങ്ങൾ തമ്മിലോ, ഉള്ള മാറ്റുരയ്ക്കലല്ല, ഇവിടെ ആവശ്യം. അങ്ങനെ വരുമ്പോഴാണ് സ്ത്രീധനം, സ്വർണ്ണം, ഓഹരി ഒക്കെപ്പോലുള്ള കമ്പോളവ്യവസ്ഥിതിയിലേക്ക് അത് ചെന്നെത്തിപ്പെടുക.

കാലം മാറി. സ്വന്തം വ്യക്തിത്വം അടിയറവു പറയാൻ കൂട്ടാക്കാത്ത മനസ്സുമായി, പെൺകുട്ടികൾ ഉണർന്നു പഠിക്കാൻ തുടങ്ങി. ജോലി കിട്ടി സ്വന്തം കാലിൽ നിന്നിട്ടു മതി വിവാഹം. അവർക്കും അനുഭവങ്ങൾ മറിച്ചായിക്കൊള്ളണമെന്നില്ല. പഠിപ്പുള്ളവളായാലും ഉയർന്ന ശമ്പളക്കാരിയായാലും അവളെ സ്വന്തം കാല്ക്കീഴിൽ നിർത്താൻ തന്നെയാണ് പുരുഷൻ. അല്പസ്വല്പം വിട്ടുവീഴ്ചക്കു തയ്യാറാകുന്നവർക്ക് ഒരു മാതിരി മുന്നോട്ടു പോകാം. ഉടക്കിപ്പോയാൽ ഉരസി ഉരസി പിന്നെ തീയും പുകയുമാവും. എങ്ങനെയും ജീവിച്ചു തീർക്കാം എന്ന പ്രതിബദ്ധതയിൽ ഹോമിക്കപ്പെടുന്ന നിശ്ശബ്ദജീവിതങ്ങളാണ് ഏറെയും.

പുരുഷവർഗ്ഗത്തെ അടച്ചാക്ഷേപിക്കുവാനോ, സ്ത്രീവർഗ്ഗത്തെ കുറ്റമറ്റതാക്കി ചിത്രീകരിക്കാനോ ഉള്ള ശ്രമമല്ലിത്. ഇന്നത്തെ പെൺകുട്ടികളിൽ ഏറിയപങ്കും സഹിഷ്ണുതയുള്ളവരല്ല എന്നത് സത്യമായ സത്യം. കുടുംബബന്ധത്തിന്റെ വിലയോ മൂല്യമോ അവർ അറിയുന്നില്ല. അളക്കുന്നുമില്ല. കുഞ്ഞുങ്ങളുടെ ഭാവിയെപ്പറ്റി ഉത്കണ്ഠപ്പെടുന്നുമില്ല. സ്വാർത്ഥതല്പരരായ അവരെ സംബന്ധിച്ച്, വിവാഹം എന്നത് സുഖകരമായ ഏർപ്പാടേ അല്ലേ. ലക്ഷങ്ങളും കോടികളും മുടക്കി നടത്തപ്പെടുന്ന എത്രയെത്ര വിവാഹങ്ങളാണ് ക്ഷണം കൊണ്ട് വേർപെടുന്നത്. പ്ര

ണയ വിവാഹങ്ങൾക്കു പോലും ദിവസങ്ങളുടെ ആയുസ്സേ ഉള്ളൂ എന്നത് ഞെട്ടിപ്പിക്കുന്ന കാഴ്ച.

ഒരു വിചിന്തനത്തിന്റെ അനിവാര്യത ഇതൾ വിരിയേണ്ടത് ഇവിടെയാണ്. ജീവിതം കരുപിടിപ്പിക്കുന്നതിൽ സ്ത്രീക്കും പുരുഷനും തുല്യപങ്കാണ് ഉള്ളത്. സ്ത്രീപുരുഷ വിവക്ഷക്കു ഇവിടെ സ്ഥാനമില്ല. വിവാഹം എന്നത് താലിച്ചരടിൽ ബന്ധിച്ചിടാനുള്ള കേവലം ചടങ്ങുമാത്രമാവരുത്.

## സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തമുള്ള കൂട്ടുടമ്പടിയായി മാറണം ഇനിമേൽ വിവാഹം. ഗൗരവസ്വഭാവമുള്ള ഇതിലെ വ്യവസ്ഥകൾ ആരു ലംഘിച്ചാലും നിയമത്തിന്റെ മുന്നിൽ അവർ കുറ്റവാളി തന്നെ. തുല്യതാപ്രാധാന്യമുള്ള വ്യവസ്ഥകൾ പരസ്പരം ചർച്ച ചെയ്ത് സ്വമനസ്സിനെ പാകപ്പെടുത്തി വേണം വധൂവരന്മാർ ഉടമ്പടിപത്രത്തിൽ തുല്യം ചാർത്തുവാൻ.

സ്ത്രീക്കും പുരുഷനും തുല്യപങ്കാളിത്തമുള്ള കൂട്ടുടമ്പടിയായി മാറണം ഇനിമേൽ വിവാഹം. ഗൗരവസ്വഭാവമുള്ള ഇതിലെ വ്യവസ്ഥകൾ ആരു ലംഘിച്ചാലും നിയമത്തിന്റെ മുന്നിൽ അവർ കുറ്റവാളി തന്നെ. തുല്യതാപ്രാധാന്യമുള്ള വ്യവസ്ഥകൾ പരസ്പരം ചർച്ച ചെയ്ത് സ്വമനസ്സിനെ പാകപ്പെടുത്തി വേണം വധൂവരന്മാർ ഉടമ്പടിപ്പത്രത്തിൽ തുല്യം ചാർത്തുവാൻ. വിവാഹം എന്നത് കുട്ടിക്കളിയല്ലെന്നും തോന്നുമ്പോൾ ഇട്ടെറിഞ്ഞ് പോവാനുള്ള ഒന്നല്ല അതെന്നുമുള്ള തിരിച്ചറിവ് അപ്പോഴേ ഉണ്ടാകൂ.

ഭരിക്കപ്പെടേണ്ടവളാണ് ഭാര്യ എന്ന അബദ്ധധാരണ തിരുത്തപ്പെടേണ്ടതായിട്ടുണ്ട്. സമൂഹം ഇവിടെ നന്നായി മിഴിതുറക്കണം. ഭാര്യ എന്നാൽ പങ്കാളി എന്നർത്ഥമാക്കിയാൽ മതി. ദാമ്പത്യബന്ധത്തിൽ ആരും ആരേയും ഭരിക്കുന്നില്ല. ഭരിക്കപ്പെടുന്നുമില്ല. ഒറ്റമനസ്സോടെ ഒത്തുവലിക്കാനുള്ളതാണ് കുടുംബത്തിന്റെ രഥചക്രങ്ങൾ.

കല്യാണ ഉടമ്പടി എന്നാൽ എന്താണെന്ന് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. നിയമവശങ്ങൾ ഉൾച്ചേർത്തു തീരുമാനിക്കപ്പെടേണ്ടതുണ്ട്. തുല്യപങ്കാളിത്തം എന്നതാണ് കുടുംബത്തിന്റെ കൂട്ടായ ഉത്തരവാദിത്വം. സ്ത്രീധനത്തിന്റെ പ്രസക്തി നിശ്ശേഷം ഇല്ലാതാക്കണം. സ്വന്തം കാലിൽ നിൽക്കാൻ കഴിവുള്ളവർ കല്യാണം കഴിച്ചാൽ മതി. അമ്മായിയമ്മമാരെ പേടിച്ചിരുന്ന കാലം മാറി. മരുമക്കൾ അമ്മയെ പുറത്താക്കുന്ന കാലമാണിത്. കുഞ്ഞുങ്ങളായിക്കഴിഞ്ഞ് കുടുംബം ഉപേക്ഷിക്കുന്ന വിരുതന്മാരുമുണ്ട്. പന്ത്രണ്ടും പതിമൂന്നും വയസ്സിൽ അമ്മയാകാൻ വിധിക്കപ്പെട്ട ആദിവാസി കുട്ടികളും കുറവല്ല. ബീജാവാപം നടത്തിയ പുരുഷന്മാർക്ക് രക്ഷപ്പെടാം. തലയുയർത്തി നടക്കാം. കല്യാണം കഴിച്ച് നാട്ടിൽ സുഖമായി കഴിയാം. പോറ്റാനോ സംരക്ഷിക്കാനോ ഉള്ള കഴിവില്ലെങ്കിലും പെൺകുട്ടിക്ക് ആ കുഞ്ഞിന് ജന്മം കൊടുത്തേ മതിയാവൂ.

വിവാഹധൂർത്ത് കഴിയുന്നത്ര ഒഴിവാക്കി വിവാഹം ലളിതമാക്കണം. കരാർ ഒപ്പിടൽ മുഖ്യ ചടങ്ങാക്കാം. സ്ത്രീക്കും പുരുഷനും ഒരു പോലെ പ്രയോജനം ചെയ്യുന്ന ചില കാര്യങ്ങൾ ഞാനിവിടെ പറഞ്ഞുവെന്നുമാത്രം. ഇത് കാലത്തിന്റെ ആവശ്യമാണ്, കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ○

---

*പേജ് 46 തുടർച്ച*

ഴാണ് അതേറ്റവും മനുഷ്യവിരുദ്ധമായി മാറുന്നത്.

ബന്ധവിശുദ്ധിയെന്നത് ഇന്നും പെണ്ണിന്റെ ശരീരശുദ്ധിയാണ്. "ശുദ്ധി"യെന്നാൽ അസ്പൃശ്യത. ഇതിനെ നമ്മൾ ചാരിത്ര്യം എന്ന ഓമനപ്പേരിട്ടു വിളിക്കുന്നു. സാംസ്കാരികമോ ശാരീരികമോ ആകട്ടെ പെണ്ണിന്റെ ഏതവസ്ഥയും– കന്യക, പതിവ്രത, വേശ്യ, അമ്മ– ഈ ശുദ്ധിയെ കേന്ദ്രീകരിച്ചിരിക്കുന്നു. അതിലധികം അവളുടെ മനസ് ഇപ്പോഴും ഇത്തരം കാര്യങ്ങളിൽ ഇടപെട്ടു തുടങ്ങിയിട്ടില്ല.

പെണ്ണിന്റെ മനസ്സിന് സാമൂഹികമായ അംഗീകാരം നേടിത്തരാൻ ഇന്നാട്ടിൽ ഒരു കുമാരനാശാനൊന്നും മതിയാകില്ല. കാരണം അത്രക്കിവിടെ ഉറച്ചുപോയിരിക്കുന്നു. അനിഷ്ടദർശനമാണ് ഗളത്തിൽ തടവുന്നതെന്ന് വിളിച്ചു പറയുക മാത്രമായിരുന്ന് ലീലക്കു ചെയ്യാനുണ്ടായിരുന്നത്.

ഭർത്താവ് പ്രിയനോ അപ്രിയനോ ആകട്ടെ, എന്തിനാണ് പെണ്ണിനു "താലി"? ഭാര്യഭർതൃബന്ധത്തെ ജനാധിപത്യപരമായി നവീകരിക്കാനും പരസ്പരം വിശ്വസിക്കുന്നവരാകാനും അതു നമ്മളെ സഹായിക്കുന്നില്ലല്ലോ. അതുകൊണ്ട് സഹോദരിമാരേ, നമുക്കുമിതു പൊട്ടിച്ചെറിയാം. കാരണം ഇതു സ്നേഹമല്ല. ബന്ധനമാണ്. ○

ശാസ്ത്രം



സീമ ശ്രീലയം



# തണൽ വിരിക്കുന്ന സ്ത്രീ ജീവിതങ്ങൾ

എഴുന്നൂറു കോടി സ്വപ്നങ്ങൾ, ഒരേ ഒരു ഗ്രഹം, ഉപഭോഗം ശ്രദ്ധയോടെ മാത്രം എന്നതാണ് ഇത്തവണത്തെ ലോക പരിസ്ഥിതിദിന സന്ദേശം. പ്രകൃതിവിഭവങ്ങൾ വരും തലമുറകൾക്കായിക്കൂടി കാത്തുവച്ചുകൊണ്ടുള്ള സുസ്ഥിരവികസനമാണ് നമുക്കാവശ്യം.

ഒരുപാടു മുന്നറിയിപ്പുകളും ഓർമ്മപ്പെടുത്തലുകളുമായി എല്ലാത്തവണയും ജൂൺ അഞ്ചിന് ലോക പരിസ്ഥിതി ദിനം കടന്നു വരികയും നാമത് ആചരിക്കുകയും ചെയ്യുന്നുണ്ട്. എന്നിട്ടും സർവ്വ ജീവജാലങ്ങൾക്കും അമ്മയായ ഭൂമി പനിച്ചുപൊള്ളിയും മലിനീകരണത്താൽ ശ്വാസം മുട്ടിയും ആസന്നമരണയായിക്കൊണ്ടിരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിലും സുസ്ഥിരവികസനത്തിലും സ്ത്രീകൾക്കു വലിയ പങ്കു വഹിക്കാൻ സാധിക്കുമെന്ന് യു.എൻ. വിമണിന്റെയും മറ്റും പ്രവർത്തനങ്ങൾ തന്നെ തെളിവാണ്.

കെനിയയിൽ ഗ്രീൻ ബെൽറ്റ് മൂവ്മെന്റ് എന്ന പരിസ്ഥിതി മുന്നേറ്റത്തിലൂടെ ഗ്രാമീണ

സ്ത്രീകളെ അണിനിരത്തി വംഗാരി മാതായ് വച്ചുപിടിപ്പിച്ചത് മുപ്പത് ദശലക്ഷം മരങ്ങൾ!

ഇതോടെ പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിലെ സ്ത്രീ മുന്നേറ്റങ്ങളിൽ എഴുതിച്ചേർക്കപ്പെട്ടത് പുതിയൊരദ്ധ്യായം തന്നെയാണ്. പരിസ്ഥിതിസംരക്ഷണത്തിനൊപ്പം മനുഷ്യാവകാശങ്ങൾക്കായും നിരന്തരം പോരാടിയിരുന്ന വംഗാരി മാതായിയുടെ ജീവിതം വിവാഹമോചനവും ഗവണ്മെന്റുമായുള്ള അഭിപ്രായവ്യത്യാസങ്ങളും ഇടയ്ക്കിടെയുള്ള ജയിൽ വാസവുമൊക്കെ കാരണം സംഘർഷഭരിതമായിരുന്നു . ഒരു തൈ നടുമ്പോൾ വരും തലമുറകൾക്കായി ഒരു തണലും പ്രതീക്ഷയുമാണ് നടുന്നതെന്ന സത്യം നമ്മെ നിരന്തരം ഓർമ്മിപ്പിച്ച ഈ വനിതയെ തേടി 2004 ലെ സമാധാന നോബൽ സമ്മാനവുമെത്തി.

രക്ഷിക്കാൻ മരത്തെ കെട്ടിപ്പിടിച്ചു നിന്നു മരം മുറി തടയുന്ന ചിപ്കോപ്രസ്ഥാനത്തിന്റെയും തുടക്കം സ്ത്രീകളിൽ നിന്നായിരുന്നു . ജോധ്പൂർ മഹാരാജാവ് പുതിയൊരു കൊട്ടാരം പണിയാനുള്ള മരങ്ങൾ മുറിക്കാൻ തന്റെ സേവകരെ വിട്ടപ്പോൾ അമൃതാ ദേവി എന്ന വനിത മരത്തെ കെട്ടിപ്പിടിച്ചു നിന്ന് അതിനെ രക്ഷിക്കാൻ ശ്രമിച്ചതിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന്റെ തുടക്കം എന്നു കരുതപ്പെടുന്നു . പിന്നീട് ഹിമാലയൻ താഴ്വരകളിൽ സ്ത്രീകൾ മരത്തെ കെട്ടിപ്പിടിച്ചു നിന്ന് മരം മുറി തടയാൻ തുടങ്ങി. ഇതാണ് പിന്നീട് സുന്ദർലാൽ ബഹുഗുണയിലൂടെയും മറ്റും ലോകമറിയുന്ന ചിപ്കോ പ്രസ്ഥാനമായി വളർന്നത് .

പരിസ്ഥിതിനാശത്തിന്റെ ദോഷങ്ങൾക്ക് ഏറ്റവും കൂടുതൽ ഇരയാവുന്നത് സ്ത്രീകളും കുട്ടികളുമാണെന്ന സത്യത്തിലേക്ക് വിരൽ ചൂണ്ടുന്നു വന്ദന ശിവയുടെ പഠനങ്ങൾ

രക്ഷിക്കാൻ മരത്തെ കെട്ടിപ്പിടിച്ചു നിന്നു മരം മുറി തടയുന്ന ചിപ്കോപ്രസ്ഥാനത്തിന്റെയും തുടക്കം സ്ത്രീകളിൽ നിന്നായിരുന്നു . ജോധ്പൂർ മഹാരാജാവ് പുതിയൊരു കൊട്ടാരം പണിയാനുള്ള മരങ്ങൾ മുറിക്കാൻ തന്റെ സേവകരെ വിട്ടപ്പോൾ അമൃതാ ദേവി എന്ന വനിത മരത്തെ കെട്ടിപ്പിടിച്ചു നിന്ന് അതിനെ രക്ഷിക്കാൻ ശ്രമിച്ചതിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന്റെ തുടക്കം എന്നു കരുതപ്പെടുന്നു .

ജനിതകമാറ്റം വരുത്തിയ ഭക്ഷ്യവിളകൾ, ജൈവചോരണം, ബൗദ്ധിക സ്വത്തവകാശത്തർക്കങ്ങൾ എന്നിവ സംബന്ധിച്ച വിവാദങ്ങൾ ചൂടുപിടിക്കുന്നതിനിടയിൽ

സാധാരണ കർഷകർക്കിടയിലേക്ക് ഇറങ്ങിച്ചെന്ന് അവർക്കു വേണ്ടി ശബ്ദമുയർത്തുന്ന വനിതയാണ് വന്ദന ശിവ .നവധാന്യ എന്ന പ്രസ്ഥാനത്തിലൂടെ കർഷകർക്ക് അവരുടെ തദ്ദേശീയമായ വിത്തുകൾ സംരക്ഷിക്കാനും അതു വിതയ്ക്കാനുമുള്ള അവകാശത്തിനായി പോരാടുന്നു .ജനിതക വിളകളുടെയും രാസകീടനാശിനികളുടെയും ദോഷവശങ്ങളെക്കുറിച്ച് സാധാരണക്കാരെ ബോധവൽക്കരിക്കുന്നതിനൊപ്പം ജൈവകൃഷിയുടെ നന്മകളിലേക്ക് അവരെ കൈപിടിച്ചു നടത്തുകയും ചെയ്യുന്നു ഈ വനിത.

രാസകീടനാശിനികൾ നമുക്ക് സമ്മാനിക്കുക ഒരു നിശ്ശബ്ദ വസന്തമാണെന്ന് സധൈര്യം ലോകത്തോടു വിളിച്ചു പറഞ്ഞ അമേരിക്കൻ വനിതയായ റേച്ചൽ കാഴ്സൺ പരിസ്ഥിതി സംരക്ഷണ പ്രവർത്തനത്തിൽ രചിച്ചത് പുതിയൊരു ചരിത്രമാണ്. കേറ്റൺ നദിയിലെ ജലവൈദ്യുത പദ്ധതിക്കെതിരെ സമരം ചെയ്തും വംശനാശ ഭീഷണി നേരിടുന്ന ജീവജാലങ്ങളെ സംരക്ഷിക്കാൻ ശ്രമങ്ങൾ നടത്തിയും ആരോഗ്യമുള്ള പരിസ്ഥിതിയിൽ ജീവിക്കാനുള്ള കുഞ്ഞുങ്ങളുടെ അവകാശത്തിനു വേണ്ടി ശബ്ദമുയർത്തിയും റഷ്യയിൽ ശ്രദ്ധേയയായ വനിതയാണ് മരിയ ചെർക്കാസോവ. ചൈനയിൽ സ്ത്രീകൾക്കിടയിലും യുവതലമുറയിലും പരിസ്ഥിതി സംരക്ഷണം, സുസ്ഥിര വികസനം, പുതുക്കാവുന്ന ഊർജസ്രോതസ്സുകളുടെ ഉപയോഗം എന്നിവയുടെ പ്രാധാന്യമെത്തിക്കാൻ അക്ഷീണ പരിശ്രമം നടത്തിയ വനിതയാണ് മെയ്ങ് . ഇന്ത്യയിൽ നർമ്മദയെയും പോഷകനദികളെയും രക്ഷിക്കാൻ നർമദാ ബചാവോ ആന്ദോളനിലൂടെ പോരാടിയ സാമൂഹ്യപ്രവർത്തക കൂടിയായ മേധാ പട്കറും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നൽകിയത് പുതിയ ദിശാബോധമാണ്.

രാജസ്ഥാനിലെ പിപ്പലാന്ത്രി ഗ്രാമത്തിൽ ഓരോ പെൺകുഞ്ഞിന്റെയും ജനനം ഭൂമിക്ക് തണൽ വിരിക്കും. ഇവിടെ ഒരു പെൺകുട്ടി പിറന്നാൽ നൂറ്റിപ്പതിനൊന്ന് വൃക്ഷത്തൈകൾ നടും. ഈ പരിസ്ഥിതി ദിനത്തിൽ ഭൂമിക്ക് തണൽവിരിക്കുന്നവരെ നമുക്ക് സ്മരിക്കാം. ഒപ്പം ഭൂമിക്ക് തണൽ വിരിക്കാം.

റീജ ആലീസ്

# നീന മുൻപോട്ട് വയ്ക്കുന്ന വങ്കത്തരങ്ങൾ




**നീ**ന എന്ന ചിത്രം മുൻപോട്ട് വയ്ക്കുന്ന ഫെമിനൈൻ വീക്ഷണങ്ങൾ എന്ത് എന്ന് മനസ്സിലാകുന്നില്ല. മാതാപിതാക്കളുടെ ആദ്യ കൺമണി–ആൺകുട്ടിയുടെ അകാലമരണത്തിന്റെ ആഘാതത്തിൽ നിന്നും രക്ഷപ്പെടാൻ അവർ ജന്മം നൽകിയ പെൺകുട്ടി അവളുടെ ജീവിതത്തിന്റെ പുഷ്പിണിഘട്ടം വരെ 'ബെസ്റ്റ് ഫ്രണ്ട്' ആയിരുന്ന പിതാവിൽ നിന്നും കുടുംബത്തിൽ നിന്നും അകലുന്നു. മകന്റെ ഓർമ്മയ്ക്ക് മകളെ, മകനെപ്പോലെ വളർത്തിയെന്നതാണ് അവൾ പിതാവിനെ ബെസ്റ്റ് ഫ്രണ്ട് ലേബലിൽ ഒതുക്കുവാനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത്. അശുദ്ധ രക്തം കൊണ്ട് അലങ്കരിക്കപ്പെടവേ സ്വാഭാവികമായും അവളുടെ പിതാവ് മുന്നോട്ട് വെച്ച 'അരുതുകളുടെ പട്ടിക' അവളെ മദ്യപാനത്തിലേക്ക് നയിച്ചുവെന്ന സംവിധായകന്റെ റൂട്ട് മാപ്പ് ദഹിക്കാവുന്നതല്ല. I hate that dirty blood എന്ന വാചകം കൊണ്ട്

സാധൂകരിക്കാവുന്നതുമല്ല. നായികക്ക് കള്ളിനോടും പുകവലിയോടുമുള്ള അഭിവാഞ്ഛ. നായികയുടെ സ്വഭാവരൂപീകരണത്തിന്റെ പാളിച്ചകൾക്ക് സംവിധായകൻ മറയാക്കുന്നത് തെരുവ് സൗഹൃദങ്ങളെയാണ്. എല്ലാ ദുർഗുണങ്ങളുടേയും ഉറവിടം തെരുവാണെന്ന് സ്ഥാപിക്കുന്ന കോർപ്പറേറ്റ് സംസ്കാരത്തിന്റെ വക്താവായി ഇവിടെ സംവിധായകൻ ചുരുങ്ങുന്നു. സ്പിരിറ്റിന്റേയും ലൈഫ് ഈസ് ബ്യൂട്ടിഫുളിന്റേയും ചേരുവകൾ നിറഞ്ഞാടിയ ചലച്ചിത്രത്തിനൊടുക്കം നീന നടത്തുന്ന 'വിശുദ്ധഗമനം' കാമുകന്റെ കോട്ടും കെട്ടിപ്പിടിച്ച് മോങ്ങുന്ന നായികാസങ്കല്പത്തിൽ ചുരുങ്ങുന്നു. ഏകാന്ത പ്രണയത്തിന്റെ രസച്ചരട് പൊട്ടിയാലുടൻ ഒന്നുകിൽ ആത്മഹത്യ അല്ലെങ്കിൽ നാടുവിടൽ എന്ന സ്ഥിരം ഫോർമുലയിൽ നിന്നും കാലമൊത്തിരി മുന്നോട്ട് നടന്നത് നമ്മുടെ സംവിധായകൻ അറിഞ്ഞ മട്ടില്ല. അദ്ദേഹം ഇപ്പോഴും 'ചന്ദ്രനുദിക്കുന്ന ദിക്കിലെ' ഭാവുകത്വാടിമത്തത്തിലാണെന്ന് തോന്നുന്നു. പരസ്ത്രീയെ മനസാ കാമിച്ച ഭർത്താവിനെ ആലുവാ മണപ്പുറം പോൽ വിശാലമായ ഹൃദയം കൊണ്ട് ഉമ്മവെച്ചോമനിക്കുന്ന ഭാര്യാസങ്കല്പത്തിൽ തളച്ചിടാനുള്ള സംവിധായകന്റെ പാരവശ്യം ശ്രദ്ധേയമാണ്.

നീനയുടെ പ്രണയത്തിന് ഏറിവന്നാലൊരു ചുംബനവും കെട്ടിപ്പിടുത്തവും കൂട്ടിക്കിടപ്പും മതിയെന്നു തോന്നുന്ന ഘട്ടങ്ങളുമുണ്ട്. നളിനി എന്ന കോർപ്പറേറ്റ് വധുവിന് ബ്യൂട്ടിപാർലറിൽ മുഖവും കാലും മിനുക്കാൻ. ഹൈ സൊസൈറ്റി കോഫിഷോപ്പിൽ തീറ്റയാകാം. വീട്ടിലെ 'നടത്തകാരൻ സൈക്കിളിൽ' വണ്ണമൊതുക്കാം. പക്ഷേ ധരിക്കാൻ പുളിയിലക്കര നേരിയതും നെറ്റിയിൽ ഊക്കനൊരു സിന്ദൂരപ്പൊട്ടും അത്യാവശ്യമെന്ന ചേരുവ ദഹിക്കാതെ കിടക്കുന്നു.

നായികയ്ക്കൊരു ബുള്ളറ്റും കഥയിലൊരു സ്വവർഗ്ഗപ്രേമവും extra marital affair ഉം ഗുണ്ടാ സെറ്റപ്പും ഉണ്ടെങ്കിൽ ഭേഷായി എന്ന രുചിക്കൂട്ടിലേക്ക് ലാൽ ജോസും ചുരുങ്ങി. നളിനിയുടെ ആവശ്യത്തിലേറെയുള്ള വെളുപ്പും തെരുവ് സുഹൃത്തിന്റെ അസാമാന്യകറുപ്പും കരിഓയിലെന്ന വിളിപ്പേരും നീനയുടെ വെളുപ്പ് കലർന്ന തവിട്ടും ക്ഷീണിച്ച തലമുടിയും വർണ്ണവർഗ്ഗാധിക്ഷേപങ്ങളിലേക്ക് ഒരു പരിധിവരെ നീങ്ങുന്നുമുണ്ട്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും സ്ത്രീയുടെ സ്വത്വപ്രഖ്യാപനങ്ങൾ കള്ളുകുടിയും പുകവലിയുമാണെന്ന് ധരിച്ചവരായ സംവിധായകനും തിരക്കഥാകൃത്തുമാണ് ○ മലയാളസിനിമയ്ക്കുള്ളത്. കഷ്ടം!




**അവളോ? അവൾക്കു പണിയൊന്നുമില്ല. അവൾ വീട്ടമ്മയാണ്...!**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kaladi-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara

# പഴയ ജാനു



നീനജനീവ്

മുല്ലപ്പുരയ്ക്കൽ മുറ്റമടിച്ച്
ചാണം വാരി തൊഴുത്ത് കഴുകി
കൊട്ടത്തളവും കുളിമുറിയും
ചട്ടകുട്ടകമെല്ലാം ഉരച്ചു തേച്ച്
വെള്ളം കോരിക്കോരി നടുവൊടിഞ്ഞ്
വീട് തൂത്ത് നിലം തുടച്ച്
വിഴുപ്പലക്കി കുടഞ്ഞുവിരിച്ച്
പാടത്തേക്കോടുമ്പോൾ
പള്ളപാടും
“ജാമ്പോ... പഴംങ്കഞ്ഞി ഒന്നും ആയില്ല്യാ...”
ഒന്നരയും മുണ്ടും മുറുക്കി ഉടുത്ത്
തലയിൽ തോർത്തു ചുറ്റി
ചേറിലും ചളിയിലും കുമ്പിട്ടു നിന്നന്തിയാകുമ്പോൾ
വല്ലിക്കു കേറി തല്ലിത്തിരുമ്പി
കുടിയിലേക്കോടുമ്പോഴും
പള്ളപാടും
“ജാമ്പോ... ന്റെ കാര്യം”
പീട്യേന്ന് അരീം ചില്ലാനും വാങ്ങി
വെക്കലും വിളമ്പലും കഴിഞ്ഞ്
കള്ളിന്റെ ചവിട്ടും കുത്തുമേറ്റ്
നെഞ്ചത്തടിച്ച് പ്രാകുമ്പോഴും
പള്ളപാടും
കുരുപ്പേ പോയി ചത്തുടേന്ന്

# വല്യമ്മായി


സുനിതാ തോപ്പിൽ


നാലാള് താങ്ങിക്കൊടുത്ത
കാളിക്കൊമ്പൻ കരിങ്കല്ല്
ലോറീലോട്ട് തട്ടുമ്പോൾ
ചെളി തെന്നിയാണ്
മൂത്തമോള് ഓമന
കല്ലിനൊപ്പം പോയത്.
കുളിപ്പിച്ചുകെടത്തുമ്പോൾ
ആളുകൾക്ക് കാണാൻ
മുഖമില്ലായിരുന്നു അതിന്.

അള്ള് വെച്ച്
വെള്ള മണ്ണ് കൊയ്യുമ്പോൾ
മണ്ണിടിഞ്ഞാണ്
നടൂലത്തോനും പോയിക്കളഞ്ഞത്


പൊറംമെടലും തല്ലി
തെങ്ങീന്ന് വീണ എളേവൻ
മുള്ളീം തൂറീം കെടന്ന കെടപ്പാണ്
പറ്റൂലാന്ന് പണി നിർത്തി ഇരിപ്പാർന്ന
വല്യമ്മായി പിന്നേം പണിക്കെറങ്ങി
വളഞ്ഞ നടുകൊണ്ട്
ചെമടിനി പറ്റൂലാ
മെറ്റലടിക്കാം...
അടിക്കൊട്ടയ്ക്കളന്ന്
അത്താഴത്തിനിത്തിരി അരി മേടിക്കണം
കണ്ണങ്ങോട്ട് പിടിക്കണില്ല
അടിതെറ്റി
കൂടം, നഖം ചേർന്ന്
കൈ ചതച്ച് വാരുന്നു
പഴം പായ നീ ഇങ്ങനെവിരിച്ച്
തുണിക്കവറും ചായപ്പാത്രോം
തലക്കം ഭാഗത്ത് വെച്ച്
ജനറലാശുപത്രി വരാന്തയിൽ
കുടുംബസമേതം കുടിവെച്ച
വല്യമ്മായിയുടെ മുമ്പിലേക്ക്,
അരപ്പാക്കറ്റ് മോഡേൺബ്രഡും
അരഗ്ലാസ്സ് പാലും
ഉന്തിതള്ളിയടുത്ത് വരുന്നുണ്ട്
സർക്കാരാശുപത്രിയിലെ നേഴ്സ്

## പുസ്തകപരിചയം


An Amerindian woman in Guatemala
ഞാൻ, റിഗോബെർത മെഞ്ചു
ഗ്വാട്ടിമാലയിലെ അമേരിന്ത്യൻ പോരാളി
ആത്മകഥ
റിഗോബെർത മെഞ്ചു


ഞാൻ, റിഗോബെർത മെഞ്ചു
ഗ്വാട്ടിമാലയിലെ അമേരിന്ത്യൻ പോരാളി
ആത്മകഥ
റിഗോബെർത മെഞ്ചു
വിവർത്തനം
രാജൻ തുവ്വാര
സ്പാനിഷ് അധിനിവേശത്തിനെതിരെ ഗറില്ലായുദ്ധം നയിച്ച ഗ്വാട്ടിമാലയിലെ പെൺകരുത്ത്.
ബൈബിളിലെ വിമോചനാശയങ്ങളെ സമരായുധമാക്കിയ ലാറ്റിനമേരിക്കൻ പോരാളി.
പ്രകൃതിയോടും മണ്ണിനോടും ആത്മബന്ധം പുലർത്തുന്ന അമേരിന്ത്യൻഗോത്രജീവിതത്തിന്റെ നേർക്കാഴ്ചകൾ.
'ഇത് ഒരു അസാധാരണ രേഖ'
നോർവീജിയൻ
നൊബേൽ പുരസ്കാരകമ്മിറ്റി 1992
Samatha
a collective for gender justice


Benazir Bhutto
DAUGHTER OF THE EAST | AN AUTOBIOGRAPHY
കിഴക്കിന്റെ പുത്രി
ആത്മകഥ | ബേനസീർ ഭൂട്ടോ


Benazir Bhutto
DAUGHTER OF THE EAST | AN AUTOBIOGRAPHY
കിഴക്കിന്റെ പുത്രി
ആത്മകഥ | ബേനസീർ ഭൂട്ടോ
വിവർത്തനം : കബനി
ഉദിച്ചുയരുന്നതിനിടയിൽ ഒരുപാട് പ്രഭ വിതറിയ ബേനസീർ ഭൂട്ടോയുടെ ആത്മകഥ.
തൂക്കിലേറ്റപ്പെട്ട പിതാവും പാക്കിസ്താൻ പ്രധാനമന്ത്രിയുമായിരുന്ന സുൽഫിക്കർ അലി ഭൂട്ടോയുടെ അന്തിമനാളുകൾ മുതൽ ഭൂട്ടോ കുടുംബവും ജനാധിപത്യശക്തികളും നടത്തിയ ചെറുത്തുനിൽപ്പുകളുടെയും ഏറ്റുവാങ്ങേണ്ടിവന്ന പീഡനങ്ങളുടെയും അനുഭവസാക്ഷ്യം.
അതിമനോഹരമായ പരിഭാഷ.
Samatha
a collective for gender justice
സമത തൃശൂർ
₹250.00